

The most wanted, But unwanted
"IDENTITY MARK".

COLLEGE MAGAZINE 2023-24

Jamia Nadawiyya Training College, Edavanna

# THREE STAR

DECORATION & CATERING SERVICE



9447 629 236, 9037 929 236

Edavanna, Mundengara

| | |
|---|---|
| പേര് | : കാക്കപ്പുള്ളി |
| വയസ്സ് | : |
| വർഗ്ഗം | : |
| വർണ്ണം | : |
| ജാതി | : |
| മതം | : |
| ലിംഗം | : |
| രാഷ്ട്രം | : |
| ഭാഷ | : |
| ജോലി | : |
| സാമ്പത്തികം | : |
| അംഗപരിമിതി | : |
| ശരീരഘടന | : |
| സൗന്ദര്യം | : |
| ഉയരം | : |
| തൂക്കം | : |

**ചീഫ് എഡിറ്റർ:**
ഡോ. അബ്ദുൽ ഗഫൂർ. പി. കെ

**സ്റ്റാഫ് എഡിറ്റർ:**
ശരത്ത്. ആർ. വി

**സ്റ്റുഡന്റ് എഡിറ്റർ:**
ഹസ്നത്ത്. പി

**എഡിറ്റേഴ്സ്:**
ആദിൽ ബിൻ ഷരീഫ്
അമിത. എം
അഷ്ഫാഖ് ഹുസ്സൈൻ
ബാത്തിഷ്
മുഹമ്മദ് റസീഫ് അലി

**കവർ & ഡിസൈൻ:**
മുഹമ്മദ് അലി

**ചിത്രങ്ങൾ:**
നെസ്ലിൻ
മർലിയ മറിയം
ലുബാബ
മുഹമ്മദ് അലി




ഒരിക്കൽ...
കാക്കപ്പുള്ളികളുടെ സംസ്ഥാന സമ്മേളനം നടന്നു...
സംസ്ഥാനത്തിലെ എല്ലാ മനുഷ്യരിൽ നിന്നും
കാക്കപ്പുള്ളികൾ സമ്മേളനത്തിൽ പങ്കെടുത്തു...
സമ്മേളനത്തിന്റെ മുദ്രാവാക്യം ബാനറിൽ തൂങ്ങി
**' നാം ഒന്ന്, നമ്മളൊരുമിച്ച് '**





പ്രധാന കാക്കപ്പുള്ളി മൈക്കിൽ ഉച്ചത്തിൽ പറഞ്ഞു
**" നാം എല്ലാരും ഒന്നാണ്,**
**നമ്മൾക്കിടയിൽ വ്യത്യാസങ്ങളില്ല "**
ആർക്കും സംശയമില്ലാത്ത കാര്യമായിരുന്നു അത്..
കാക്കപ്പുള്ളികൾ ചുറ്റിലും നോക്കി..
എല്ലാരും തുല്ല്യർ, സമം, ഒരു പോലെ...





എങ്കിലും ചില മുറുമുറുപ്പുകൾ ആരംഭിച്ചു...

**" നമ്മള് ഒന്നാണേലും നമ്മുടെ**
**സാഹചര്യങ്ങൾ വേറെ ആണ്..**
**അത് കൊണ്ട് പ്രധാന കാക്കപ്പുള്ളിയെ**
**ഞങ്ങൾ അംഗീകരിക്കൂല.. "**

ഈ ചർച്ച പരന്നു...
ചർച്ച തീന്മേശക്ക് ചുറ്റും പരന്നു..
ചർച്ച പ്രധാന പന്തലിൽ നടന്നു..
ചർച്ച കവാടങ്ങളിൽ നടന്നു..

നമ്മളൊന്നല്ല..
കാഴ്ചയിൽ മാത്രം ഒന്നാണ്, നമ്മളിൽ നമ്മള് ഒന്നല്ല..





"ഞാൻ വെളുത്ത ശരീരത്തിൽ നിന്നും വരുന്ന കാക്കപ്പുള്ളി!!
എനിക്ക് ആദ്യം ഭക്ഷണം വേണം..!"
"ഞാൻ ഉയർന്ന ജാതിയിൽ പിറന്ന ആളുടെ കാക്കപ്പുള്ളി!!
എനിക്ക് ആദ്യത്തെ വരിയിൽ തന്നെ കസേര വേണം...!"
"ഞാൻ ഉയർന്ന രാഷ്ട്രീയ സ്ഥാനങ്ങൾ ഉള്ള ആളുടെ
കാക്കപ്പുള്ളി!!!
എനിക്ക് സ്റ്റേജിൽ തന്നെ ഇരിക്കണം...!"

ഓരോ വാദത്തിനും സഹകരിക്കാൻ പല കാക്കപ്പുള്ളികൾ
ഒന്നിച്ചു നിന്നു.. ഓരോ ചേരികൾ ആയി മാറി..
ഒന്നിലും പെടാതെ ചില കാക്കപ്പുള്ളികൾ കാഴ്ചക്കാരായി നിന്നു.
കാക്കപ്പുള്ളികളുടെ സമ്മേളനം കലഹത്തിൽ കലാശിച്ചു.







ഒരു വർഷം പിന്നിട്ടു..
സമ്മേളനം നടത്തേണ്ട വർഷം വന്നെത്തി...
കാക്കപ്പുള്ളികൾ ഓരോ ചേരികൾ തിരിഞ്ഞു
സമ്മേളനം നടത്താൻ തീരുമാനിച്ചു..

ഓരോ കാക്കപ്പുള്ളി ചേരികളുടെ സമ്മേളനത്തിനും
തലക്കെട്ട് അവർ കൊടുത്തു..

**"നാം ഒന്ന്, നമ്മളൊരുമിച്ച്.."**



മനുഷ്യർ..
ഉന്നതസൃഷ്ടികൾ..
മാറുന്ന, മറക്കുന്ന, മരിക്കുന്ന മർത്ത്യർ..

വൈവിധ്യമാണ് മനുഷ്യരെ
മനോഹരമാക്കുന്നത്; സൃഷ്ടികർത്താവിന്റെ
മനോഹാരിതയെ ബോധ്യപ്പെടുത്തുന്നത്.
നിറം, ലിംഗം, ദേശം, ഭാഷ, പണം, മതം,
സമുദായം, കക്ഷി, രാഷ്ട്രീയം,..തുടങ്ങി
മനുഷ്യഭേദങ്ങൾ നിരവധിയാണ്.
എന്തിനധികം; ചിരികൾപോലും വർണ്ണാഭം!
എന്നാൽ, സ്രഷ്ടാവിനുമുന്നിൽ
സൃഷ്ടികളെല്ലാം സമന്മാർ!
പിന്നെയെങ്ങനെയാണ് നാം അന്യരായത്?!

ഉച്ചനീചത്വങ്ങൾ കൽപ്പിച്ച്, മനുഷ്യരെ
വർഗ്ഗീയമായി വിഭജിക്കുന്നവർക്കുമുന്നിൽ
താക്കീതാവുകയാണ് _ 'കാക്കപ്പൊള്ളി'.
മഹാകിനാവുകളുടെ ഉട്ടോപ്യയല്ലിത്,
ഉപരിപ്ലവമായ കിനാശ്ശേരികളുമല്ല,
അരികുവൽക്കരണങ്ങളുടെ ലോകത്ത്
ചേർത്തുപിടിക്കലിന്റെ രാഷ്ട്രീയമാണിത്,
അസ്വാരസ്യങ്ങളോടുള്ള വിദ്യാർഥികളുടെ
കലഹമാണിത്,
അപരവൽക്കരണങ്ങളോടുള്ള പുതിയ
തലമുറയുടെ പടപ്പുറപ്പാടാണിത്.

ഒന്ന് കാതോർക്കൂ,.. നിങ്ങളും
കേൾക്കുന്നില്ലേ...?

# മലയാളിയുടെ ജാതികൾ

"ജാതി" നൂറ്റാണ്ടുകൾ പഴക്കമേറിയ ഈ വാക്കിനിന്നും ഒരു സമൂഹത്തെ ഒന്നടങ്കം ചുട്ടു ചാമ്പലാക്കാനുള്ള ശേഷിയുണ്ട്. പഴമയുടെ വേരുകൾ ഓരോന്നോരോന്നായി കടപുഴകി വീഴുമ്പോഴും വലിയൊരു വടവൃക്ഷം കണക്കെ ജാതി എങ്ങും പടർന്നുപന്തലിച്ചു കൊണ്ടിരിക്കുന്നു. മനുഷ്യന്റെ രക്തധമനിയിൽ ഒരു ഇത്തിൽക്കണ്ണി കണക്കെ പടർന്നുകയറിയ ഇത് കൊല്ലുവാൻ ശേഷിയുള്ള കാള കൂടവിഷമായി രൂപാന്തരം പ്രാപിച്ചു എന്നത് അവിശ്വസനീയമായ ഒന്നുതന്നെ. ഒരു കുഞ്ഞു പിറവി എടുക്കുന്നതിനു മുമ്പ് അവന്റെ ജാതി എഴുതിത്തിട്ടപ്പെടുത്തി വെച്ചിരിക്കും. നിറം, തൊഴിൽ അങ്ങനെ തുടങ്ങി നിരവധി മാനദണ്ഡങ്ങൾ. ജാതിയുടെ പൊയ് മുഖങ്ങൾ ഏറെ കണ്ടിട്ടുണ്ടാവുക കേരളീയർ തന്നെയാകും. ചരിത്രത്താളുകളിലേക്ക് അടർത്തി മാറ്റപ്പെട്ടുവെങ്കിലും ചിതലുകൾക്ക് കാർന്നു തിന്നുവാൻ ഇനിയും ഏറെ സമയം അനിവാര്യമായി, ഏറെ വിദൂരമല്ലാത്ത ഒരിടത്ത് അവ നിലകൊള്ളുന്നു.

"കേരളം ഒരു ഭ്രാന്താലയമാണ്"- സ്വാമി വിവേകാനന്ദന്റെ ഈ വാക്കുകളിൽ തുടങ്ങുന്നു കേരളത്തിലെ ജാതിയുടെ ദൃശ്യങ്ങൾ. സാമൂതിരിയും വള്ളുവക്കോനാതിരിയും തിരുവിതാംകൂർ രാജവംശവുമെല്ലാം കേരള ഭരണ വ്യവസ്ഥയിൽ പ്രതിഷ്ഠിക്കപ്പെട്ട കാലം മുതൽക്കുതന്നെ ജാതിയുടെ അടിത്തറ വളരെ ശക്തമായി കെട്ടിയുറപ്പിച്ചിരുന്നു.

മനുസ്മൃതിയുടെ കൂട്ടുപിടിച്ച് അവയ്ക്ക് ചുമരുകൾ രൂപപ്പെട്ടു. നല്ല ബലമുള്ള പുറംച്ചട്ട. ബ്രഹ്മാവിന്റെ തോളിൽ നിന്നും ബ്രാഹ്മണനും കൈ മുട്ടിൽ നിന്ന് ക്ഷത്രിയനും കാൽമുട്ടിൽ നിന്ന് വൈശ്യനും കാൽപാദങ്ങളിൽ നിന്ന് ശൂദ്രനും, അങ്ങനെയായി പിന്നീടുള്ള വാദം.

മരങ്ങൾക്ക് ശാഖകൾ മുളക്കുന്നത് പോലെ അത് പിന്നെയും വ്യാപിച്ചു. നമ്പൂതിരി, നായർ, തിയ്യൻ, പാണൻ, പുലയൻ തുടങ്ങിയ ജാതികളും അതിനുള്ളിൽ നിരവധി ഉപജാതികളും. ഈ ജാതികൾ തമ്മിൽ ദൂരം നിശ്ചയിക്കപ്പെട്ടു.



ബ്രഹ്മാവിന്റെ കാൽപാദങ്ങളിൽ നിന്നും രൂപം കൊണ്ടത്കൊണ്ട് അവർ താഴ്ന്നവർ എന്ന നാമധാരികളായി. മറ്റുള്ളവർക്ക് അവരെ കണ്ടുകൂടത്രേ. കണ്ടാൽ അശുദ്ധമാണെന്ന്. അന്ന് ഉയർന്ന് വന്നതാണ് താഴ്ന്നവനെന്നും ഉയർന്നവനെന്നുമുള്ള വാക്കുകൾ. അയിത്തവും അശുദ്ധിയും തീണ്ടലും തൊടീലും സമാന വാക്കുകളാണ്.

ബ്രിട്ടീഷുകാർക്ക് ഇത് പറനിറയെ നെല്ലു കിട്ടിയ എലിയുടെ സുഖമായിരുന്നു. ചേരിതിരിവിനും വിഭജനത്തിനും ജാതിയെ അവർ കരുവാക്കി. കേരളത്തിൽ ജാതീയത കൊടികുത്തി വാഴുവാൻ ഏറിയ പങ്കും കാരണക്കാർ ഇവർ തന്നെയായിരുന്നു എന്ന് വേണം പറയാൻ.

കാലം ബഹുദൂരം സഞ്ചരിച്ചു. അത്യുന്നതയിൽ എത്തിനിൽക്കുമ്പോഴും പണ്ടപ്പോഴോ മണ്ണിട്ടുമൂടിയ ജാതീയത ഇളകി പൊന്തി പുറത്തേക്ക് വരുന്നു. എത്രയെത്ര വാർത്തകൾ, ജാതിയുടെ പേരിലുള്ള ദുരഭിമാനക്കൊലകൾ! ഒന്നും മാറിയിട്ടില്ല....

മനുഷ്യന്റെ മനസ്സിൽ അഴുകി ദ്രവിച്ച ദുർഗന്ധം വമിക്കുന്ന ജാതീയ ചിന്തകൾക്ക് തെല്ലൊരനക്കവും സംഭവിച്ചിട്ടില്ല. ഒളിഞ്ഞും തെളിഞ്ഞും അത് സമൂഹത്തിൽ വ്യാപിച്ചുകൊണ്ടിരിക്കുകയാണ്.

ഒന്നേ പറയാനുള്ളൂ ഒരു ചലച്ചിത്ര ദൃശ്യത്തിലെ വാക്കുകൾ പോലെ "മതമല്ലേ മാറാൻ പറ്റൂ ജാതി മാറാൻ പറ്റില്ലല്ലോ "....

നവമി അരവിന്ദ്
സോഷ്യൽ സയൻസ്



വിവേചനങ്ങൾ; ക്യാമ്പസിന് പറയാനുള്ളത് >>



# കറുക്കുട്ടി

"അമ്മേ ഇന്ന് അമ്മേന്റെ ഉടായിപ്പ് നടക്കൂല". ആമി അമ്മയോട് തീർത്ത് പറഞ്ഞു. പുതിയ കഥ പറഞ്ഞു കൊടുക്കാത്തതിന്റെ വാശിയിലാണ് അവൾ. വീണയാവട്ടെ ദിവസങ്ങളായി പറഞ്ഞ കഥ  തന്നെ പറഞ്ഞുകൊടുത്ത് അവളെ പറ്റിക്കുകയാണ്.

എന്നാൽ ഇന്നിനി രക്ഷപ്പെടാൻ പറ്റില്ല. കാരണം ആമി അത്രക്ക് സ്ട്രോങ്ങ് ആണ്. ഒടുവിൽ നീണ്ട ആലോചനയ്ക്കു ശേഷം വീണയ്ക്ക് ഒരു കഥ കിട്ടി. അവൾ പറഞ്ഞു തുടങ്ങി. "പണ്ട് പണ്ട് ഒരു പെൺകുട്ടി ണ്ടേന്നു. ആ കുട്ടി നന്നായി ഡാൻസ് കളിക്കുമായിരുന്നു".

പുതിയ കഥയാണെന്ന് ഉറപ്പായപ്പോൾ ആമി ചിരിച്ചു കൊണ്ട് അമ്മയുടെ വശത്തേക്ക് തിരിഞ്ഞു കിടന്നു. "എന്നിട്ട്?". വീണ ബാക്കി പറഞ്ഞു തുടങ്ങി. "എന്നിട്ടെന്താ.. ഡാൻസൊക്കെ കളിച്ച് അവൾക്ക് കൊറേ സമ്മാനങ്ങളൊക്കെ കിട്ടി തുടങ്ങി". സമ്മാനം കിട്ടിയ സന്തോഷം ആമിയുടെ മുഖത്തു നിന്നും വീണ വായിച്ചെടുത്തു. "കൊറേ സമ്മാനം കിട്ടിയോ?" "ഉം... കൊറേ കിട്ടി...,പക്ഷെ പെട്ടന്നൊരു ദിവസം ഇനി മുതൽ ഡാൻസ് കളിക്കണ്ട എന്ന്  ടീച്ചർ അവളോട് പറഞ്ഞു. പിന്നെ ആ കുട്ടി ഡാൻസ് കളിച്ചില്ല. സമ്മാനം വേറെ ആരൊക്കെയോ കൊണ്ടു പോയി ". ആമിയുടെ മുഖം വാടി. "അതെന്താ? ആ കുട്ടി കളിക്കണ ഡാൻസ് കാണാൻ ഭംഗി ഇല്ലേ?" ആമിയുടെ ചോദ്യം കേട്ട് വീണ ചെറുതായൊന്ന് ചിരിച്ചു. "കൂട്ടത്തിൽ ഏറ്റവും നല്ല ഡാൻസുകാരി അവളായിരുന്നു". അപ്പൊ ആമിക്ക് സംശയം."പിന്നെന്തിനാ ടീച്ചർ അങ്ങനെ പറഞ്ഞെ?". വീണ ഇപ്രാവശ്യം പെട്ടന്ന് മറുപടി നൽകി."ആ കുട്ടി കറുത്ത കുട്ടിയായിരുന്നു". അവളെ ഞെട്ടിച്ചു കൊണ്ട് ആമിയുടെ മറുപടി വന്നത് പെട്ടന്നായിരുന്നു."അയ്യേ.. കറുത്ത കുട്ടി ആണോ? കറുത്ത കുട്ട്യാളെ ഇയ്ക്ക് ഇഷ്ടല്ല". അതുവരെ ചിരിച്ചു നിന്ന അവളുടെ മുഖത്ത് എത്ര പെട്ടന്നാണ് കുറുമ്പ് വന്നതെന്ന് ഓർത്ത് വീണ അമ്പരന്നു പോയി."അതെന്തു പറ്റി". ആമി വളരെ വേഗത്തിൽ കട്ടിലിൽ കയറിയിരുന്നുകൊണ്ട് വീണയോട് പറഞ്ഞു." എന്റെ ഫേവറൈറ്റ് മിസ്സ് ഗീതമിസ്സാ. മിസ്സ് പറഞ്ഞു, കറുത്ത കുട്ടികളൊക്കെ ചീത്തയാന്ന്. അതോണ്ട് ഇയ്ക്ക് കറുത്ത കുട്ട്യാളെ ഇഷ്ടല്ല". വീണക്ക് ലോകം കീഴ്മേൽ മറിയുന്ന പോലെ തോന്നി. അവൾ പെട്ടന്ന് കഥ അവസാനിപ്പിച്ച് റൂമിലെ ലൈറ്റ് അണച്ചു. അവൾ കണ്ണുകൾ മുറുക്കിയടച്ചു. കഥയിലെ ആ പെൺകുട്ടി അവളാണെന്ന് ഇരുട്ട് മാത്രമറിഞ്ഞു.

ഹാരിക
സോഷ്യൽ സയൻസ്




വാർത്തമാനകാലത്ത് ജാതിയുടെ പേരിലും വർഗ്ഗത്തിന്റെ പേരിലും ആളുകളെ വേർതിരിക്കുന്നു. ഇതൊന്നും പാടില്ല.

Mujeeb Rahman
Office Staff

# 'നൂറു സിംഹാസനങ്ങൾ'; ഇന്ത്യൻ ജാതിവെറിയുടെ നേർകാഴ്ചകൾ

മനുഷ്യനെ വർണത്തിന്റെയും വംശത്തിന്റെയും അടിസ്ഥാനത്തിൽ വേർതിരിച്ചു കാണുകയും, താഴ്ന്ന ജാതിയെന്ന് മുദ്രകുത്തി അരികുവത്കരിച്ച് സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്ന് മാറ്റിനിർത്തുകയും ചെയ്യുന്ന നെറികെട്ട ജാതീയത ലോകത്തിന്റെ വിവിധ കോണുകളിൽ നൂറ്റാണ്ടുകളായി തുടർന്നുപോരുന്നുണ്ട്. ദൈവം എല്ലാ മനുഷ്യരെയും തുല്യരായാണ് സൃഷ്ടിച്ചിട്ടുള്ളത്. വ്യത്യസ്ത ഗോത്രങ്ങളും വർണങ്ങളും വർഗങ്ങളുമൊക്കെ പരസ്പരം തിരിച്ചറിയപ്പെടാനുള്ള മാർഗങ്ങൾ മാത്രമാണ്. അതുകൊണ്ട് സമത്വത്തിനും തുല്യതക്കുമുള്ള അവകാശം ഓരോരുത്തർക്കുമുണ്ട്. ഇന്ത്യൻ ഭരണഘടനയുടെ മൂന്നാം ഭാഗത്തിൽ മൗലികാവകാശങ്ങളെപ്പറ്റി പറയുന്നിടത്ത് ഏറ്റവും ഒന്നാമതായി സമത്വമാവകാശം എണ്ണുന്നുണ്ട്.

ഭരണഘടനയുടെ 17ാം വകുപ്പ് അയിത്താചരണം നിരോധിക്കുമ്പോഴും ഇന്ത്യയിലുടനീളം തൊട്ടുകൂടായ്മയും തീണ്ടിക്കൂടായ്മയും ഇന്നും നിലനിൽക്കുന്നുണ്ട്. സാമൂഹിക രാഷ്ട്രീയ വിദ്യാഭ്യാസ രംഗങ്ങളിലെല്ലാം ജാതീയത ഒളിഞ്ഞും തെളിഞ്ഞും നിലനിൽക്കുന്നു. പേരിനൊപ്പമുള്ള ജാതിവാലും കുടുംബ മഹിമയുമെല്ലാം വലിയ പ്രിവിലേജായി ആഘോഷിക്കുന്നവർ ജാതീയതയിൽ പരസ്യമായി അഭിമാനം കൊള്ളുന്നു. താഴ്ന്ന ജാതി എന്ന് മുദ്രകുത്തപ്പെട്ടവരുടെ സാമൂഹികമായ ഉയർച്ചയെ തടസ്സപ്പെടുത്താൻ പോന്ന എല്ലാ പ്രവർത്തനങ്ങളും ഒളിഞ്ഞും തെളിഞ്ഞും ഇന്നും സമൂഹത്തിൽ അരങ്ങേറുന്നു. ജന്മം കൊണ്ട് തങ്ങളാണ് ഉയർന്ന ജാതിയെന്നും മറ്റുള്ളവർ അടിമകൾക്ക് തുല്യരാണെന്നും സവർണർ പ്രത്യക്ഷമായും പരോക്ഷമായും പ്രഖ്യാപിക്കുന്നു.

ജാതീയതക്കെതിരെ ലോകസാഹിത്യങ്ങളിൽ ഒരുപാട് കൃതികൾ രചിക്കപ്പെട്ടിട്ടുണ്ട്. വ്യത്യസ്ത കാലഘട്ടങ്ങളിൽ എഴുതപ്പെട്ട കൃതികൾ പരിശോധിക്കുമ്പോൾ അന്നത്തെ സാമൂഹികവും സാംസ്കാരികവുമായ ഒരു നേർചിത്രം നമുക്ക് ലഭിക്കും. വംശീയമായും ലിംഗപരമായും അടിച്ചമർത്തപ്പെട്ട ജനവിഭാഗങ്ങൾക്കിടയിൽ നിന്ന് എഴുതപ്പെട്ട ഒരുപാട് മികച്ച രചനകളുണ്ട്. ജനനത്തിന്റെ അടിസ്ഥാനത്തിൽ സാമൂഹിക സാമ്പത്തിക വിദ്യാഭ്യാസ രംഗങ്ങളിലെല്ലാം അരികുവത്കരിക്കപ്പെട്ട ഒരുപാടാളുകളുണ്ട്. അവർക്കിടയിൽ നിന്ന് ഉയർന്നുവന്ന തുല്യനീതിക്കും സമത്വത്തിനും വേണ്ടിയുള്ള സാഹിത്യ ശബ്ദങ്ങളാണ് 'ദളിത് സാഹിത്യം', 'കീഴാള സാഹിത്യം' എന്നെല്ലാം അറിയപ്പെടുന്നത്.

കീഴാളൻ, താഴ്ന്ന ജാതി, ദളിതൻ തുടങ്ങിയ വ്യവഹാരങ്ങൾ കൊണ്ട് മുഖ്യധാരാ പൊതുബോധം അഭിസംബോധന ചെയ്യുന്ന വിഭാഗങ്ങൾ, തങ്ങൾ നേരിടുന്ന സാമൂഹിക വെല്ലുവിളികൾ, കഷ്ടപ്പാടുകൾ, തങ്ങളുടെ ചരിത്രം, സംസ്കാരം, സമരം, രാഷ്ട്രീയം തുടങ്ങിയ പ്രമേയങ്ങൾ ഉൾപ്പെടുത്തി രചിക്കുന്ന എല്ലാ കൃതികളെയും ദളിത് സാഹിത്യം എന്നു പറയാം. ലോകത്തിന്റെ ഏതു കോണിലും മനുഷ്യൻ അടിമയാക്കപ്പെടുന്ന വ്യവസ്ഥകളെ എതിർക്കുന്നവനാണ് ദളിത് സാഹിത്യകാരൻ. കീഴാളന്റെ ജീവിത പരിസരങ്ങൾ പ്രമേയമാക്കി ആ വിഭാഗത്തിന് പുറത്തുള്ളവർ രചിച്ചതും, ദളിതൻ ദളിതനു വേണ്ടി തന്നെ രചിച്ചതുമായ ഒരുപാട് സാഹിത്യ കൃതികൾ നമ്മുടെ ഭാഷയിലുണ്ട്. അതിലൊന്നാണ് ജയമോഹന്റെ 'നൂറ് സിംഹാസനങ്ങൾ' എന്ന കൃതി.

നായാടി വംശത്തിൽ പിറന്ന്, സമൂഹത്തിന്റെ ജാതീയമായ എല്ലാ വേർതിരിവുകളും പീഡനങ്ങളും അവഗണകളും നേരിട്ട്, അവസാനം കഠിനപ്രയത്നത്തിലൂടെ അധികാരത്തിന്റെ ഉന്നത പദവികളിലൊന്നായ കളക്ടർ സ്ഥാനത്തെത്തിയ ധർമപാലൻ എന്ന യുവാവിന്റെ കഥയാണ് 'നൂറ് സിംഹാസനങ്ങൾ' എന്ന നോവലിലൂടെ ജയമോഹൻ പറഞ്ഞുവക്കുന്നത്. ധർമപാലന്റെ അമ്മയിൽ

നിന്നാണ് കഥ ആരംഭിക്കുന്നത്. താഴ്ന്ന ജാതിക്കാരെയും ആർക്കും വേണ്ടാത്തവരെയും ചികിത്സിക്കുന്ന കഴുതച്ചന്ത ആശുപത്രിയിലെ മൂന്നാമത്തെ ഷെല്ലിൽ ഒരു ദ്രവിച്ച തുണിനു താഴെ അർദ്ധനഗ്നയായി അമ്മ കിടക്കുന്ന കാഴ്ച ധർമപാലൻ കാണുന്നു. ഇതിലൂടെ നോവലിന്റെ ആദ്യ അദ്ധ്യായത്തിൽ തന്നെ അഴുക്കുചാലിൽ ജീവിക്കേണ്ടി വരുന്ന വിഭാഗത്തിന്റെ നേർചിത്രം വരച്ചിടുന്നു.

കഴുതച്ചന്ത ആശുപത്രിയിലെ ഡോക്ടർ ധർമപാലനോട് ബോധിപ്പിക്കുന്ന സങ്കടത്തിൽ, താഴ്ന്ന ജാതിയിൽ പിറന്നവൻ സമൂഹത്തിലെ എത്ര ഉന്നതമായ പദവിയിൽ എത്തിയാലും അവഗണനകൾ നേരിടേണ്ടി വരുന്നതിനെപ്പറ്റി സൂചിപ്പിക്കുന്നുണ്ട്. "സാർ, ഞാൻ എസ്. സി കോട്ടയിൽ വന്നവനാ. എന്നെപ്പോലുള്ള ആളുകൾക്ക് ഇവിടെ ഒരു സ്ഥാനവുമില്ല. വൃത്തികെട്ട ഏതോ ഒരു പ്രാണിയെ നോക്കുന്നതു മാതിരിയാണ് എന്നെ ഇവരു നോക്കുന്നത്. ഞാൻ സർവീസിൽ കയറി ഇപ്പോൾ പതിനെട്ടു കൊല്ലം കഴിഞ്ഞിരിക്കുന്നു. ഇന്നുവരെ അന്തസ്സായിട്ട് ചെയറിലിരുന്ന് രോഗികളെ നോക്കിയിട്ടില്ല. സർവീസു മുഴുവൻ പോസ്റ്റ്മോർട്ടം ചെയ്യാനും ഇതുപോലുള്ള സ്ഥലങ്ങളിൽ പണിയെടുക്കാനുമാ സാർ എന്റെ യോഗം. ഇവിടെ വലിയ ജാതിയിലുള്ള ഒരൊറ്റ ആളുമില്ല. ഒരു ഡോക്ടറാവണമെന്ന് സ്വപ്നം കണ്ട് രാവും പകലും ഇരുന്ന് പഠിച്ചു.



ഇതൊന്നും അനുവദിക്കാൻ പാടില്ല. ജാതീയത എടുത്തുകളയുക

Suganya
Staff

പട്ടിണി കിടന്ന് പഠിച്ചവനാ സാർ... ഇതാ തോട്ടികളുടെ ഒപ്പം തോട്ടി ഡോക്ടറായി എന്നെ ഇരുത്തിയിരിക്കുന്നു." അതിനു ധർമപാലന്റെ മറുപടി ഇപ്രകാരമായിരുന്നു: "മാണിക്യം... വേറെ പണിക്കു പോയാലും ഇതുതന്നെയാ ഗതി. സിവിൽ സർവീസ് എഴുതി എന്നെപ്പോലെ ആയാലും വേറെ മാർഗം ഇല്ല. ഞാൻ സിവിൽ സർവീസിലെ തോട്ടിയാ...!

നായാടി എന്ന വർഗത്തെപ്പറ്റി അടുത്തറിയാനും അവർ സമൂഹത്തിൽ നിന്ന് എത്രത്തോളം ആട്ടിയകറ്റപ്പെട്ടു എന്ന് ആഴത്തിൽ അറിയാനും നോവൽ അവസരമൊരുക്കുന്നു. ധർമപാലൻ സിവിൽ സർവീസ് ഇന്റർവ്യൂ ബോഡിന് മുന്നിൽപോയി ഇരിക്കുമ്പോൾ ആദ്യ ചോദ്യമായ ജാതിയെപ്പറ്റിയുള്ള ചോദ്യത്തിന് നൽകുന്ന മറുപടിയിൽ തന്നെ നായാടികൾ എന്ന ജാതിയെപ്പറ്റി എല്ലാമുണ്ട്: "നായാടികൾ അലഞ്ഞു തിരിയുന്ന കുറവരാണ്. ഇവരെ കണ്ടാൽത്തന്നെ അയിത്തമാണ് എന്നായിരുന്നു വിശ്വാസം. അതുകൊണ്ടു പകൽവെട്ടത്തിൽ സഞ്ചരിക്കാനുള്ള അവകാശം ഇവർക്കില്ലായിരുന്നു. ഇവരെ നേർക്കുനേർ കണ്ടാൽ ഉടൻതന്നെ ഉയർന്ന ജാതിക്കാർ ഒച്ചയും ബഹളവും ഉണ്ടാക്കി ആളെക്കൂട്ടി ചുറ്റിവളഞ്ഞ് കല്ലെടുത്തെറിഞ്ഞു കൊല്ലുകയാണ് പതിവ്. അതുകൊണ്ട് ഇവർ പകൽ മുഴുവൻ കാടിന്റെയുള്ളിൽ ചെടികളുടെ ഇടയ്ക്ക് കുഴിതോണ്ടി അതിൽ കുഞ്ഞുകുട്ടികളോടെ പന്നികളെപ്പോലെ ഒളിച്ചിരിക്കുകയാണ് പതിവ്. രാത്രി പുറത്തേക്കിറങ്ങി ചെറു പ്രാണികളെയും പട്ടികളെയും നായാടിപ്പിടിക്കും. ഇവർ മൂധേവിയുടെ അംശമുള്ളവരാണെന്ന വിശ്വാസം ഉള്ളതുകൊണ്ട് ഇവർക്കു തവിട്, എച്ചിൽഭക്ഷണം, ചീഞ്ഞ വസ്തുക്കൾ തുടങ്ങിയവയെ ചിലർ വീട്ടിന്ന് വളരെ അകലെ കൊണ്ടുവയ്ക്കുന്ന പതിവുണ്ട്. ഇവർ കയ്യിൽ കിട്ടുന്ന എന്തും തിന്നും. പുഴുക്കൾ, എലികൾ, ചത്തുപോയ ജീവികൾ എല്ലാം ചുട്ടുതിന്നും. മിക്കവാറും പച്ചക്കറികളും കിഴങ്ങുവർഗങ്ങളും പച്ചയായിത്തന്നെ കഴിക്കും. പൊതുവേ ഇവർ കുറിയ കറുത്ത മനുഷ്യരാണ്. നീളമുള്ള വെളുത്ത പല്ലുകളും വലിയ വെളുത്ത കണ്ണുകളും ഉള്ളവർ. ഇവരുടെ ഭാഷ പഴന്തമിഴാണ്. ഇവർക്ക് ഒരു കൈത്തൊഴിലും അറിയില്ല. ഇവരുടെ കൈയിൽ സ്വന്തമായി യാതൊരു വസ്തുക്കളും ഉണ്ടായിരിക്കില്ല. ഇവർക്കു സ്ഥിരമായ പാർപ്പിടം ഇല്ല എന്നതുകൊണ്ടുതന്നെ ഇവരെ ഒരിടത്തും സ്ഥിരമായി കാണാൻ കഴിയുകയില്ല. തിരുവിതാംകൂറിൽ ഇവർ എത്ര പേരാണ് ഉള്ളത് എന്നു കൃത്യമായി പറയാൻ കഴിയില്ല. ഇവരെക്കൊണ്ട് സർക്കാരിന് യാതൊരു വരുമാനവും ഇല്ല."

"നിങ്ങൾ ഓഫീസറായി പണിയെടുക്കുന്ന സ്ഥലത്ത് നിങ്ങൾ വിധി പറയേണ്ട ഒരു കേസിൽ ഒരു ഭാഗത്ത് ന്യായവും മറുഭാഗത്ത് ഒരു നായാടിയും ഇരുന്നാൽ നിങ്ങൾ എന്ത് തീരുമാനമാണ് എടുക്കുക.?" എന്ന മറ്റൊരു ചോദ്യത്തിന് "ഒരു നായാടിയെയും മറ്റൊരു മനുഷ്യനെയും രണ്ടു വശത്തും നിർത്തുകയാണെങ്കിൽ സമത്വം എന്ന ധർമത്തിന്റെ അടിസ്ഥാനത്തിൽ ആ ക്ഷണംതന്നെ നായാടി അനീതിക്കിരയാവാനായി മാറിക്കഴിഞ്ഞു. "അവൻ എന്ത് ചെയ്തിട്ടുണ്ടെങ്കിലും അവൻ നിരപരാധിയാണ്" എന്ന മറുപടി പറയുകവഴി ആ ജാതി നേരിട്ട വിവേചനത്തിന്റെയും അടിച്ചമർത്തലിന്റെയും തീക്ഷ്ണത അനാവരണം ചെയ്യപ്പെടുന്നു.

പിറന്ന ജാതിയുടെ പേരിൽ മനുഷ്യനെ അരികുവത്കരിക്കുന്ന നെറികെട്ട സാമൂഹിക വ്യവസ്ഥക്കെതിരെയുള്ള ശക്തമായ രോഷമാണ് ഈ നോവൽ. താഴ്ന്ന ജാതിയിൽ പിറന്നവൻ സമ്പത്ത് കൊണ്ടോ അധികാരം കൊണ്ടോ ഉന്നതമായ സാമൂഹിക പദവികൾ കൊണ്ടോ എത്ര മുകളിലെത്തിയാലും, അധികാരത്തിന്റെ നൂറ് സിംഹാസനങ്ങൾ പണിതാലും, അവർണർ, ദളിതൻ, കീഴാളൻ എന്നിങ്ങനെയുള്ള അഭിസംബോധനങ്ങളിൽ നിന്ന് രക്ഷപ്പെടാൻ അവനെ സമൂഹം അനുവദിക്കില്ല എന്ന ദയനീയമായ അവസ്ഥ നോവൽ നമുക്കു മുന്നിൽ തുറന്നുകാണിക്കുന്നു. ഈ സാഹചര്യം മാറാൻ മനുഷ്യനെ അടിമയാക്കി അടിച്ചമർത്തുന്ന നിലവിലെ സാമൂഹിക അധികാര വ്യവസ്ഥ തകർത്ത് അവർണനെന്ന് മുദ്രകുത്തപ്പെട്ടവനെ കൈപിടിച്ചുയർത്താൻ പോന്ന സാംസ്കാരികമായ വളർച്ച നാം കൈവരിച്ചേ മതിയാവൂ.

**അംജദ് അമീൻ കാരപ്പുറം**
**അസിസ്റ്റന്റ് പ്രൊഫസർ, ജാമിഅഃ**



വേദന കടിച്ചമർത്തികൊണ്ടവളാ
കുഞ്ഞിന് ജന്മം നൽകി മാറോടണയ്ക്കുന്നേരം
പിറുപിറുക്കുന്നൊരു ശബ്ദം..
**കുട്ടി കറുത്തിട്ടാണ്.....**

ഹസന ബീവി
ഇംഗ്ലീഷ്

# കറുപ്

മറ്റുള്ളവരുടെ കുറ്റവും കുറവും കാണാൻ നടക്കുന്നവർ
ആദ്യം അവരുടെ ഉള്ളിലേക്ക് നോക്കട്ടെ....

Rizwana Hussain
English

# വരിഞ്ഞുമുറുകുന്ന വിലങ്ങൾ

"അമ്മേ ഞങ്ങളിറങ്ങുവാ ... പോയേച്ചും വരാം "... അച്ഛന്റെ പിന്നിൽ കയറി അവൾ കൈ വീശി കാണിച്ചു. നറു പുഞ്ചിരിയോടെ ഉമ്മറപ്പടിയിൽ നിന്ന് അമ്മ മൗനാനുവാദമേകി.
"പിടിച്ചിരുന്നോട്ടോ അമ്മൂ"
"മ്മ്"
"എല്ലാം എടുത്തില്ലേ... മറന്നില്ലല്ലോ ."
ഇല്ലെന്ന് തലയാട്ടുന്നതോടൊപ്പം എല്ലാം നോക്കി ഉറപ്പു വരുത്തി. കാഴ്ചകൾ പിന്നിലാക്കിക്കൊണ്ടവർ മുന്നോട്ട് നീങ്ങി ... വേഗത കൂടിയ കാറ്റിൽ ഉലയുന്ന മുടിയിഴകളെ അവൾ വകഞ്ഞു മാറ്റി ചെവിക്കൂടയിലൊളിപ്പിച്ചു ... കണ്ണുകൾ ഇമ ചിമ്മി കാറ്റിനെ വരവേറ്റിരുന്നു... ഓർമ്മകളും കാറ്റിലൊഴുകി.... അതിലൊരു സ്കൂളും കുറേ കുട്ടികളും തെളിഞ്ഞു. കളിചിരികൾ ... ഇണക്കങ്ങൾ ... പിണക്കങ്ങൾ ... എല്ലാം കഴിഞ്ഞല്ലോ എന്നോർത്തപ്പോൾ ഉള്ളൊന്ന് പിടഞ്ഞു ... കണ്ണുകൾ വലിച്ചു തുറന്നു .... കവലയിലെത്തിയിരിക്ക്ണു.... അച്ഛൻ വണ്ടിയുടെ വേഗത കുറച്ചു പതുക്കെയാക്കി. രണ്ടു പേരുടേയും കണ്ണുകൾ എന്തിനേയോ തിരഞ്ഞു ... പതുക്കെ ആ ചൊടികളിൽ പുഞ്ചിരി വിടർന്നു. മുന്നിൽ ഒരു ഫ്ലക്സ് തെളിഞ്ഞു.
'അമൃത  Full A+  അഭിനന്ദനങ്ങൾ...' അതിനേയും മറികടന്നുപോകുമ്പോൾ അച്ഛൻ സംസാരിച്ചുതുടങ്ങി ...
" മോളേ"
"മ്മ്"
"ഇനീപ്പോ പുതിയ സ്കൂളാണ് ... പുതിയ കൂട്ടുകാരാണ് ...ന്റെ കുട്ടി നന്നായി പഠിക്കണം ... വലിയ നിലയിലെത്തണം ...."

തലയാട്ടിക്കൊണ്ടവൾ അച്ഛനു കാതോർത്തിരുന്നു ... പരീക്ഷക്കു വേണ്ടി ഉറക്കമിളച്ചു പഠിച്ചതും ... അവസാനം   താൻ ആഗ്രഹിച്ചതു പോലൊരു വിജയം കൈവന്നതും ഓർത്തപ്പോൾ അവളുടെ ഉള്ളു നിറഞ്ഞു ...
"എത്തീട്ടോ"
അച്ഛന്റെ വിളി അവളെ ചിന്തകളിൽ നിന്നുണർത്തി ... ചുറ്റിലും കണ്ണോടിച്ചവൾ വണ്ടിയിൽ നിന്നിറങ്ങി 'വലിയ സ്കൂളാണ് ഒരു പാട് ആളുകളുണ്ട് ... തങ്ങളെ പോലെത്തന്നെ ചേരാൻ വന്നതായിരിക്കും ...' അവൾ അച്ഛനോരം ചേർന്ന് നടന്നു ... അച്ഛനാരോടൊക്കെയോ സംസാരിച്ചിരുന്നു. അവൾ ഒരു ബെഞ്ചിന്റെയറ്റത്ത് സ്ഥാനം പിടിച്ചിരുന്നു.... കണ്ണിലുടക്കുമ്പോൾ പുഞ്ചിരി നൽകിയവർക്ക് അവളും മറുപുഞ്ചിരിയേകി ....
കാത്തിരിപ്പിനൊടുവിൽ പേരു വിളിച്ചു ... വലിയ ഓഫീസ് റൂം... ഒരുപാട് അധ്യാപകർ ... മുന്നിൽ ചെന്നിരുന്നയുടനെ പേരും വിവരങ്ങളും ചോദിച്ചു തുടങ്ങി... ഉത്സാഹത്തോടെ പറഞ്ഞു തുടങ്ങിയ മറുപടികൾ...
"ജാതി"
"ST"
മറുപടിയിൽ തങ്ങിയ അയാളുടെ നോട്ടത്തിൽ അവളൊന്നു മങ്ങി ...
"റിസർവേഷനിലാണോ കയറിയത്"
"അല്ലാ .. ഓപൺ കാറ്റഗറിയിലാണ്"
അയാളൊന്നിരുത്തി നോക്കി അടുത്തിരുന്നവരോടെന്തോ അടക്കം പറഞ്ഞു...
" ഉറപ്പാണോ"
"അതേ" അധ്യാപികയുടെ ചോദ്യത്തിന് അവൾ

തലയാട്ടിയതോടൊപ്പം അച്ഛനും കൂടെ പറഞ്ഞു ... അവൾ അച്ഛനെയൊന്നു നോക്കി ആ മുഖവും വല്ലാണ്ടായിരിക്കണ്ണു...
"അങ്ങനെ വരാൻ വഴിയില്ലല്ലോ ...."
 പിറുപിറുത്തു കൊണ്ടവർ അവരെ മറ്റൊരു മുറിയിലേക്കിരുത്തി ... അടുത്ത കുട്ടികളെ വിളിക്കാൻ തുടങ്ങി ... അവർ അവരോട് ഇരിക്കാൻ പറഞ്ഞു. മലയാളം ഇംഗ്ലീഷ് ടെക്സ്റ്റ് ബുക്കുകൾ അവൾക്കു മുന്നിൽ വെച്ച് വായിക്കാൻ പറഞ്ഞു ... ആ ശീതികരിച്ച മുറിയിലും അവർ രണ്ടു പേരും വിയർത്തുനിന്നു. അവളുടെ ഹൃദയം വല്ലാതെ മിടിച്ചു തുടങ്ങി ... വായിച്ചു തുടങ്ങിയപ്പോൾ വാക്കുകൾ പലതും തൊണ്ടയിൽ കുരുങ്ങി ... അച്ഛനും അവളെ നിസ്സാഹയതയോടെ നോക്കി നിന്നു ...മറ്റൊരാൾ വന്ന് അവരോട് അടക്കം പറഞ്ഞതും അവർ അവളോട് നിർത്താനാവശ്യപ്പെട്ടു... പിന്നീടങ്ങോട്ട് അവൾ ഒരു മായാലോകത്തെന്നപോലെ യാന്ത്രികമായി ചലിച്ചു... തിരിച്ചിറങ്ങുമ്പോൾ അവർക്കിടയിൽ മൗനം തളം കെട്ടി നിന്നു. ചുറ്റിലുമുള്ള കാഴ്ചകൾക്കവൾ മുഖം തിരിച്ചിരുന്നു... അവൾക്കൊന്നാർത്തു കരയണമെന്ന് തോന്നി....
സൂര്യൻ കാർമേഘങ്ങൾക്കു പിന്നിലൊളിച്ചു ... പെയ്തിറങ്ങിയ പേമാരിക്കൊപ്പം അവളുമൊന്നു പെയ്തിറങ്ങി ....

ജുമാന പി
ഇംഗ്ലീഷ്



പഞ്ചസാര വെളുത്തിട്ടും ചായ പൊടി കറുത്തിട്ടും,
രണ്ടുമില്ലെങ്കിൽ ചായക്ക് ടേസ്റ്റ് ഇല്ല

Hamdi Hameed
Physical Science

# ഇന്ന്

ഇന്നലെയെൻ മുറ്റത്തെചില്ലയിൽ തത്തിക്കളിച്ച കുഞ്ഞുമക്കൾ
അമ്മക്കിളിതാരാട്ടും മക്കൾതൻ കൊഞ്ചലും തേനൂറുംനാദവും
അങ്ങകലെ...

പൂവാടിതൻ മധുതേടിയെത്തും തേൻകുരുവിയും പൂവോടുതൻ
പ്രണയംമൊഴിഞ്ഞ വണ്ടും റാണിക്കായ് തേൻതിരഞ്ഞവരും
എങ്ങോമറഞ്ഞു...

പൂങ്കുയിൽ പാടിതളർന്നോ മയിലമ്മ ആട്ടം മറന്നോ പൂച്ചപെണ്ണ്
കരയുകയോ ഇന്നീമരത്തണലിൽപെൺമൈന തനിച്ചോ...

തലകീഴനും ജ്ഞാനപക്ഷിയും വഴിമറന്ന അരണയായ് കൊത്തിയും
കൊറ്റിയും കഥകളായ് മധുതരും ഉപ്പനെകാണാൻ കൺ
തുടിച്ചുവോ...



ഗോപിക
നാച്ചുറൽ സയൻസ്

# ജാതി ജീവിതം സാഹിത്യത്തിൽ

ജാതിയെ ഉന്മൂലനം ചെയ്യുക എന്ന ലക്ഷ്യത്തോടെയും അതേ സമയം ജാതിബോധം വളർത്തുകയും ചെയ്യുന്ന അപകടകരമായ കാലത്താണ് നാം ജീവിക്കുന്നത്. വംശം, നിറം, ഗുണം എന്നിങ്ങനെ മനുഷ്യരെ വർഗീകരിക്കുകയും ഈ വർഗീകരണത്തെ കപടശാസ്ത്രങ്ങൾ കൊണ്ട് ന്യായീകരിക്കുകയും ചെയ്യുന്ന രീതി ലോകം മുഴുവൻ കാലാകാലങ്ങളായി പടർന്നു പന്തലിച്ചു കിടക്കുകയാണ്. കാലങ്ങൾ കൊണ്ട് അതിന് മാറ്റങ്ങൾ ഉണ്ടാകുന്നുണ്ടെങ്കിലും, വർഗബോധം ആധിപത്യത്തിന്റെ സ്വരത്തിൽ മനുഷ്യജീവിതത്തിനു മേൽ കൈയ്യോങ്ങി നിൽക്കുക തന്നെയാണ്. വർഗബോധമാണ് ജാതിയുടേയും അടിസ്ഥാനം. ലോകത്ത് പല രാജ്യങ്ങളിലും ജാതി സമ്പ്രദായങ്ങൾ നിലവിലുണ്ട്. അതുപോലെ എല്ലാ മത വിഭാഗങ്ങളിലും ജാതി സമ്പ്രദായം ഉണ്ട്. എങ്ങനെ, എവിടെ നിന്നാണ് ജാതിയുടെ ഉത്ഭവം എന്ന് കണ്ടുപിടിക്കുക അസാധ്യമാണ്. അത്ര എളുപ്പമല്ലാത്തതും ഏകസ്വഭാവമില്ലാത്തതുമായതിനാൽ ഒരു നിർവ്വചനം എളുപ്പമല്ല. പക്ഷെ ലോകം മുഴുവനുമുള്ള വംശീയതക്ക്, വർണ്ണ വെറിക്ക്, ജാതി വെറിക്ക് അനേക സ്വഭാവ സാദൃശ്യങ്ങൾ കാണാം... ദക്ഷിണാഫ്രിക്കയുടെ ചരിത്രത്തിലേക്ക് നോക്കിയാൽ കറുത്തവർ, വെള്ളക്കാർ. ഇന്ത്യയിലേക്ക് നോക്കിയാൽ സവർണർ, അവർണർ എന്നിങ്ങനെ വർണവിവേചനത്തിന്റെ വിഭജനങ്ങൾ വ്യത്യസ്തമാണ്. കാലാകാലങ്ങളായിട്ടുള്ള വർണവിവേചനങ്ങൾക്കും അതിജീവനത്തിനും അതിനു പുറകിലെ സമരമുറകൾക്കും ഒരുപാട് ചരിത്രമുണ്ട്. തൊലിയുടെ നിറത്തിൽ വർണ്ണവിവേചനം നടത്തുന്ന വെളുത്ത വർഗ്ഗക്കാരന്റെ പോരിന്റെ കഥകൾ പല സാഹിത്യരചനകളിൽ നിന്നും, ചരിത്രരേഖകളിൽ നിന്നും നാം വായിച്ചെടുത്തിട്ടുള്ളതാണ്. വർണ്ണത്തെ ഒരു വർഗ്ഗം എന്ന നിലയിൽ നിർവ്വചിച്ചു വച്ചിരിക്കുന്ന വേദകാലത്തേക്ക് തിരിഞ്ഞു നോക്കിയാൽ വർണ്ണ വ്യവസ്ഥിതിയിൽ ദളിതർ പുറത്താണ് എന്ന സത്യം മനസിലാക്കാം. സമൂഹത്തിന്റെ ഒപ്പം നിവർന്നു നിൽക്കാനുള്ള കലഹം എന്നും കറുത്തവന്റെ ആവശ്യമായിരുന്നു. സ്വത്വത്തിനും ആത്മാഭിമാനത്തിനും വേണ്ടി അവൻ കലഹിച്ചു. കലഹത്തിന്റെ രാഷ്ട്രീയത്തിൽ അവൻ അവനു വേണ്ടിയും, മണ്ണിനു വേണ്ടിയും, പ്രകൃതിക്കുവേണ്ടിയും വാദിച്ചു. പരിസ്ഥിതിവാദികളും, ചോദ്യങ്ങൾ ചോദിക്കുന്നവനും എഴുത്തുകാരനും ജാതിയുടെ തട്ടുകളിൽ നിന്ന് ഉയർന്നു വന്നു. ഇന്ത്യൻ സാഹിത്യത്തിൽ ദലനം ചെയ്യപ്പെട്ടവന്റെ പ്രതിഷേധം ദളിത് സാഹിത്യമായി ഉയർന്നു വന്നു. എന്നും ജനാധിപത്യത്തിന്റെ സ്വഭാവത്തിൽ സ്വാതന്ത്ര്യവും, സമത്വവും നിലനിർത്തികൊണ്ടുള്ള ദളിത് സാഹിത്യങ്ങൾ ഉണ്ടായി. മറാഠിയിൽ വലിയ തോതിൽ ദളിത് സാഹിത്യത്തിന്റെ വേലിയേറ്റം ഉണ്ടായി. ഹിന്ദിയിലും പല ഭാഷകളിലും വർണ്ണവ്യവസ്ഥിതിയിൽ അസ്വസ്ഥരായ സമൂഹത്തെ വായനക്കാരൻ കണ്ടു. അനുഭവങ്ങളിൽ നിന്ന് ഉയിർത്ത എഴുത്തുകാരും ഉയിർക്കാൻ സാഹചര്യമായ കൃതികളും വളർന്നു വന്നു. തൊലിയുടെ നിറത്തിൽ ചൂഷണം ചെയ്യുന്നവരുടെ കഥകൾക്ക് സാഹിത്യത്തിൽ എന്നും പഞ്ഞമില്ലായിരുന്നല്ലോ. ഏതു രാജ്യത്ത് മനുഷ്യൻ ജീവിച്ചാലും സാഹിത്യവും സംസ്കാരവും ഒന്ന് തന്നെയാണ്. അടിസ്ഥാന ജീവിതം ഒന്നാണ്. സ്വപ്നങ്ങൾ ഒന്നാണ്. അതു പോലെ തന്നെയാണ് വിപ്ലവത്തിന്റെ സ്വരങ്ങളും. കാലങ്ങളായി മനുഷ്യർ

തൊലി നിറമല്ല നോക്കേണ്ടത്, മനസ്സിന്റെ നിറമാണ്.

Jafna K
Natural Science

അനുഭവിച്ച കീഴാള ജീവിതത്തെ സാഹിത്യമാക്കി ഓംപ്രകാശ് വാൽമീകിയുടെ ജൂഠൻ എന്ന ആത്മകഥയും, ശരൺകുമാർ ലിംബാളെയുടെ അക്കർമാശിയും വലിയ കോളിളക്കങ്ങൾ സൃഷ്ടിച്ച ആത്മകഥകളാണ്. അമേരിക്കയിലെ കറുത്ത മനുഷ്യർ വർഗബോധത്തിലധിഷ്ഠിതമായ ജീവിത രീതിയെ കൂടുതൽ അവരോധിക്കാൻ ശ്രമിച്ചപ്പോൾ ഇന്ത്യയിൽ കൂടുതൽ മലയാള സാഹിത്യത്തിൽ ദളിത് ജീവിതത്തെ സമൂഹത്തിനിടയിൽ വേറിട്ട് പ്രതിഷ്ഠിക്കുകയായിരുന്നു. ദളിത് വിഷയവുമായി ബന്ധപ്പെട്ട് ഇന്ത്യയിൽ സാമൂഹിക പരിഷ്കരണത്തിന് വേണ്ടി അഹോരാത്രം കഠിന പ്രയത്നം ചെയ്ത രണ്ട് നേതാക്കന്മാരായിരുന്നു ഡോ: ബി. ആർ അംബേദ്കറും, മഹാത്മാ ഗാന്ധിയും.



മലയാളത്തിലെ പുല്ലേലി കുഞ്ചു എന്ന ആദ്യ കൃതിക്ക് തന്നെ ദളിത് സ്വഭാവമുണ്ട്. ഇക്കാലത്തെ നവോത്ഥാന കാലമെന്ന് പേരിട്ടു വിളിക്കുമ്പോഴും ദളിതന്റേയും, സ്ത്രീയുടേയും സ്വത്വാവകാശങ്ങൾക്ക് വേണ്ടിയുള്ള നിലവിളി കേട്ടുകൊണ്ടേയിരിക്കുന്നു. സ്ത്രീ സാഹിത്യങ്ങൾ സ്ത്രീയുടെ സ്വാതന്ത്ര്യത്തേയും, അവകാശത്തേയും തുറന്ന് പറയുന്നിടത്തും അരികുവൽക്കരിക്കപ്പെട്ട കീഴാളശബ്ദങ്ങൾ ഇടിമുഴക്കങ്ങൾ പോലെ അതിലുണ്ട്. കൃഷി ഭൂമി കർഷകന്റേതെന്ന് കർഷകന് അവകാശബോധം നൽകിയ ചെറുകഥാകൃത്തുക്കളും, നോവലിസ്റ്റുകളും മലയാള സാഹിത്യത്തിൽ ധാരാളം ഉണ്ടായി. എന്നാലും കേരളത്തിലെ നൂറ്റാണ്ടുകളായി പഴകി ദ്രവിച്ചു കിടക്കുന്ന ജാതി ബോധത്തിനെതിരെ ശ്രീ നാരായണ ഗുരുവിന്റെ ദർശനങ്ങൾ വിമർശിച്ചപ്പോൾ അത് ഒരു ചുഴലിക്കാറ്റിന്റെ വലിപ്പമുള്ള വരികളായി മലയാളക്കരയിലേയ്ക്ക് ആനയിച്ചത് കുമാരനാശാനാണ്. ശ്രീ നാരായണ ഗുരു ജാതിയേയും, മതത്തേയും, ദൈവത്തേയും ആത്മീയതേയും പുനർനിർവ്വചിച്ചു. ആയിരകണക്കിന് വർഷത്തെ പാരമ്പര്യ ബോധമായ ജാതിയെ ചോദ്യം ചെയ്തു. ഈശ്വരനും, ദൈവീക വിശ്വാസവും എല്ലാ മനുഷ്യനിലും ഒന്നാണെന്ന് സ്ഥാപിച്ചു. ഒരു പക്ഷെ ലോകത്ത് തന്നെ ജാതി വെറിയെ ചോദ്യം ചെയ്ത് പുതിയ നിർവ്വചനങ്ങൾ

നൽകിയ മറ്റൊരു ആത്മീയ ഗുരുവിനെ നാം വേറെ കാണില്ല. കുമാരനാശാൻ ശ്രീ നാരായണ ഗുരുവിന്റെ സമകാലീകനായിരുന്നു. ഗുരു ദർശനങ്ങൾ കവിതയിൽ സ്വീകരിച്ചു. ചണ്ഡാലഭിക്ഷുകിയും, ദുരവസ്ഥയും അന്നത്തെ സാമൂഹീകാവസ്ഥയോടുള്ള ചോദ്യം ചെയ്യലാണ്, കലഹമാണ്. സവർണ ബോധത്തിന് നേരെ പടപൊരുതാൻ ആശാന്റെ കവിതകൾക്കായി. വർണം, വർഗം, ജാതി ,മതം, ലിംഗം, ഇങ്ങനെ വർഗീകരിക്കപ്പെടുന്ന ഈ കാലഘട്ടത്തിലും വർഗീയതയുടെ കൂർത്ത നഖങ്ങൾക്കിടയിലും സാഹിത്യരചനകൾ പ്രതിഷേധത്തിന്റെ സ്വരവുമായി എല്ലാ കാലഘട്ടത്തിലും ഉണ്ടായിട്ടുണ്ട്. കീഴാളന്റെ കവിതകളും, ജീവിതങ്ങളും, സമരങ്ങളും നവ സാഹിത്യരചനകളിലും പ്രത്യേക ഭാഷയിൽ അവതരിപ്പിക്കുന്നു. പുതിയ കാലത്തെ സാഹിത്യ സൃഷ്ടികളിലും പന്തിഭോജനത്തിന്റെ അവസ്ഥകൾ കഥകൾക്ക് മാറ്റ് കൂട്ടുന്നു. കീഴാളന്റെ ഭാഷ എഴുത്തിൽ പുതു ശക്തിയായി വളർന്നിരിക്കുന്നു. സാറ ജോസഫ്, സിതാര, എന്നിവരിലൂടെ പുതുനിരയിലും ജാതിയിലെ വരേണ്യതയോട് എഴുത്തുകാർ കലഹിക്കുന്നു. എഴുത്തിലെ തഴയപ്പെട്ട എക്കാലത്തേയും അവർണതയെ ലോക ശ്രേണിയിൽ മുൻ നിരയിൽ അലങ്കരിച്ച് എഴുത്തുകാർ അഹങ്കരിക്കുന്ന കാലം വന്നെത്തിയിരിക്കുന്നു.

**ശ്രുതി. വി.എസ്.വൈലത്തൂർ**
**അസി: പ്രൊഫസർ മലയാളം**
**ജാമിഅ നദ്‌വിയ്യഃ**

**ഞങ്ങളുടെ**
**കുഞ്ഞുങ്ങളെ**
**പള്ളിക്കൂടങ്ങളിൽ**
**പ്രവേശിപ്പിച്ചില്ലെങ്കിൽ**
**കാണായ**
**പാടങ്ങളിലെല്ലാം**
**ഞങ്ങൾ മുട്ടിപ്പുല്ല്**
**കുരുപ്പിക്കും.**

- അയ്യങ്കാളി



ജാതീയമായും വർഗീയമായും വ്യത്യാസങ്ങൾ അങ്ങനെ കാണാൻ പറ്റൂലാ എന്നുള്ളതാണ് എന്റെ അഭിപ്രായം. എല്ലാവരുമായും സഹകരിച്ച് കഴിയണം.

Fathima
Staff



ആശയങ്ങൾ കൊണ്ട് സമൂഹത്തിന്റെ ഗതിമാറ്റുക എന്നുള്ളത്
എല്ലാവർക്കും ഒരേ പോലെ കഴിയണമെന്നില്ല. കൃത്യമായ വിഷനുകളുള്ള,
ഭാവിയെ കുറിച്ച് മനോഹരമായ ഭാവനകളുള്ള ചിലർക്കായിരിക്കും
അതിനു സാധിക്കുക. നമ്മൾ പലപ്പോഴും ചിന്തിക്കുക കൂടി ചെയ്യാത്ത
മാറ്റങ്ങൾക്ക് തുടക്കം കുറിക്കുക അവരായിരിക്കും . അങ്ങനെ ഒരാളെ
ഞങ്ങൾ നജീബ് സാറിൽ കണ്ടു...

## നജീബ് കാന്തപുരം സംസാരിക്കുന്നു...

" കറുപ്പിന്റെ ഏറ്റവും വലിയ പ്രത്യേകത എന്ന് പറയുന്നത് എല്ലാ കളറും കൂടുമ്പോൾ ഉണ്ടാകുന്ന ഒരു കളറാണ് കറുപ്പ് എന്നതാണ്. ഒരു കളറും ഇല്ലാതാവുമ്പോൾ ഉണ്ടാകുന്ന ഒരു കളറാണ് വൈറ്റ്. ലോകത്തിലെ ഏറ്റവും ബെസ്റ്റ് കളർ എന്ന് പറയുന്നത് ബ്ലാക്കാണ്. കാരണം, ഇറ്റ് ഹാസ് ആൻ ഇൻക്ലൂസിവിറ്റി. വിവേചനം കളറിൽ നിന്ന് തുടങ്ങുന്നതാണ്. ആദ്യത്തെ സംഗതി എന്നുള്ളത് ഇൻക്ലൂസിവിറ്റിയുള്ള കളറിനെയാണ് മോശം കളറാക്കി സമൂഹം മാറ്റി നിർത്തുന്നത്. ഇൻക്ലൂസിവിറ്റിയെ മാറ്റിനിർത്തുമ്പോൾ വിവേചനമുണ്ടാകുന്നു.
**മനുഷ്യന്റെ ഏറ്റവും വലിയ പ്രത്യേകത 'ആസ് എ സോഷ്യൽ ബീയിങ്' മറ്റുള്ളവരെ ഉൾക്കൊള്ളാൻ സാധിക്കുക എന്നുള്ളതാണ്.** "

" വർണ്ണവിവേചനം, വർഗീയത... ഇത്തരത്തിലുള്ള എല്ലാ വിവേചനത്തിന്റെയും അടിസ്ഥാനകാരണം മനുഷ്യന്റെ മനസ്സ് ചെറുതാവുന്നതാണ്. മനുഷ്യൻ വലുതാവുംതോറും ഇൻക്ലൂസിവിറ്റിയാണ് കൂടേണ്ടത്. ഒരാളെ ഒരു വ്യക്തിയെന്ന നിലക്ക് നിങ്ങൾക്ക് എത്രത്തോളം നിങ്ങളുടെ ആശയങ്ങൾക്കപ്പുറം അംഗീകരിക്കാൻ കഴിയുന്നുവോ അത്രയും നിങ്ങളുടെ മഹത്വം കൂടുകയാണ്. സമൂഹമെന്ന നിലക്കും അങ്ങനെ തന്നെയാണ്.

ലോകത്തിലെ ഏറ്റവും വർണവെറിയുള്ള കമ്മ്യൂണിറ്റിയിലെ ആളുകൾ ആഭ്യന്തരമായുള്ള സങ്കുചിതമായ മനസുള്ളവരാണെന്ന് കാണാൻ സാധിക്കും. ആ സങ്കുചിതതയാണ് വർണ്ണവെറിയിലേക്ക് നയിക്കുന്നത്.
മറ്റൊരു അർത്ഥത്തിൽ പറഞ്ഞാൽ അവനവനെ കുറിച്ച് കോൺഫിഡൻസില്ലായ്മ കൂടിയാണ്. ഞാൻ നിങ്ങളോട് വിവേചനം കാണിക്കുന്നത്, നിങ്ങളും കൂടി എന്റെ കൂടെ വരുകയാണെങ്കിൽ ഞാൻ നിലനിൽക്കുകയില്ല എന്ന തോന്നൽ കാരണമാണ്. വിവേചനം കാണിക്കുന്ന ആൾ സെൽഫ് കോൺഫിഡൻസ് ഇല്ലാത്തവനാണ്. കോൺഫിഡന്റായ പുതിയകാലത്തെ മനുഷ്യന് വിവേചനം എന്നതിനെക്കുറിച്ച് ചിന്തിക്കാൻ പോലും കഴിയില്ല. ഈഫ് ഹി ഈസ് കോൺഫിഡന്റ് എബൗട്ട് ഹിംസെൽഫ്.... എന്തിന് പിന്നെ വിവേചനം കാണിക്കണം. "

" ലോകത്ത് നടക്കുന്ന മാറ്റങ്ങൾ എല്ലാതരത്തിലുമുള്ള അതിർവരമ്പുകൾ കടന്നുപോവുകയാണ്. കുറേ വർഷം കഴിഞ്ഞാൽ പാസ്പോർട്ട്, വിസ എന്നിവ ഇല്ലാതെ,ഏത് രാജ്യത്തേക്കും ആർക്കും പോകാവുന്ന സ്ഥിതിയിൽ എത്തും. കണ്ണിന്റെ ഒരൊറ്റ വെരിഫിക്കേഷൻ മതിയാകും. മനുഷ്യൻ കുറച്ചുകൂടി തുറന്ന ലോകത്തേക്കാണ് പോകുന്നത്.

പൊതുസമൂഹത്തിനുള്ള ധാരണ, ടെക്നോളജി വളരുംതോറും തൊഴിലുകൾ റീപ്ലേസ് ചെയ്യപ്പെടും എന്നതാണ്. റോബോട്ട് വന്നാൽ വീട്ടിൽ പാത്രം കഴുകാൻ ഉമ്മ വേണ്ടെന്ന് ആലോചിക്കുന്നവരാകും എല്ലാവരും. ടെക്നോളജി എത്രത്തോളം വളരുന്നുവോ അത്രത്തോളം മനുഷ്യന്റെ പോസിബിലിറ്റീസ് കൂടുകയാണ്. കാരണം ഇന്നലെ ചെയ്ത ജോലിയാവില്ല നാളെ ചെയ്യുക. ജോബ് ട്രാൻസ്ഫോർമേഷൻ ഉണ്ടാവും.
ഒരിക്കലും മനുഷ്യന്റെ സാധ്യത അവസാനിക്കുന്നില്ല. 10 കൊല്ലം മുമ്പ് മനുഷ്യന്റെ മുൻപിലുണ്ടായിരുന്ന തൊഴിലവസരങ്ങൾ ഇന്ന് 100 മടങ്ങായി മാറിയിട്ടുണ്ട്. ഭാവിയിലത് ആയിരം മടങ്ങായി മാറും. മനുഷ്യനാണ് ഏറ്റവും വലിയ കൊമൊഡിറ്റി. 10 വർഷം കഴിഞ്ഞാൽ ലോകത്തെ ഭരിക്കാൻ പോകുന്നത് മലപ്പുറം ജില്ലയിലെ കുട്ടികളാണ്. ഏറ്റവും സ്കിൽഡ് ആയ കുട്ടികളാണ് ഇവിടെയുള്ളത്. ഏറ്റവും വലിയ ഹ്യൂമൻ റിസോഴ്സസ് ലോകത്തിലേക്ക് വരാൻ പോകുന്നത് മലപ്പുറം ജില്ലയിൽ നിന്നാണ്. ഇന്ത്യയെപോലെ വലിയ ജനസംഖ്യയുള്ള, ഏറ്റവും വലിയ യൂത്തുള്ള രാജ്യങ്ങളിൽ പ്രാഥമിക വിദ്യാഭ്യാസം ലഭിച്ച മനുഷ്യന്മാർ കുറവാണ്.
മലപ്പുറത്തിന്റെ പ്രത്യേകത എന്ന് വെച്ചാൽ ഏറ്റവും കൂടുതൽ മനുഷ്യന്മാർ ഉണ്ട്, ആ മനുഷ്യന്മാർ എല്ലാവരും തന്നെ ഫുൾ സ്കിൽഡ് ആണ്. ഇത് എന്തുകൊണ്ട് സംഭവിക്കുന്നു എന്ന് വെച്ചാല്, നമ്മൾ ഇവിടെ ഉണ്ടാക്കിയ ഭയങ്കരമായ ഒരു ഫൗണ്ടേഷനാണ്. അതില്, സംഘടനകളുണ്ട്, പ്രവാസി കുടിയേറ്റങ്ങളുണ്ട്. എല്ലാം ഒരു സർവൈവൽ സിസ്റ്റം ആണ്.

മലപ്പുറത്തിന്റെ ഒരു പ്രത്യേകത എന്നുവെച്ചാൽ, ജനറ്റിക്കലി നല്ല സാഹചര്യമാണ്. ഇവിടെ ഉള്ള കുട്ടികളാണ് ലോകത്ത് അത്ഭുതം ഉണ്ടാക്കാൻ പോകുന്നത്. ഒരുകാലത്ത് ഇവിടെ കുളത്തിൽ ചാടിയ എക്സ്പീരിയൻസ് കൊണ്ട് അവിടെ

അറബികളും അനറബികളും എന്ന വിവേചനം ഇസ്ലാം ഘട്ടം ഘട്ടമായി ഇല്ലാതാക്കി.
Salman
Arabic

കടലിൽചാടി കിഴടക്കുന്നവരാണ്.  കാരണം സ്കില്ലും ഉണ്ട് റിസ്ക് ബിയർ ചെയ്യാനുള്ള സ്ട്രെങ്ത്തും ഉണ്ട്. ഇതുരണ്ടുംകൂടിയുള്ള ഒരു കോമ്പിനേഷനൻ ലോകത്ത് വളരെ കുറവാണ്. ഭയങ്കര സ്കിൽഡ് ആയ ജപ്പാൻകാരെ സംബന്ധിച്ചിടത്തോളം, അതുപോലെ ചൈന പോലുള്ള രാജ്യത്തെ ആളുകൾ... അവർ ഒരൊറ്റ വഴിയിൽ മാത്രമാണ് സഞ്ചരിക്കുക.
ചൈനക്കാരെ ഒരു കാര്യം പഠിപ്പിച്ചാൽ അക്കാര്യം മാത്രമേ അവർ ചെയ്യുകയുള്ളൂ. ആ രാജ്യങ്ങളൊക്കെ പഠിപ്പിക്കുന്നത് എന്താച്ചാല് ഒരു മെഷീൻ ആയി കൊണ്ട് വർക്ക് ചെയ്യാനാണ് അവരവരുടെ നാട്ടിലെ മനുഷ്യരെ പഠിപ്പിക്കുന്നത്. എന്നാൽ വെല്ലുവിളിക്കാൻ തയ്യാറായ കമ്മ്യൂണിറ്റി ആണ് നമ്മുടേത്. നമുക്ക് വേണ്ടത് ലീഡർഷിപ്പ് ആണ്. അതിൽ ഇൻക്ലൂസിവെനെസ് ഉണ്ട്, അതില് വിവേചനം ഇല്ല, വർണ്ണവ്യത്യാസം ഇല്ല, വർഗീയതയില്ല..ആരും ആരെക്കാളും വലിയ ആളുമല്ല... ആരും ചെറിയ ആളുമല്ല ..എല്ലാ ഹ്യൂമൻബിയിങ്ങ്സും യൂണിക് ആണ്. ദേ നോ ഹൗ ടു കോൺട്രിബ്യൂട്. ”

**“ ഡിസ്ക്രിമിനേഷൻ എന്ന് പറഞ്ഞാൽ അത് അനുഭവിച്ച മനുഷ്യർക്ക് മാത്രമേ മനസ്സിലാവുകയുള്ളൂ......**

സ്കൂളിൽ പോലും ഇത് നിലനിൽക്കുന്നുണ്ട്. ജില്ലാ പഞ്ചായത്ത് അംഗമായിരിക്കെ ഒരു സ്കൂള് സന്ദർശിക്കാൻ ഇടയായി. അപ്പോൾ ഒരു ടീച്ചർ പറഞ്ഞത്...എന്തുകൊണ്ടാണ് റിസൾട്ട് കുറഞ്ഞത് എന്ന് ചോദിച്ചപ്പോൾ അവരുടെ മറുപടി എന്താണെന്നു വെച്ചാൽ ഇവിടെ ഫുൾ കോളനിയിലെ മക്കളാണ് കൂടുതൽ എന്നുള്ളതാണ്. അവിടെ മുതൽ  വിവേചനം തുടങ്ങുന്നുണ്ട്. ”







ഒരുപാടിപ്പുറം സഞ്ചരിച്ചെന്നു
തോന്നുന്നു...കാലം പലയിടങ്ങളിലായി ഒരുപാട്
പേരുകൾ സമ്മാനിച്ചു..,
വർഷങ്ങൾക്കു മുമ്പേ പതിവുപോലിങ്ങനൊരു
പ്രഭാതത്തിൽ സൂര്യനുദിച്ചപ്പോ
അലമുറയിടുന്ന ഹൃദയങ്ങളുണ്ടായിരുന്നു,.
നിറയരുതെന്ന് ഞാനാഗ്രഹിക്കുന്ന മിഴികളന്ന്
ശോഭിച്ചത് ഞാൻ കാരണമായിരുന്നു..!

വിരലുകൾക്കിനിയും എത്രമേൽ
ആയുസ്സുണ്ടെന്നറിയില്ല,.. ചലനമെപ്പോൾ
നിലക്കുമെന്നറിയില്ല,. വിടർന്ന
കണ്ണുകളെന്നടയുമെന്നറിയില്ല. ; മിടിക്കുന്ന
കാലമത്രയും ചിരികൾക്കു കാരണമാകണം,
നിറയുന്ന കണ്ണുകൾക്കഭയമാകണം,
തുടിക്കുന്ന നേരമത്രയും
പുഷ്പിച്ചുകൊണ്ടേയിരിക്കണം.!

**ഹസ്ന ഷറിൻ**
**അറബിക്**

# ദൈവമേ, എന്റെ നിറം കറുത്തിട്ടാണോ

രാവിലെ തന്നെ അച്ഛമ്മയുടെ ഉച്ചത്തിലുള്ള കൊക്കിച്ചിരി കേട്ടാണ് ഞാൻ ഉണർന്നത്. അച്ഛമ്മ അങ്ങനെയാണ്, ആവശ്യമുള്ളതിനും ആവശ്യമില്ലാത്തതിനും ചിരിക്കും. രാവിലെ തന്നെ ചെറിയമ്മ പതിവുപോലെ ചിന്നുവിന്റെ ചർമ്മ ശുശ്രൂഷകൾ തുടങ്ങിയിട്ടുണ്ട്. അതിന്റെ ബഹളമാണ് ഈ കേൾക്കുന്നത്. "ഒന്ന് അടങ്ങിയിരിക്കെടി... ഞാനീ മഞ്ഞളെണ്ണ ശരിക്കൊന്ന് നിന്റെ മേലും മുഖത്തും ഒന്ന് തേച്ചോട്ടെ". എന്നാലും നിന്റെ മൂന്നു പെൺമക്കളിൽ ഇവൾ മാത്രം എന്തേ ഇങ്ങനെ കറുത്ത കരുമാടി പോലെ ആയതേടി" എന്ന് പറഞ്ഞായിരുന്നു അച്ഛമ്മ ചിരിച്ചത്. ചിന്നു ഇപ്പോൾ എട്ടാം ക്ലാസിലാണ്. പണ്ടുമുതലേ ചെറിയമ്മ അവൾ ഒന്നു വെളുത്തു കിട്ടാനായി തേക്കാത്ത ഫെയർനസ് ക്രീമുകൾ ഇല്ല, ഓരോ ക്രീമും വാങ്ങുമ്പോൾ ഇതെങ്കിലും തേച്ചൊന്ന് വെളുത്ത മതിയായിരുന്നു എന്നായിരുന്നു ചിന്നുവിന്. അവൾ എത്ര ചെറുതാണ്. ഒരിക്കൽ അവൾ എന്നോട് പറയുകയാണ് എന്റെ ക്ലാസ്സിൽ ഞങ്ങൾ 20 പെൺകുട്ടികളാണ് 12 പേര് വെളുത്തവരും ബാക്കി 8 പേര് കറുത്തവരും. സ്കൂൾ വാർഷികത്തിന് സംഘനിർത്തതിന് ടീച്ചർ സെലക്ട് ചെയ്തത് ആ 12 പേരെ ആയിരുന്നത്രേ. അവര് കളിച്ചാലെ ശരിയാവുള്ളു എന്നായിരുന്നു ടീച്ചറുടെ വാദം. ഇങ്ങനെ സ്കൂളിൽ നിന്നായാലും വീട്ടിൽ നിന്നായാലും അവരുടെ മനസ്സിൽ കറുപ്പ് മോശമാണ് എന്നൊരു ചിന്ത വിത്തുപാകി മുളച്ചു വരികയാണ്.മറ്റു രാജ്യങ്ങളെ അപേക്ഷിച്ച് ഇന്ത്യക്കാർക്ക് വെളുത്ത നിറത്തോട് അൽപ്പം മമത കൂടുതലാണ്. വിദേശ സുന്ദരിമാരുടെ മേനിയഴക് സ്വപ്നംകണ്ടു നടക്കുന്ന മനുഷ്യരുടെ നാട്ടിൽ കറുപ്പ് നിറത്തിൽ ജനിച്ചുപോയതിൻെറ പേരിൽ ജീവിതം നഷ്ടപ്പെട്ട് ജീവൻ പോലും നഷ്ടപ്പെട്ട് അപമാനിക്കപ്പെട്ട് കഴിയുന്നവർ നഗരങ്ങളിലും ഗ്രാമങ്ങളിലും നിരവധിയുണ്ട്.പ്രശസ്ത ഇംഗ്ലീഷ് എഴുത്തുകാരനായ ഷേക്സ്പിയർ തന്റെ നിരവധി സോണറ്റുകളിൽ കറുത്ത നിറമുള്ള തന്റെ പ്രണയിനിയെ കുറിച്ച് പരാമർശിക്കുന്നുണ്ട്. നിരവധി പേരിലേക്ക് ആ പ്രണയിനിയുടെ മുഖങ്ങൾ നീണ്ടെങ്കിലും കൃത്യമായി അതാരാണെന്ന് ഷേക്സ്പിയറിന്റെ ആരാധകർക്ക് കണ്ടെത്താനായിട്ടില്ല. സമൂഹത്തിന് മൊത്തം ബാധിച്ചിരിക്കുന്ന ഈ വർണ്ണ ഭ്രാന്ത് നമുക്ക് എങ്ങനെ മാറ്റിയെടുക്കാൻ കഴിയും? ജനിതകമായ കാരണങ്ങളാൽ തന്റെ തൊലിയുടെ നിറം, അത് അൽപ്പം മങ്ങി പോയതിന് അവരെന്തു പിഴച്ചു? തന്റെ നിറത്തെ ചൊല്ലി എത്രമാത്രം മാനസിക പീഡനം ആയിരിക്കും ജീവിതകാലം മുഴുവൻ ഓരോരുത്തരും അനുഭവിക്കുന്നുണ്ടാവുക. ഇതൊക്കെ നമ്മുടെ കേരളത്തിലോ എന്നൊന്നും പറഞ്ഞ് ആരും നെറ്റിച്ചുളിക്കണ്ട, കറുപ്പിന്റെ പേരിൽ ഈ അടുത്ത കാലത്ത് ഉണ്ടായ പുകിലൊന്നും ആരും മറന്നിട്ടില്ലല്ലോ..... ഏറ്റവും കൂടുതൽ വർണ്ണവിവേചനം ഉള്ളത് നമുക്കിടയിൽ തന്നെയാണ്. ഒരു കുഞ്ഞ് ജനിച്ചു പുറത്തുവരുമ്പോൾ തന്നെ നിറം കറുപ്പാണോ വെളുപ്പാണോ എന്ന് ആശങ്കപ്പെട്ട് കാത്തിരിക്കുന്ന

ബന്ധുക്കളെയാണ് നമ്മുക്ക് കാണാൻ സാധിക്കുക. നിറമല്ല, ആരോഗ്യമാണ് പ്രധാനം എന്ന സാമാന്യബോധം പോലും പലർക്കും ഇല്ല. കറുപ്പിന് ഏഴഴക്, ബാക്കി തൊണ്ണൂറ്റിമൂന്നും വെളുപ്പിനാണെന്ന് തമാശയായി പലരും പറയാറുണ്ട്. പ്രബുദ്ധ കേരളം എത്രത്തോളം മാറിയാലും ഈ  ഒരു വിഷയത്തിൽ ഈ പറയുന്നത്ര പ്രബുദ്ധത ഒട്ടും തന്നെ ഇല്ല. മനുഷ്യനുള്ള കാലത്തോളം ഇത്തരം വിവേചനങ്ങൾ നിലനിൽക്കും എന്ന കാര്യം ഉറപ്പാണ്. സമൂഹത്തെ ഒറ്റയടിക്ക് മാറ്റാൻ സാധ്യമല്ല. സ്വയം മാറി തുടങ്ങൂ .....എന്നിട്ട് തല ഉയർത്തി നെഞ്ചിൽ കൈ വെച്ച് പറയൂ.... അതേ എന്റെ നിറം കറുപ്പാണ്......

നവ്യ ബാബു. കെ
സോഷ്യൽ സയൻസ്



വർഗീയത നമുക്ക് നല്ലതല്ല.

Abdul Azeez
Staff

# മധുര സ്മരണകൾ;

## ഇതൊരു കുഞ്ഞു-ഓർമ്മക്കുറിപ്പ്

മനസ്സിൽ ചേർത്തുവച്ച മായാത്ത ഓർമ്മകൾ സമ്മാനിച്ച അധ്യാപന പരിശീലന കാലഘട്ടത്തിലൂടെ ഞാനൊന്ന് മെല്ലെ പോയി വരാം.....

സെപ്റ്റംബർ 4 , 8 .45 Am.
യുപിഎസ് എറിയാട് സ്കൂളിന്റെ മുറ്റത്ത് ഞാൻ ബസ് ഇറങ്ങി.സ്കൂൾ മുറ്റത്താണേലും എന്റെ കണ്ണുപോയത് നേരെയുള്ള ചായ പീട്യയിലേക്കായിരുന്നു. വയറിന് നല്ല കാളൽ ,ചൂട് പഴംപൊരി കൊണ്ട് തന്നെയാവട്ടെ തുടക്കം എന്ന് ഞാനും കരുതി.

ഒരു കുഞ്ഞു വിദ്യാലയം ചെണ്ടുമല്ലി പൂക്കളാൽ നിറഞ്ഞ പൂന്തോട്ടമാണ് ചെന്നെത്തുമ്പോൾ ഞാൻ ആദ്യം കണ്ടത്.. എനിക്കെപ്പോഴും ഇങ്ങനെയാണ്, പുതിയതിനോട് ഒരു ഇഷ്ടക്കുറവാണ്. എന്നാൽ പഴകും തോറും ഞാൻ അതിനെ മുഴുവനായി മനസ്സിലേക്ക് എടുക്കും. പിന്നെ ഓർമ്മകളിൽ നിന്നും മായ്ക്കാൻ ഒരു ഇടങ്ങേറാണ്, എന്റെ എന്തും അങ്ങനെയാണ്.....

കാര്യമായി ഞാനൊരു കാര്യം പറയട്ടെ ...എറിയാട് യുപി സ്കൂൾ അധ്യാപനകാലം എന്റെ മനസ്സിൽ അങ്ങ് ആഴത്തിൽ പതിച്ച ഒരു കാലമായിരുന്നു. സ്കൂൾ ജീവിതം ഓർമിക്കുമ്പോൾ പാഠപുസ്തകങ്ങളും കൂട്ടുകാരും കളികളും അധ്യാപകരും അങ്ങനെ മനസ്സിൽ തങ്ങി നിൽക്കുന്ന ഒരു ചിത്രമുണ്ട്. അതേ ഒരു ചിത്രമാണ് എനിക്കവിടുന്ന് ലഭിച്ചത്. ഒരു അധ്യാപികയായാണ് ഞാൻ അവിടേക്ക് പോയതെങ്കിലും ഏറ്റവും കൂടുതൽ ഞാൻ ആസ്വദിച്ചത് എനിക്ക് തിരികെ ലഭിച്ച എന്റെ ബാല്യകാല ഓർമ്മകളെയാണ്.
കൂട്ടു ബെല്ല്, ഉച്ചക്കഞ്ഞി, ദേശീയ ഗാനം, മഴയുള്ള അവസാനത്തെ പിരീഡ് ,തോളോട് തോൾ ചേർന്ന് നിന്ന കൂട്ട് അങ്ങനെ പുസ്തകത്താളുകളിൽ ഒതുങ്ങാത്ത ഒരായിരം ഓർമ്മകൾ.... സത്യത്തിൽ ഞാൻ എന്റെ വിദ്യാർത്ഥികൾക്കിടയിലേക്ക് ഒരു പുതിയ വിദ്യാർത്ഥി എന്ന നിലയിലേക്ക് മാറി. അവരെന്നെ ഒരുപാട് സ്നേഹിച്ചു. ഞാൻ എനിക്കറിയാവുന്ന എല്ലാ പാഠങ്ങളും അവർക്ക് പകുത്തു നൽകി. അവരിൽ നിന്നും കള്ളമില്ലാത്ത പല പാഠങ്ങളും ഞാനും പഠിച്ചു. പുസ്തകത്താളുകൾക്കപ്പുറം പല നിറങ്ങളാൽ പൂശിയ ഒരു വിസ്മയ ലോകം തന്നെ അവിടെ പൂത്തു.അവർക്ക് ഞാൻ എല്ലാമെല്ലാമായി മാറി. എനിക്കും അങ്ങനെ തന്നെ .എന്നെ എങ്ങനെയൊക്കെ സ്നേഹിക്കണം സന്തോഷിപ്പിക്കണം എന്ന് അറിയാത്ത വിധം അവർകുഴങ്ങി .ക്ലാസിലേക്ക് ആനയിച്ചു കൊണ്ടുപോവാൻ വരെ എനിക്ക് ആളുകളായി. വീട്ടിൽ നിന്ന് കൊണ്ടുവന്ന കൂട്ടാൻ പാത്രങ്ങൾ തരാൻ വരെ എന്റെ മുന്നിൽ കിടന്ന് അടിയായി. സ്കൂൾ വിട്ട് യാത്ര പറയാൻ അവർക്കിടയിൽ തിക്കുംതിരക്കുമായി. സമ്മാന പെരുമഴകൾ ഒഴുകി. ഞാൻ പഠിപ്പിക്കുന്ന പാഠങ്ങൾ എന്തും അപ്പാടെ വിഴുങ്ങാൻ മത്സരം കൂട്ടുന്നവരായിയിരുന്നു എന്റെ കുഞ്ഞുമക്കൾ .

സ്നേഹത്താൽ വീർപ്പുമുട്ടുക എന്ന് ഞാൻ കേട്ടിട്ടേയുള്ളൂ. ഒരുപാട് പേരാൽ കള്ളമില്ലാതെ സ്നേഹിക്കപ്പെടാൻ കഴിഞ്ഞതിൽ ഞാൻ അഭിമാനംകൊണ്ടു.

വീണുകിട്ടിയ ഒരു ബാല്യകാലം പോലെ ഞാനിന്നും ഓർമ്മകളെ നെഞ്ചോട് ചേർത്തുവയ്ക്കുന്നു. ജീവിതമാകുന്ന



പുസ്തകത്തിലെ, വേദനിപ്പിക്കുന്ന കലകൾ വരുമ്പോഴൊക്കെയും, മനസ്സിനെ സന്തോഷിപ്പിക്കുന്ന മുഖത്ത് പുഞ്ചിരിവിടർത്താൻ കഴിയുന്ന, എന്റെ മുറിവിനെ മായ്ക്കാൻ സാധിക്കുന്ന, എന്നിലെ ഞാൻ എന്താണെന്ന് പറഞ്ഞുതന്ന ആത്മവിശ്വാസം നൽകുന്ന, അവരുടെ കള്ളമില്ലാത്ത കുറിപ്പുകളും കത്തുകളും ഞാൻ ഇന്നും വായിച്ച് എന്റെ മനസ്സിനെ ധന്യമാക്കുന്നു...
ഈ അധ്യാപന പരിശീലന കാലഘട്ടം എനിക്ക് ആസ്വദിക്കാൻ അവസരം നൽകിയതിന് ഞാനാരോടൊക്കെയോ കടപ്പെട്ടിരിക്കുന്നു.

കള്ളമില്ലാത്ത, കാപട്യം ഇല്ലാത്ത, സ്നേഹിക്കാൻ മാത്രം അറിയുന്ന ഈ കുഞ്ഞുമക്കളെയും അതിനവസരം തന്ന അധ്യാപകരെയും ചെണ്ടുമല്ലി പൂക്കൾ പൂത്തു നിൽക്കുന്ന സ്കൂളിനെയും ഞാനെന്റെ ഓർമ്മകളിൽ നിന്നും ഒരിക്കലും മായ്ക്കില്ല.

ശുഭം

**നഷാത്ത് അബ്ദുൽ അസീസ്**
**അറബിക്**

സമൂഹത്തിന്റെ നിലനിൽപ്പിന്, ജാതി, മതം അനിവാര്യമാണ്.
പക്ഷെ സമൂഹത്തിലെ വേർതിരിവിന് കാരണമാകരുത്.

Rinsha
D.El.Ed

# തുറന്നെഴുത്ത്

ഡിസംബർ 3 ലോക ഭിന്നശേഷി ദിനമാണത്രേ അതായത് ഞങ്ങളെപ്പോലുള്ളവരുടെ ദിനം. അതെന്താ ബാക്കിയുള്ള ദിനങ്ങളൊന്നും നിങ്ങൾ പറയുന്ന ഭിന്നശേഷിക്കാർ ജീവിക്കുന്നില്ലേ...? ഒരു നിശ്ചിത ദിവസം മാത്രം ഓർമിക്കപെടാനും ചേർത്തു പിടിക്കാനും ബലൂണുകളും സമ്മാനങ്ങളും തന്ന് ആഘോഷിക്കാനും ഇത് ഓണവും ക്രിസ്തുമസും ഒന്നുമല്ലല്ലോ..? ഒരു പറ്റം മനുഷ്യരുടെ നോവും ആകുലതകളും നിറഞ്ഞ ജീവിതങ്ങളല്ലേ..? ഓർമ വെച്ച കാലം മുതൽ കേൾക്കാൻ തുടങ്ങിയതാണ് നിങ്ങളെ പോലുള്ളവർക്ക് വേഗം ജോലി കിട്ടില്ലേ, നിങ്ങൾക്ക് ജീവിക്കാനുള്ള പണം സർക്കാരിൽ നിന്നും കിട്ടില്ലേ... അങ്ങനെയങ്ങനെ. ഒരുപാട് നീണ്ടു കിടക്കുന്ന നിങ്ങൾ എന്ന വാക്കുകളെ സ്നേഹിക്കാൻ എനിക്ക് സാധിക്കുന്നില്ല. കാരണം ശാരീരികവും മാനസികവുമായ മാറ്റങ്ങളൊഴിച്ചാൽ ഭിന്നശേഷിക്കാരെന്നും നാലു ചുമരുകൾക്കുള്ളിൽ ജീവിക്കുന്നവരെന്നും ആലങ്കാരിക പദങ്ങൾ കൊണ്ട് അഭിസംബോധന ചെയ്യപ്പെടുന്ന ഓരോരുത്തരും മനുഷ്യർ തന്നെയാണെന്നിരിക്കെ, ആരാണ് നിങ്ങളും ഞങ്ങളുമായി വേർത്തിരിവിന്റെ വേലി കെട്ടിപ്പടുത്തിരിക്കുന്നത് എന്നതിൽ ഒരു തർക്കവുമില്ല. ഞാനിവിടെ വേർത്തിരിച്ചു തന്നെ പറഞ്ഞു തരാം. ചേർത്തു പിടിച്ചെന്ന് നിങ്ങൾ പറയുമ്പോഴും നിങ്ങളുടെ കാലുകൾ ചലിക്കുന്നിടത്തേക്ക് ഞങ്ങളുടെ ചക്ര കസേരകൾക്ക് എത്തുവാൻ സാധിക്കുന്നില്ല എന്ന സത്യത്തെ വിസ്മരിക്കാനാവില്ല. വിദ്യാഭ്യാസ രംഗത്ത് സംവരണം നൽകി എന്ന് പറയുമ്പോഴും എത്ര സ്കൂളുകളിലും കോളേജുകളിലുമാണ് വീൽചെയർ ഫ്രണ്ട്‌ലിയായ ബാത്ത് റൂമുകളും മറ്റു സൗകര്യങ്ങളുമുള്ളത് ? ഒന്ന് മൂത്രമൊഴിക്കാൻ സാധിക്കില്ല എന്നുള്ളത്കൊണ്ട് വെള്ളം കുടിക്കാൻ മടിച്ചതിന്റെയും മൂത്രം പിടിച്ചുവെച്ചതിന്റെയും പ്രത്യാഘാതങ്ങൾ ഇന്നും അനുഭവിക്കുന്ന ഇരയാണ് ഞാൻ. എവിടെയാണ് ഞാൻ സമത്വത്തേ തിരയുക?





ശരിയായ സൗകര്യങ്ങളില്ലാത്ത സ്ക്കൂളുകളിലും കോളെജുകളിലും ചോദിക്കുമ്പോൾ പലരും പറഞ്ഞത് നിനക്ക് ഒരാൾക്ക് വേണ്ടി മാത്രം ബാത്ത് റൂം നിർമിക്കുക എന്നത് ബുദ്ധിമുട്ടുള്ളതാണ് എന്നായിരുന്നു. അതെന്താ ഞാനും മനുഷ്യനല്ലേ?
എനിക്കും  അവർക്കും ഒരേ പ്രയാസങ്ങളല്ലേ സഹിക്കേണ്ടത്? എന്തുകൊണ്ടാണ് വിരലിലെണ്ണാവുന്ന ഭിന്നശേഷി കുട്ടികൾ മാത്രം പഠിക്കാനെത്തുന്നത്? അവർക്ക് വരാനും പ്രാഥമിക കാര്യങ്ങൾ നിർവഹിക്കാനുമുള്ള സൗകര്യങ്ങൾ പോലുമില്ലാത്തിടത്തേക്ക് അവരെങ്ങനെ എത്തിച്ചേരും. മതിയായ വിദ്യാഭ്യാസവും കഴിവും ഉണ്ടായിട്ട് പോലും ഭിന്നശേഷിക്കാരായതിന്റെ പേരിൽ നല്ലൊരു ജോലി ലഭിക്കാത്ത എത്രയോ ഭിന്നശേഷിക്കാർ ഇന്നും കേരളത്തിൽ ജീവിക്കുന്നു. ഭിന്നശേഷി ദിനാചരണങ്ങൾ നടത്തുന്നതിനേക്കാൾ ഞങ്ങൾക്ക് സന്തോഷം നൽകുന്നത്, സ്വതന്ത്രമായി സഞ്ചരിക്കാനും പഠിക്കാനും ജോലി ചെയ്യാനുമൊക്കെയുള്ള അവസരങ്ങൾ ലഭിക്കുമ്പോഴാണ്. അപ്പോഴാണ് ആരേയും ആശ്രയിക്കാതെ ജീവിക്കാനുള്ള ആത്മധൈര്യമുണ്ടാകുന്നത്. അവിടെയാണ് നിങ്ങളും ഞങ്ങളും മാറി നമ്മളാകുന്നത്. അവിടെയാണ് പ്രഹസനങ്ങൾക്കും പ്രസംഗങ്ങൾക്കുമപ്പുറം പ്രതീക്ഷകളും ചേർത്തു പിടിക്കലും പുനർജനിക്കുന്നത്. വീട്ടുമുറ്റത്തും പള്ളികളിലും അമ്പലങ്ങളിലും മറ്റു സ്ഥാപനങ്ങളിലും പടി കെട്ടുകൾ ഉയർത്തുമ്പോൾ അപ്പുറത്ത് ഒരു കുഞ്ഞു റാമ്പും വീൽചെയർ ഫ്രണ്ട്‌ലി ബാത്ത് റൂമുകളും നിർമിക്കാൻ മറക്കരുത്. ഇന്ന് വലിയപടിക്കെട്ടുകൾ കണ്ട് പകച്ചു നിൽക്കുന്ന വീൽചെയറുകളിലെ പലരും ജീവിതത്തിന്റെ ഇന്നലെകളിൽ പടികെട്ടുകൾ ചാടി കയറിയവർ തന്നെയായിരുന്നു.

**ഷെറിൻ കാരക്കുന്ന്**
**ഇംഗ്ലീഷ്**

എന്തിനാ
അവനെ കൊന്നേ?
**അവൻ കട്ടിട്ടാ...**

അതിനു
കൊല്ലണോ....?!
**അവൻ**
**കറുത്തിട്ടാ....!**
**മുഷിഞ്ഞിട്ടാ...!**

**പിന്നെ വിശന്നിട്ടും.....!**



എല്ലാവരും മനുഷ്യനല്ലേ! ഇങ്ങനെ പെരുമാറുന്നത് അയാളെ അപമാനിക്കുന്നതിന് തുല്യമാണ്. ഈ സിസ്റ്റം വേണ്ട.

Fasna
D.El.Ed




നിലമ്പൂർ ഉൾക്കാടിലെ ഗുഹയിൽ ജനിച്ചുവളർന്ന ഒരു കുട്ടി കുസാറ്റിൽ പി എച്ച് ഡി ചെയ്യുന്നു... നോർവയിൽ റിസർച്ച് പേപ്പർ അവതരിപ്പിക്കുന്നു.... തനിക്ക് കിട്ടിയ അറിവ് മറ്റുള്ളവരിലേക്ക് കൂടി ലഭിക്കാൻ തന്റെ ഇടങ്ങളിലെ കുട്ടികൾക്കു കൃത്യമായി ദിശാബോധം നൽകുന്നു... വിനോദ് എന്ന ചെറുപ്പക്കാരനുമായി അഭിമുഖം നടത്തുമ്പോൾ അത്ഭുതപ്പെടുത്തുന്ന ഒരു പ്രകാശം പ്രസരിക്കുന്നതായ് അനുഭവപ്പെട്ടു.



**സർ ജനിച്ചു വളർന്ന നാടും ചോലനായ്ക്കർ എന്ന വിഭാഗവും ഒരു സർക്കിൾ ആയി പരിഗണിക്കുകയാണെങ്കിൽ, നഗരങ്ങളിലെ യൂണിവേഴ്സിറ്റികളിലേക്ക് എത്തുമ്പോൾ ഈയൊരു സർക്കിളിൽ നിന്ന് പുറത്തുപോവുകയാണല്ലോ. അപ്പോൾ അവിടെ നിന്ന് തിരിഞ്ഞു നോക്കുമ്പോൾ എന്താണ് അനുഭവപ്പെടുന്നത്?**

ഇതിനകത്ത് ഏറ്റവും ഇംപോർട്ടന്റായി തോന്നിയിട്ടുള്ളത്, നാടും കാടും.. രണ്ടും രണ്ട് കൾച്ചറാണ്. ശരിക്കും പറഞ്ഞാൽ കുറച്ചുകൂടി നമുക്ക് ജീവിക്കാനും കാര്യങ്ങൾ പബ്ലിഷ് ചെയ്യാനും നമ്മുടെ ഇമോഷൻസ്.....അങ്ങനെയുള്ള എല്ലാ വികാരങ്ങളും കൂളായിട്ട് എടുക്കുന്ന ഒരു സമൂഹമാണ് ചോലനായിക്കർ വിഭാഗം. ഒന്നിനെയും ഭയപ്പെടേണ്ടതില്ല, സമാധാനത്തിൽ പറയാം, നമുക്ക് ഓരോരുത്തർക്കും ഓരോ ക്യാരക്ടറുണ്ട് എന്നത് കമ്മ്യൂണിറ്റിയിലെ എല്ലാവർക്കും അറിയാം. അപ്പോ അതു വെച്ചിട്ടാണ് കമ്മ്യൂണിറ്റിക്കകത്ത് ഡീൽ ചെയ്യുന്നത് . നമ്മൾ ഇതിന്റെ ഡയറക്ട് ഓപ്പോസിറ്റായിട്ടുള്ള പൊതു സമൂഹത്തോട്ടാണ് വരുന്നത്. എന്തിനെയും ഭയക്കണം, ശ്രദ്ധ വേണം, വിവേചനം നേരിടാൻ സാധ്യതയുണ്ട്, അങ്ങനെയുള്ള ഒരുപാട് കാര്യങ്ങൾ... ട്രെയിനിൽ ഒക്കെ പോകുന്ന സമയത്ത് ചില സമയങ്ങളിൽ എന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്....നമ്മളോട് പേരായിരിക്കും ആദ്യം ചോദിക്കുക... വിനോദാണ്... പിന്നെ സ്വാഭാവികമായിട്ടും ജോലി ചോദിക്കും. അപ്പോൾ റിസർച്ച് ചെയ്യാണ്.....പിന്നെ പിന്നെയാണ് നമ്മൾ സംസാരിച്ചിട്ട് ട്രൈബാണെന്ന് അറിയ... സ്വാഭാവികമായിട്ടും പിന്നെ അവർ ഡിഫൻഡ് ചെയ്യാൻ പറയുന്നത് റിസർവേഷനല്ലേ... ഇപ്പോ ഫെല്ലോഷിപ്പ് പേര് പറഞ്ഞാലും അത് റിസർവേഷനല്ലേ.അങ്ങനെ ഓരോ തരത്തിലും നമ്മൾ എവിടെ ചെന്ന് കഴിഞ്ഞാലും അവരുടെയുള്ളിൽ ട്രൈബാണെന്ന കോൺസെപ്റ്റാണ്. അവരത് പല രീതിയിലൂടെ അവതരിപ്പിക്കുന്നു.ഇങ്ങനെയുള്ള ഒരുപാട് വെല്ലുവിളികൾ പൊതുസമൂഹത്തുണ്ടാവും. ഒന്ന് സമാധാനവും ഒന്ന് നേരെ ഓപ്പോസിറ്റ് ആണെന്നുമാണ് എനിക്ക് പറയാൻ ആഗ്രഹം. സത്യം പറഞ്ഞാൽ നമുക്ക് പൊതുസമൂഹത്തെ മാറ്റി നിർത്താൻ പറ്റില്ല, പൊതുസമൂഹം ഇന്ന് ഒരുപാട് വികസനങ്ങൾക്കും നേട്ടങ്ങൾക്കും പിന്നാലെ പോകുമ്പോൾ നമ്മൾ മാത്രം അവിടെ പഴയ ഒരു കമ്മ്യൂണിറ്റിയായിട്ട് നിക്കണോ എന്നൊരു ചോദ്യമുണ്ട്. കാരണം നമുക്ക് നമ്മുടെ കമ്മ്യൂണിറ്റിയിലെ എല്ലാ കുട്ടികൾക്കും എജ്യുക്കേഷൻ കിട്ടണം. എജ്യുക്കേഷൻ കിട്ടിയതിനുശേഷം നാട്ടിൽ നിൽക്കണോ കാട്ടിൽ നിൽക്കണോ എന്നവര് തീരുമാനിക്കണം. സ്വാഭാവികമായിട്ടും കമ്മ്യൂണിറ്റിക്ക് പൊതുസമൂഹത്തോട് ഒരു ഇൻട്രാക്ഷനുണ്ടാകും. കമ്മ്യൂണിറ്റിക്ക് അകത്തും ഒരു ഇൻട്രാക്ഷനുണ്ടാവും. അപ്പോൾ ഇത് രണ്ടും സംയോജിച്ച് പോകാനുള്ള ഒരു സാധ്യതയാണ് മുന്നിൽ കാണുന്നത്. രണ്ടും നല്ലതാണ്..ഒരു നെഗറ്റീവ് സൈഡുമുണ്ട്, ഒരു പോസിറ്റീവ് സൈഡുമുണ്ട്.



വർണ്ണം, ഭാഷ, മതം, ദേശം എല്ലാം സദുദ്ദേശത്തോടെ മനുഷ്യൻ ഉണ്ടാക്കിയതാണ്. ഇതിനെ മനുഷ്യർ കണ്ട കാഴ്ചപ്പാടിനാണ് പ്രശ്നം.

Farhan
Physical Science



**ഈയൊരു ട്രൈബൽ കമ്മ്യൂണിറ്റിയിൽ നിന്ന് ഇത്രയും ഉയർന്ന വിദ്യാഭ്യാസത്തിലേക്ക് പോവുന്ന ആദ്യത്തെ ആളാണല്ലോ സാർ. ഇതിന് ഏറ്റവും വലിയ മോട്ടിവേഷൻ എന്തായിരുന്നു? എനിക്ക് അങ്ങനെ പോവാൻ കഴിയും എന്ന ഒരു തോന്നൽ..അല്ലെങ്കിൽ അതിനു പ്രേരിപ്പിച്ച ഒരു ഘടകം എന്താണ്?**



ഇതിനകത്ത് ഒരുപാട് ഘടകങ്ങളുണ്ട്. ഒരു ട്രൈബൽകുട്ടി എങ്ങനെയാണ് ഇത്തരത്തിലെത്തുക എന്നൊരു ചോദ്യം കൂടി ഇതിൽ ചോദിക്കാനുള്ള സ്കോപ്പുണ്ട്. എന്റെ കൂടെ മഹിളാ സമഖ്യ സൊസൈറ്റി...അതുപോലെ തന്നെ കുറച്ച് വ്യക്തികളും ഉണ്ടായിരുന്നു. ഫാസിലാമ്മയെ പോലുള്ള രണ്ടു മൂന്ന് പേരുണ്ടായിരുന്നു. അവരാണ് എന്നെ +2 ൽ നിന്ന് കൈപിടിച്ച് ഉയർത്തിയത്. അതിനുശേഷം ഡിഗ്രിക്ക് പാലേമാട് കോളേജിന്റെ മാനേജർ ഭാസ്കരൻ പിള്ള സാറിന്റെ വീട്ടിൽ നിന്നായിരുന്നു പഠനം. അതിനു ശേഷം പി.എച്. ഡി വരെയുള്ള കാലഘട്ടം സുഹൃത്തുക്കളുടെ ഒരു കാലഘട്ടമായിരുന്നു. പത്താം ക്ലാസ്സ് പഠിപ്പിച്ച ഉണ്ണികൃഷ്ണൻ സാർ ഇടയ്ക്ക് പറയുമായിരുന്നു...നമ്മടെ ഈ കോളേജിൽ നിന്ന് മാറിയിട്ട് എന്തെങ്കിലും ചിന്തിക്കണമെങ്കിൽ യൂണിവേഴ്സിറ്റിയാണ് ഏറ്റവും നല്ലത് എന്ന്. ഒരു അച്ഛന്റെ സ്ഥാനത്ത് നിന്ന് കുസാറ്റിൽ ജോയിൻ ചെയ്യിപ്പിക്കുന്നത് സാറായിരുന്നു . അത്തരത്തിൽ ഒരുപാട് ആളുകളുടെ പ്രയത്നം എന്റെ കാര്യത്തിലുണ്ട്. ഒരു ട്രൈബൽ കുട്ടിക്ക് എന്തുകൊണ്ടാണ് ഇത്തരത്തിലുള്ള ആളുകളുടെ സാന്നിധ്യം പ്രധാനം എന്നുവെച്ചാൽ, ഒന്നാമത് പഠനത്തിൽ വലിയ താല്പര്യമില്ല എന്നത് സത്യം. രണ്ട്, ഒരു പരിചയം ഇല്ല. നമ്മൾ പത്താം ക്ലാസിൽ എത്തിയ ഒരു ട്രൈബൽ കുട്ടിയോട് നീ എന്തിനാ പഠിക്കുന്നെ എന്ന് ചോയ്ച്ചാൽ, കേട്ട് പരിചയമുള്ള കുറച്ച് ജോലികളുണ്ട്...ഡോക്ടർ, പോലീസ്, എൻജിനീയർ...അത് മാത്രമാണ് പറയാൻ കിട്ട. അതിനകത്തുനിന്ന് നമുക്ക് മനസ്സിലാക്കാൻ പറ്റും നമ്മളൊരു ഇടുങ്ങിയ ലോകത്തിലാണുള്ളതെന്ന്. എനിക്ക് മാറി ചിന്തിക്കാൻ പറ്റിയതിന്റെ കാരണം ഇതാണ് ; ഓരോ മാഷുമാരും ഓരോ വിഷയത്തിൽ എൻഗേജ്ഡ് ആയിരിക്കും...ചിലപ്പോൾ സ്പോർട്സ് ആവാം...ആർട്സ് ആവാം...അങ്ങനെ ഓരോ ഘട്ടത്തിലും ചെറിയ ചെറിയ നോളജ് ക്യാച്ച് ചെയ്തു. എനിക്കും പഠിക്കാൻ ബുദ്ധിമുട്ടാണ്. ഇരുന്നു പഠിക്കാനോ എന്നെ ഇരുത്തി പഠിപ്പിക്കുന്നതോ എനിക്കിഷ്ടമല്ല. എനിക്ക് ഞാൻ സ്വന്തം പഠിച്ചെടുക്കുന്നതാണ് ഇഷ്ടം. അതൊരു നേച്ചറാണ്. അപ്പോ ആ ഒരു നേച്ചറിൽ പഠിച്ചിട്ടാണ് ഞാൻ ഇത്രയും എത്തിയത്. പിന്നെ ആരും പ്രഷർ തന്നിട്ടില്ല, മാക്സിമം മാർക്ക് വാങ്ങണം എന്ന് ആരും പറഞ്ഞിട്ടില്ല. ജയിച്ചാൽ കൊള്ളാം...പിന്നെ നമുക്ക് ജയിക്കണ്ടേ എന്നൊരു തോട്ട് കൂടി വന്നിട്ട്... അങ്ങനെയൊക്കെയാണ് ഒരുപാട് എത്തിപ്പെട്ടത്.



**സാറിന്റെ ഫാമിലിയെക്കുറിച്ച് പറയാമോ?**

ഞങ്ങൾ എട്ടു മക്കളാണുള്ളത്. എല്ലാവരും ബേസിക് എജ്യുക്കേഷൻ കിട്ടിയിട്ടുള്ള ആളുകളാണ്. അച്ഛൻ പഠിച്ചിട്ടില്ല, ബട്ട് എഴുതാനും വായിക്കാനുമൊക്കെ അറിയാം. സ്വന്തമായിട്ട് പഠിക്കാനൊക്കെ താല്പര്യമുള്ള ആളാണ്. അതിന്റെ ഒരംശമാണ് അനിയത്തിമാരിലും നമ്മളിലുമൊക്കെ തട്ടിത്തടഞ്ഞു പോയത്. അമ്മയും രണ്ടാം ക്ലാസ് വരെ പഠിച്ചിട്ടുണ്ട്. അത്യാവശ്യം നല്ല ക്വാളിറ്റിയുള്ള പണ്ടത്തെ രണ്ടാം ക്ലാസായതുകൊണ്ട് നമുക്ക് പറഞ്ഞു തരാനൊക്കെയുള്ള ബേസിക് എജുക്കേഷൻ ഉണ്ടായിരുന്നു. പിന്നെ മുത്തച്ഛനായിരുന്നു ഏറ്റവും കൂടുതൽ സപ്പോർട്ട് ചെയ്തത്. അന്ന് കമ്മ്യൂണിറ്റിയിലെ മൂപ്പനായിരുന്നു അദ്ദേഹം. കമ്മ്യൂണിറ്റിയിലെ അഞ്ച് കുട്ടികളെ വിദ്യാഭ്യാസത്തിന് സഹായിച്ചത് അദ്ദേഹമാണ്. അദ്ദേഹത്തിന് സ്വന്തം എഴുതാനും വായിക്കാനും പഠിക്കാൻ താല്പര്യം വന്ന് എഴുപത് എൻപത് വയസ്സിൽ വരെ ട്രൈ ചെയ്തുകൊണ്ടിരിക്കുകയായിരുന്നു..അപ്പോ അങ്ങനെ ഒരു ചെറിയ എജ്യുക്കേഷൻ ബാഗ്രൗണ്ട് കമ്മ്യൂണിറ്റിയിൽ നിന്ന് തന്നെ കിട്ടിയിട്ടുണ്ട്. പിന്നെ വീട്ടിലെ എല്ലാവരും.. അച്ഛൻ, അമ്മ.. എല്ലാവരും നമ്മുടെ സെറ്റിൽമെന്റിൽ തന്നെയാണ് താമസിക്കുന്നത്. ഞാനിപ്പോ പഠനാവശ്യത്തിനായിട്ട് പുറത്താണ് ഉള്ളത്.



**തങ്ങളുടേതല്ലാത്ത ഒരു കാരണം കൊണ്ട് പൊതുസമൂഹത്തിൽ നിന്നും മാറ്റിനിർത്തപ്പെട്ട ജനസമൂഹങ്ങളെ മുൻ ധാരയിലേക്ക് കൊണ്ടുവരാൻ വേണ്ടിയാണ് സംവരണം എന്ന ആശയം അംബേദ്കറെ പോലുള്ളവർ മുന്നോട്ടുവെച്ചത്. പക്ഷേ ഇപ്പോ സംവരണത്തെ ക്രിട്ടിസൈസ് ചെയ്യുകയും സംവരണം എന്നത് സാമ്പത്തികമായി വരേണ്ടതാണ് എന്നുമുള്ള ഡിസ്കഷൻ വരുന്നുണ്ടല്ലോ അതിനെ കുറിച്ച് ...?**



ഇപ്പോൾ ട്രൈബൽ കമ്മ്യൂണിറ്റിയിൽ നമ്മുടെ ട്രിവാൻഡ്രം, കൊല്ലം, ഇടുക്കി പോലുള്ള ജില്ലകളിൽ ഏറ്റവും ഹൈ ക്ലാസ്സായിട്ടുള്ള ഫാമിലിയുണ്ട്. അതേപോലെ പിവിടിസി അഞ്ചു ഗ്രൂപ്പ്സുണ്ട്, കേരളത്തിൽ. ഏഷ്യയിൽ തന്നെ, എകണോമിക്കലി, സോഷ്യലി ഏറ്റവും ബാക്ക് വേർഡായി ജീവിക്കുന്ന ആളുകളാണ് ഇവർ. ഇവർക്ക് രണ്ടുപേർക്കും ഒരേ റിസർവേഷനാണ് വരുന്നത്. അപ്പോ നമ്മൾ ഇവിടെ സാമ്പത്തികം, അല്ലെങ്കിൽ, ഒരു മാനദണ്ഡം വെച്ച് രണ്ടാക്കേണ്ടതുണ്ട് എന്നാണ് ഞാൻ വിചാരിക്കുന്നത്. അല്ലെങ്കിൽ ഒരു 10-20 വർഷത്തേക്ക് വാങ്ങുന്ന ആളുകൾ തന്നെ സംവരണം വാങ്ങിച്ച്, ആ കുട്ടികള് മാത്രം അങ്ങനെ ഡെവലപ്പ് ചെയ്തുകൊണ്ടിരിക്കും. നമ്മുടെ മലബാറിലെ ട്രൈബ്സ് എപ്പോഴും ഇതേ പൊസിഷനിൽ ഒരു ട്രൈബായിട്ട്...ഒരു മീഡിയ പേഴ്സണായിട്ട്.... ഇങ്ങനെ വളരും എന്നല്ലാതെ ഒരു മാറ്റവും സംഭവിക്കാൻ പോകുന്നില്ല. എന്തെങ്കിലും ഒരു സംവരണം വേണം. സാമ്പത്തികമാവാം അതിന്റെ മാനദണ്ഡം , അല്ലെങ്കിൽ സോഷ്യലി ആവാം, അങ്ങനെയില്ലെങ്കിൽ വേറെ മാറ്റങ്ങൾ ഒന്നും ട്രൈബ്സിന്റെ ഇടയിൽ വരാൻ സാധ്യതയില്ല എന്നാണ് സംവരണത്തിലൂടെ മനസ്സിലാക്കുന്നത്.

പഴയകാലവുമായി താരതമ്യം ചെയ്യുമ്പോൾ ഇന്നത്തെ കാലത്ത് വിവേചനങ്ങൾ കുറവാണ് എന്നിരുന്നാലും നിലനിൽക്കുന്നുണ്ട്.

Faisal

Arabic



**ഈയടുത്ത് സത്യഭാമ, കലാഭവൻ മണിയുടെ അനിയൻ ആർ.എൽ.വി. രാമകൃഷ്ണനെ കുറിച്ച് പറഞ്ഞതുമായി ബന്ധപ്പെട്ട വിഷയം ശ്രദ്ധിച്ചുകാണുമല്ലോ. പൊതു സമൂഹത്തിൽ കുറച്ചു വിഭാഗമെങ്കിലും ഇങ്ങനെ വിഭാഗീയത കാണിക്കുന്നുണ്ട്. അവരോട്, അല്ലെങ്കിൽ പൊതുസമൂഹത്തിന്റെ കാഴ്ച്ചപ്പാടിനോട് എന്താണ് പറയാനുള്ളത്?**

ജനറേഷൻ മാറിയതിനനുസരിച്ച് മാറ്റങ്ങൾ സംഭവിക്കാൻ സാധ്യതയുണ്ടെന്നാണ് ഞാൻ വിശ്വസിക്കുന്നത്. ഇപ്പോ കൂടുതലും പഴയൊരു ജനറേഷൻ കണ്ടു വന്നിട്ടുള്ള ജീവിതരീതിയുണ്ട്, നമ്മുടെ പഴയ ഒരു ജീവിത രീതി. അതൊന്ന് മാറി ചിന്തിക്കണെങ്കിൽ ഒരു കാലഘട്ടം കഴിയണം. നമ്മുടെ ജനറേഷൻ കൊറേകൂടി എഡ്യുക്കേറ്റഡ് ആണ്, അത്യാവശ്യം നല്ല രീതിയിൽ സമൂഹവുമായിട്ട് പൊരുത്തപ്പെട്ടൊക്കെ ജീവിക്കാൻ പറ്റുന്ന, രണ്ടുവശം ചിന്തിക്കാൻ കഴിവുള്ള ആളുകളാണ്. പഴയ ജനറേഷൻ എന്ന് പറയുമ്പോൾ അവരുടെ ഫിക്സഡായ കുറെ ചിന്താഗതികളുണ്ടാവും. ആ ചിന്താഗതി വെച്ചാണ് അവരിപ്പോഴും ജീവിക്കുന്നത് എന്നാണ് ഞാൻ വിശ്വസിക്കുന്നത്. ആ ഒരു ചിന്താഗതി നമ്മളിലൂടെ മാറ്റിയെടുക്കാം എന്നുള്ളതേ ഉള്ളൂ. ഇപ്പോൾ പറഞ്ഞ സിറ്റുവേഷനെ കുറിച്ച് പറയാണേൽ അവരുടെ ഒരു നോളജ് കുറവെന്നെ പറയാൻ പറ്റുള്ളു.



**സർ, ഞങ്ങൾക്ക് ചോലനായിക്കർ വിഭാഗത്തെ കണ്ടു പരിചയമില്ലെങ്കിലും ST/SC കമ്മ്യൂണിറ്റികൾ താമസിക്കുന്ന ഏരിയകൾ അടുത്തുണ്ട്. അവിടെയൊക്കെ കുട്ടികളെ, അധ്യാപകർ ആ സ്ഥലത്തു ചെന്ന് സ്കൂളിലേക്ക് പിടിച്ചു വലിച്ചു കൊണ്ടുവരേണ്ട സാഹചര്യമാണുള്ളത്. വിദ്യാഭ്യാസത്തോടൊരു താൽപര്യം അവർക്കില്ല. അറിയാത്തതുകൊണ്ടാകാം.. അപ്പോൾ വിദ്യാഭ്യാസം കൊണ്ടുള്ള ചേഞ്ച് ഇങ്ങനെയുള്ള കുട്ടികളിൽ കൊണ്ടുവരാൻ പറ്റുമോ?**



എന്റെ കാഴ്ചപ്പാടിൽ... ട്രൈബൽ കുട്ടികൾ എല്ലാരും, അവരുടെ കമ്മ്യൂണിറ്റി പെഴ്സ്പെക്റ്റീവിൽ, എഡ്യുക്കേറ്റഡാണ്. മരം കേറാൻ അറിയാം, പുഴയിൽ നീന്താൻ അറിയാം, ഏത് വെള്ളത്തിലും അവർ പിടിച്ചു നിൽക്കും, അതൊക്കെ എഡ്യുക്കേഷന്റെ ഭാഗമാണല്ലോ. വിദ്യാഭ്യാസം സിലബസ് ഓറിയന്റഡായി വരുമ്പോഴാണ് അവര് താല്പര്യം കാണിക്കാത്തത്. ഒന്ന് അവരുടെ നേച്ചർ... നീന്താൻ തോന്നുമ്പോൾ നീന്താ.. കുളിക്കാൻ തോന്നുമ്പോൾ കുളിക്കും... അങ്ങനെയൊരു കൾച്ചറാണ്, അവർക്കുള്ളത്. ആ ഒരു കൾച്ചറിൽ നിന്ന് സ്ട്രിക്റ്റ് ആയിട്ടുള്ള കൾച്ചറിലോട്ട് വരുമ്പോൾ... ഇപ്പോ ക്ലാസ്സിൽ ഇരിക്ക.. അതൊന്നും അവരുടെ ഒരു ശൈലിയല്ല.. പിടിച്ചിരുത്തേണ്ട കാര്യമില്ല. പിന്നെ ഇതുപോലെ തന്നെ പൊതു സ്കൂളുകളിൽ പോകുമ്പോൾ ട്രൈബാണെന്നുള്ള വേർതിരിവുണ്ടാവുമല്ലോ... അതും അവര് ഫേസ് ചെയ്തു വരുന്നുണ്ട്.



**നമ്മുടെ സ്കൂളുകളിലെ സിലബസിൽ ട്രൈബ്സ്നെ പരിചയപ്പെടുത്തിയാൽ അവരെ കുറിച് കൂടുതൽ വ്യക്തമായ ധാരണ പൊതുസമൂഹത്തിന് ലഭിക്കില്ലെ? അത്തരം മുന്നേറ്റങ്ങൾ നടക്കുന്നുണ്ടോ?**

ഇപ്പൊ കവിതകളൊക്കെ വരുന്നുണ്ട്. എട്ടാം ക്ലാസിലെയോ ഏഴാം ക്ലാസിലെയോ പുതിയ കവിത ഒരു ഉദാഹരണമാണ്. അതിനേക്കാൾ, സോഷ്യലി ട്രൈബ് എന്താണെന്നുള്ള പെർസ്പെക്റ്റീവാണ് ആദ്യം കൊടുക്കേണ്ടത്. നമ്മളെ സംബന്ധിച്ച് അതുതന്നെ കിട്ടിയത് വലിയ ഭാഗ്യമാണ്. സിലബസിൽ ഉൾപ്പെടുത്തി, വ്യക്തമായി ട്രൈബ്സ്നെ കുറിച്ച് കുട്ടികൾക്കു പറഞ്ഞുകൊടുത്തെങ്കിൽ മാത്രമേ കാട്ടുവാസി എന്നുള്ള വിളി മാറിക്കിട്ടുള്ളു. കാരണം, സ്വാഭാവികമായിട്ടും ആളുകളിൽ നിന്ന് കേട്ടിട്ടാണല്ലോ കുട്ടികൾ വിളിക്ക, അപ്പോ അതൊരു കൾച്ചറാണ്.. സമൂഹത്തിൽ നിൽക്കുന്നത്.. ഇത് മാറണമെങ്കിൽ ഈ പറഞ്ഞ രീതിയിലേക്ക് മാറ്റിയെടുക്കണം.



**താങ്കളുടെ കമ്മ്യൂണിറ്റിയെ നോക്കിക്കാണുമ്പോൾ ബാക്കിയുള്ളവർക്ക് ഒരു റോൾ മോഡലായി , അവരെ ഉയർത്തിക്കൊണ്ടു പോവാനുള്ള പ്രവർത്തനങ്ങളായിരിക്കില്ലേ സാർ എടുക്കുക ?**

ഞാൻ തുടങ്ങിയിട്ടുണ്ട്. എന്റെ കമ്മ്യൂണിറ്റിയിലെ പത്താം ക്ലാസ്, പ്ലസ് ടു കഴിഞ്ഞ എല്ലാ കുട്ടികളെയും ഗൈഡ് ചെയ്യുന്നത് ഞാനാണ്. ഓരോ കുട്ടിയുടെ കാര്യത്തിലും പ്രത്യേകം ശ്രദ്ധിച്ച് അവരുടെ അപ്ഡേഷൻസ് സാറുമാരോട് ചോദിച്ച്, അവരുടെ വീക്ക് പോയിന്റ് എന്താണെന്നും അവരുടെ ക്വാളിറ്റി എന്താണെന്നും സാറുമാരോട് പറഞ്ഞു കൊടുത്തും അവരെ നമ്മളിങ്ങനെ മെനഞ്ഞെടുക്കുന്ന പോലെയാണ്. അവർക്കുള്ള ഗുണം എന്നുവെച്ചാൽ നമുക്ക് കിട്ടിയ ബുദ്ധിമുട്ടൊന്നും വരാൻ സാധ്യതയില്ല. അവർക്ക് സപ്പോർട്ട് ചെയ്തു നിൽക്കാൻ എനിക്ക് പറ്റും. എഡ്യുക്കേഷൻ മേഖലയിലാണ് ഞാൻ കൂടുതൽ ഫോക്കസ് ചെയ്യുന്നത്. ഞാനിതിനു മുൻപേ ഒരു കുട്ടിയുടെ മൊത്തം ചെലവ് പ്ലസ് വൺ, പ്ലസ് ടു സമയത്ത് എടുത്തു നടത്തിയിട്ടുണ്ട്. മുമ്പേ നാലു കുട്ടികളുണ്ടായിരുന്നു ആ നാല് കുട്ടികളുടെ ചെലവും ഞാനാണ് വഹിച്ചത്.





**ഞങ്ങളിപ്പോൾ ഭാവിഅധ്യാപകരാകാനുള്ള തയ്യാറെടുപ്പിലാണ്. എന്താണ് ഞങ്ങൾക്ക് നൽകാനുള്ള അഡ്വൈസ്?**

അടുത്തൊരു തലമുറയാണ് നമ്മൾ വാർക്കേണ്ടത് എന്നൊരു ബോധ്യം എല്ലാ ടീച്ചേഴ്സിനും വേണം എന്നുള്ളതാണ്. ഒരുപാട് കുട്ടികളെ വാർത്തെടുക്കുക എന്ന് പറയുമ്പോൾ ഒരു സമൂഹത്തെയാണ് നമ്മൾ വാർത്തെടുക്കുന്നത്. ആ സമൂഹം ഏറ്റവും ഭംഗിയുള്ളതായിരിക്കണം. നമ്മള് ആ ഭംഗിയുള്ള സമൂഹത്തിന്റെ ഭാഗമാവുക എന്നത് നമ്മുടെ ഒരു ഭാഗ്യമായിരിക്കണം എന്ന് ചിന്തിച്ചിട്ട് വേണം മുന്നോട്ടു പോവാൻ.

സ്കൂളുകളിലും കോളേജുകളിലും പരീക്ഷയുടെ മാർക്കിന്റെ പേരിൽ ടീച്ചേഴ്സ് മറ്റു കുട്ടികളുടെ മുന്നിൽ നിന്നു കാണിക്കുന്നതും വിവേചനം തന്നെയാണ്.

Hiba Thasneem
Arabic

# അതിസാഹസികതയുടെ അന്ത്യം

പതിവിലും നേരത്തെയാണ് ഇന്ന് മാസിൻ എണീറ്റത്. ആദ്യംതന്നെ തലേന്ന് പാക്ക് ചെയ്തു വച്ച ട്രാവൽബാഗിലേക്കാണ് അവൻ കണ്ണോടിച്ചത്. പതിവിലും വേഗതയിൽ ഒരുങ്ങി പ്രാതൽ കഴിക്കുന്നതിനിടയിൽ കുറച്ചുദിവസം കാണാൻ കഴിയില്ല എന്ന് മുന്നിൽകണ്ട് അവൻ ഉമ്മയോട് വാ തോരാതെ സംസാരിച്ചുകൊണ്ടിരുന്നു. അവന്റെ കണ്ണിലെ സന്തോഷവും വാക്കുകളിലെ കുളിർമയും ഉമ്മ നന്നായി ആസ്വദിക്കുന്നുണ്ടായിരുന്നു.

ഒടുവിൽ 'ഡൽഹി' എന്ന സ്വപ്നയാത്ര യാഥാർത്ഥ്യമാക്കാൻ അവൻ കൂട്ടുകാരോടൊപ്പം തിരിച്ചു. പാതയോരങ്ങളിൽ ഉള്ള ഓരോ കാഴ്ചകളും അവൻ അവന്റെ ക്യാമറ കണ്ണുകളിൽ പകർത്തുന്നുണ്ടായിരുന്നു. കൂടാതെ, അവ ഓരോന്നും ഉമ്മാക്ക് വാട്സാപ്പിൽ അയച്ചു കൊടുക്കുന്നുണ്ടായിരുന്നു. യാത്ര പോവാത്ത ഉമ്മയ്ക്ക് വീഡിയോകളിലൂടെ താൻ അവിടെ സഞ്ചരിച്ചു കഴിഞ്ഞു എന്ന് തോന്നുന്ന വിധം ആയിരുന്നു അവന്റെ വിവരണം. മാസിൻ അവന്റെ ജീവിതത്തിലെ ഓരോ ദിനങ്ങളും നിമിഷങ്ങളും ആസ്വദിച്ചു കൊണ്ടേയിരിക്കുകയായിരുന്നു.

ഇന്ത്യയുടെ തലസ്ഥാന നഗരിയും പരിസരങ്ങളും ചുറ്റിക്കറങ്ങി ഒടുവിൽ നാട്ടിലേക്ക് തിരിക്കാൻ മാസിനും സുഹൃത്തുക്കളും തീരുമാനിച്ചു. എന്നാൽ, അവന്റെ മനസ്സിന്, "കാശ്മീർ" എന്ന സ്വപ്നഭൂമിയെ കയ്യെത്തും ദൂരത്ത് ഉപേക്ഷിച്ചു പോരാൻ തോന്നിയില്ല. ഒറ്റയ്ക്കുള്ള കാശ്മീർ യാത്രയെ സുഹൃത്തുകളെല്ലാം ഉപേക്ഷിക്കാൻ നിർബന്ധിച്ചെങ്കിലും മനസ്സാഗ്രഹിക്കുന്നിടത്തേക്ക് ശരീരത്തെ കൊണ്ടുപോവാൻ  അവൻ തീരുമാനിച്ചു. ഒടുവിൽ ഉമ്മയെ വിളിച്ച് അവൻ ഒരു വിധത്തിൽ സമ്മതിപ്പിച്ചു. "കാശ്മീർ" കീഴടക്കുക എന്ന ലക്ഷ്യവുമായി അവൻ മുന്നോട്ടു നീങ്ങി. ഭൂമിയിൽ



ഒരു സ്വർഗ്ഗം ഉണ്ടെങ്കിൽ അത് കാശ്മീർ തന്നെയാണെന്ന് അവന്റെ ക്യാമറ കണ്ണുകൾ ഒരിക്കൽ കൂടി തെളിയിച്ചുകൊണ്ടിരുന്നു. ബേസ് ക്യാമ്പ് അറ്റൻഡ് ചെയ്യാതെയുള്ള മഞ്ഞു മലകൾ കീഴടക്കാനുള്ള അവന്റെ ശ്രമം അതിസാഹസികത നിറഞ്ഞതായിരുന്നു. ഒടുവിൽ നിരോധിത മേഖല എന്ന ബോർഡ് കണ്ടഭാവം നടിക്കാതെ അവൻ തണുത്തുറഞ്ഞ മഞ്ഞുമലകൾ കേറിക്കൊണ്ടേയിരുന്നു. ഇടയ്ക്ക് എവിടെയോ വെച്ച് കാലുകൾ തളർന്നതായി അവന് തോന്നി. ശരീരത്തിന്റെ കിതപ്പ് കാരണം മുന്നോട്ട് ചലിക്കാത്ത പോലെ അവന് തോന്നിത്തുടങ്ങി. എങ്കിലും മനസ്സിന്റെ അടങ്ങാത്ത ആഗ്രഹം അവനെ മുന്നോട്ട് ചുവട് വയ്ക്കാനായി പ്രേരിപ്പിച്ചു കൊണ്ടേയിരുന്നു. അവന്റെ ആ അതിസാഹസികത മഞ്ഞിൻ കൂമ്പാരത്തിലേക്ക് ബോധരഹിതനായി വീഴുന്നത് വരെ തുടർന്നുകൊണ്ടിരുന്നു. തന്റെ ഹൃദയം നിശ്ചലമായി കൊണ്ടിരിക്കുന്നതായി അവനു തോന്നി. സഹായത്തിനായി ചുറ്റും കണ്ണുകൾ പരതിയെങ്കിലും ആരെയും കണ്ടില്ല. തന്റെ തൊണ്ടയിൽ നിന്നുയർന്നു വന്ന സഹായവിളികളൊന്നും ആരും കേട്ടില്ല. രണ്ടുദിവസം മകന്റെ വിളികളോ മെസ്സേജുകളോ വരാതിരുന്നപ്പോൾ റേഞ്ച് ഇല്ലാത്തതാവാം എന്ന് ഉമ്മ സ്വയം സമാധാനിപ്പിച്ചുകൊണ്ടിരുന്നു. എന്നാൽ പതിവിനു വ്യത്യാസമായി ഒരു അൺനോൺ  നമ്പറിൽ നിന്നും ഫോൺകോൾ വന്നപ്പോൾ മാസിനാവും എന്ന പ്രതീക്ഷയിൽ ഉമ്മ ഫോണെടുത്തു. ഹിന്ദിയിൽ അയാൾ ചോദിച്ച വാക്കുകളിൽ നിന്ന് 'മാസിൻ' എന്ന പേരും 'മാം' എന്ന വാക്കും ഉമ്മാക്ക് മനസ്സിലായിരുന്നു. ഉറച്ച ശബ്ദത്തിൽ അതെ, മാസിന്റെ ഉമ്മയാണെന്ന് പറഞ്ഞു. പക്ഷേ തിരിച്ചിങ്ങോട്ടുള്ള സന്ദേശം തന്റെ മകൻ മരണപ്പെട്ടിരിക്കുന്നു എന്നതായിരുന്നു. ആ സംസാരം ഉമ്മയെ നിശ്ചലയാക്കി, താനും ഭൂമിയിലേക്ക് ആണ്ടു പോയെങ്കിൽ എന്നവർ ഒരു നിമിഷം ആശിച്ചു. ആ വാർത്ത പരന്നതോടെ കുടുംബാഗങ്ങളും ആളുകളും നിറഞ്ഞൊഴുകി. അവന്റെ ആഗ്രഹങ്ങൾക്കനുസരിച്ച് പണിത വീട് ഒടുവിൽ അവനായി കാത്തിരുന്നു.
മാസിന്റെ ചേതനയറ്റ ശരീരം കിടന്നത് ഇന്ത്യ-നേപ്പാൾ ബോർഡറിലെ നിയന്ത്രിത മേഖലയിലായതുകൊണ്ട്തന്നെ ആ ശരീരം ഇന്ത്യയിൽ എത്താൻ ഒരുപാട് നിയമ പ്രശ്നങ്ങൾ നേരിടേണ്ടി വന്നു. രണ്ടുദിവസം തോരാതെ പെയ്തിരുന്ന മഴ ആ ഉമ്മയുടെയും കുഞ്ഞുപെങ്ങൾ ഷെസയുടെയും കണ്ണുനീരിന് കൂട്ടായിരുന്നു. ഒടുവിൽ ഒരാഴ്ചയുടെ കാത്തിരിപ്പിന് ശേഷം മാസിന്റെ ചേതനയറ്റ ശരീരം അവന്റെ വീട്ടിലെത്തി. തനിക്ക് എതിർക്കാൻ പറ്റുമായിരുന്ന ഈ യാത്ര എതിർത്തില്ലല്ലോ...... എന്ന ഖേദത്തിൽ ആ ഉമ്മയും ബാപ്പയും മോന്റെ ചേതനയറ്റ ശരീരത്തെ നോക്കി വിലപിച്ചുകൊണ്ടിരുന്നു. ഇന്ന് ഓരോ കൗമാരക്കാരെയും കാണുമ്പോൾ തന്റെ മകനുപറ്റിയ തെറ്റ് അവർക്ക് പറ്റാതിരിക്കാനായി ആ ഉമ്മ പറഞ്ഞുകൊണ്ടേയിരിക്കുന്നു. "ട്രെൻഡിനൊപ്പം നീങ്ങാനായി ഈ കൗമാരം കാട്ടിക്കൂട്ടുന്ന ഓരോ സാഹസികതയും തീരാഅപകടത്തിലേക്കാണെന്ന്". ഒരുപക്ഷേ മകന്റെ ഓർമ്മകൾ അവരുടെ ഹൃദയത്തെ എത്രയോ തവണ നിശ്ചലമാക്കിയിരിക്കണം. മകനെ ഓർത്ത് മനസ്സിലെ ഉണങ്ങാത്ത മുറിവുമായി ഇന്നും ആ ഉമ്മ ജീവിച്ചുകൊണ്ടിരിക്കുന്നു....

ഹന അൻവർ
നാച്ചുറൽ സയൻസ്



ഉരുകി അമരുമ്പോൾ, സമ്പത്തോ നിറമോ കൂടെ ഉണ്ടാവില്ല,
ആറടി മണ്ണ് മാത്രം...

Mekha R Krishnan
Natural science

# ശീതകാല ഓർമ്മകൾ



നീലാകാശം സാക്ഷിയായി തൻ മാതാവിൻ
അരികിൻ നിന്നകന്നേ പോയൊരു മഞ്ഞുത്തുള്ളി

കാതങ്ങൾ ഏകയായി യാത്രയിൽ
ഭൂമിയിലെത്താൻ കൊതിച്ചിതാ

അകലെ പ്രതീക്ഷ വറ്റിയ മരചില്ലയിൽ കുഞ്ഞു
നാമ്പിൽ നിന്നൊരി തളിരില

പച്ചയാം തളിരിലയിൽ മുത്തുപോൽ കിരണങ്ങൾ
പതിഞ്ഞിതാ

മഞ്ഞുത്തുള്ളി തൻ വേർപാടിൽ ദിനകരൻ
കൈപൊത്തി കരയവേ

തട്ടിത്തടഞ്ഞിതാ തളിരിലയിൽ പതിച്ചു ഹിമകണം

തളിരില തൻ നെറുകയിൽ നിന്ന് കുശലം
പറഞ്ഞിതാ മഞ്ഞുകണം

സമയം കടന്നുപോകവെ പ്രഭാകിരണങ്ങൾ
വന്നുപതിക്കവെ

തളിരിലയോട് യാത്ര പറയാതെ എങ്ങോ
യാത്രയായി മഞ്ഞുത്തുള്ളി

മഞ്ഞിൽ നടനമാടിയ ശീതകാലത്തിൽ നിന്ന്
വസന്തകാലത്തേക്ക് നിങ്ങവേ

പ്രതിക്ഷയാൽ പൂക്കളാൽ നിറഞ്ഞൊരി
മരതാളുകളിൽ

ശീതകാല ഓർമ്മകൾ പേറി കാലം കഴിച്ചിതാ
തളിരില

ബിജിഷ
ഫിസിക്കൽ സയൻസ്




Women should be considered equally. Why do we put them aside and what is the need to put them aside? Why teach girls to go and work in the kitchen? Hope for changing society. A better future is coming, waiting for it.....

Shifa Sherin

Social science

# ജാതിയുടെ പേരിലുള്ള



21-ആം നൂറ്റാണ്ടിന്റെ പുരോഗമന ലോകത്തിൽ അഭ്യസ്തവിദ്യരായ ആധുനികമനുഷ്യർ എന്ന പദവിയിൽ അഭിരമിക്കുന്ന നമ്മുടെ സമൂഹത്തിൽ ഇന്നും പ്രത്യക്ഷമായോ പരോക്ഷമായോ നിലനിൽക്കുന്ന വ്യവസ്ഥിതിയാണ് ജാതീയത. ജാതിയുടെ അടിസ്ഥാനത്തിൽ ഒരു വ്യക്തിയെ വിലയിരുത്തുന്ന കുടിലമായ മനോഭാവം വലിയതോതിൽ ഇന്നും കാണാൻ സാധിക്കും. ഒരു പരിഷ്കൃത സമൂഹത്തെ ഇന്ത്യയിൽ പടുത്തുയർത്താൻ അഹോരാത്രം പരിശ്രമിച്ച പൂർവികരെ അപമാനിക്കുന്ന തരത്തിലുള്ള സംഭവങ്ങൾ ജാതിയുടെ പേരിൽ ദിനംപ്രതി അരങ്ങേറുന്നു. സമൂഹത്തിലെ ഉന്നതർക്ക് സ്വന്തം നേട്ടങ്ങളും അധികാരങ്ങളും ഊട്ടിയുറപ്പിക്കാനുള്ള ഒരു ആയുധമായി ജാതി മാറുന്ന സാഹചര്യമാണ് നിലവിലുള്ളത്.

സമൂഹത്തിൽ ജാതീയതയുടെ ഇരുണ്ട കൈകൾ ഇപ്പോഴും പിടിമുറുക്കി നിലക്കുന്നുവെന്നതിന് നേർസാക്ഷ്യമാണ് വാർത്തകളിൽ ഇപ്പോഴും ഇടംപിടിക്കുന്ന ജാതിയുടെ പേരിലുള്ള ദുരഭിമാനക്കൊലകൾ. പ്രബുദ്ധരെന്നും വിദ്യാസമ്പന്നരെന്നും അവകാശപ്പെടുന്ന മലയാളികൾക്കിടയിലും ജാതീയത ആഴത്തിൽ വേരിറങ്ങി നിൽക്കുന്നുവെന്നതിന്റെ അടയാളമാണ് നമ്മുടെ മനസാക്ഷിയെ പിടിച്ചുലച്ച കെവിൻ എന്ന യുവാവിന്റെ ദാരുണമായ കൊലപാതകം. താഴ്ന്ന ജാതി എന്നു സമൂഹം നിർവചിച്ചു വെച്ചിട്ടുള്ള ജാതിയിൽ ജനിച്ചതിനാൽ കെവിനെ അംഗീകരിക്കാതെ, നീനുവിന്റെ കുടുംബം നിഷ്ക്കരുണം ഇല്ലാതാക്കിയ പൈശാചികത നമ്മുടെ കൺമുമ്പിൽ വെളിപ്പെടുത്തിയത് ഇന്നും ജാതികോണിലൂടെ മാത്രം വ്യക്തികളെ വിലയിരുത്തുന്ന ആളുകളുടെ വികല മനോഭാവം തന്നെയാണ്. സമൂഹത്തിൽ ബഹുമാനിക്കപ്പെടുന്ന വിദ്യാസമ്പന്നരായ ഒരു കുടുംബം ഇത്തരത്തിൽ ക്രൂരത പ്രവർത്തിക്കുമ്പോൾ അത് വലിയൊരു വിഭാഗം ജനങ്ങളുടെ സമാനമായ ചിന്താഗതിയിലേക്ക് വിരൽചൂണ്ടുന്നു.

# ദുരഭിമാനക്കൊല

പുറമെ ജാതീയതക്കെതിരെ വാചാമഗോചരം നടത്തുമെങ്കിലും സ്വന്തം ജീവിതത്തിൽ പലരും കടുത്ത ജാതിവാദികൾ ആയി മാറുന്നത് പണ്ടെങ്ങോ മനസ്സിൽ അടിയുറച്ച പ്രമാണങ്ങൾക്ക് ഇപ്പോഴും അടിമപ്പെട്ട് കിടക്കുന്നത്കൊണ്ട് തന്നെയാണ്.  ദുരഭിമാനക്കൊലകൾ പല കാരണങ്ങൾ മൂലം നടക്കുന്നുവെങ്കിലും ഇന്ത്യയിലെ സാമൂഹികസാഹചര്യത്തിൽ ജാതിയുടെ പേരിലാണ് ഇവ പ്രധാനമായും അരങ്ങേറുന്നത്. ഇതരജാതിയിൽപെട്ട പങ്കാളികളെ മക്കൾ വിവാഹം കഴിക്കുന്നത് അപമാനമായി കാണുകയും അതിന്റെ പേരിൽ ഒരു കൊലപാതകം പോലും ചെയ്യാൻ ധൈര്യപ്പെടുന്ന ഭയാനകമായ അവസ്ഥയിലേക്ക് ജാതി മനുഷ്യനെ കൊണ്ടെത്തിക്കുന്നു. ഇങ്ങനെ എത്രയോ ജീവിതങ്ങൾ ജാതിയുടെ പേരിൽ നിരന്തരം ബലിക്കഴിക്കപ്പെടുന്നു. ഒരു മനുഷ്യൻ എങ്ങനെയാണ് മറ്റൊരുവനേക്കാൾ താഴ്ന്നവൻ ആകുന്നത്!ഏത് പരിതസ്ഥിതിയിൽ ആരുണ്ടാക്കിയതാണെങ്കിലും ജാതിവ്യവസ്ഥക്ക് ഇന്നത്തെ ചലനാത്മകമായ ലോകത്ത് യാതൊരു പ്രസക്തിയും ഇല്ലെന്ന് മാത്രമല്ല, അത് പുരോഗമനത്തിന്റെ പാതയിൽ നമുക്ക് പ്രതിബന്ധം സൃഷ്ടിച്ചുകൊണ്ട് സമൂഹത്തെ കാർന്നു തിന്നുന്ന അർബുദംപോലെ നമ്മെ കീഴ്പ്പെടുത്തുന്നു. ഇന്ത്യയിലെ സാമൂഹികമായി പിന്നാക്കം നിൽക്കുന്ന, വിദ്യാഭ്യാസം ലഭിക്കാത്ത ഇടങ്ങളിൽ  ജാതിവിവേചനം പ്രത്യക്ഷമായി തന്നെ നിലനിൽക്കുന്നു. കേരളത്തിൽ അത്ര രൂക്ഷമല്ലെങ്കിലും വിവാഹം പോലുള്ള കാര്യങ്ങൾ പരിഗണിക്കുമ്പോൾ മനസ്സിൽ പൂർണമായും എരിഞ്ഞടങ്ങാത്ത കനൽ പോലെ ജാതീയത വെന്തുരുകാൻ തുടങ്ങുന്നു.

ജാതിയുടെ പേരിലുള്ള ദുരഭിമാനക്കൊലകൾ അവസാനിക്കണമെങ്കിൽ സമൂഹമൊന്നാകെ വിശാലമായ കാഴ്ചപ്പാടിലേക്ക് മാറേണ്ടതുണ്ട്. മാറ്റം ഉണ്ടാകേണ്ടത് ഓരോ വ്യക്തിയുടെയും മനസ്സിലും വിചാരങ്ങളിലുമാണ്.  ജീവിതപങ്കാളിയെ സ്വയം തിരഞ്ഞെടുക്കാനുള്ള അവസരം പോലും ഇല്ലാത്ത ഒരു നാട് എങ്ങനെയാണ് പരിഷ്കൃതമാവുക! ജാതിയെ അടിസ്ഥാനമാക്കി വ്യക്തികളെ വിലയിരുത്തുന്ന മ്ലേച്ഛമായ പ്രവണത വിലക്കപ്പെടേണ്ടതാണ്. ഈ അവസരത്തിൽ നാം ഊന്നൽ കൊടുക്കേണ്ടത് പ്രാഥമിക വിദ്യാഭ്യാസത്തോടൊപ്പം തന്നെ കുട്ടികളിൽ പരിഷ്കൃത ചിന്തകൾ വളർത്തിയെടുക്കാനുള്ള പ്രത്യേക അവബോധപരിപാടികൾക്കാണ്.  കേവലം വിദ്യാഭ്യാസം നേടിയത് കൊണ്ട് മാനസികമായ ഉയർച്ച ഉണ്ടാവണമെന്നില്ല, അതിനാൽ ലോകത്തുണ്ടാകുന്ന മാറ്റങ്ങളെ തിരിച്ചറിഞ്ഞ്കൊണ്ട് അവയോടൊപ്പം ചലിക്കാനുള്ള തയ്യാറെടുപ്പ് ചെറുപ്രായത്തിലെ ആരംഭിക്കണം. ജാതി പോലുള്ള യുക്തിരഹിതമായ സമ്പ്രദായത്തെ ഇനിയും പരിപോഷിപ്പിക്കേണ്ടതില്ലെന്ന് തിരിച്ചറിയുന്ന ഒരു തലമുറയാണ് വളർന്നു വരേണ്ടത്. ജാതിഭേദമന്യേ ഉള്ള ബന്ധങ്ങളും വിവാഹങ്ങളും സ്വാഭാവികമായി സമൂഹത്തിൽ നടക്കുന്ന അവസ്ഥ ഉരുത്തിരിഞ്ഞുവരണം. വ്യക്തിയുടെ ആഗ്രഹങ്ങൾക്കും തീരുമാനങ്ങൾക്കും പ്രാധാന്യം കല്പിക്കുന്ന, എല്ലാവരെയും തുല്യരായി കാണുന്ന ഒരു സമൂഹം വാർത്തെടുക്കാനുള്ള പരിശ്രമങ്ങളിൽ നാം ഓരോരുത്തരും പ്രതിജ്ഞാബദ്ധരായി പങ്കെടുക്കേണ്ടതുണ്ട്. ശോഭനമായ ഒരു ഭാവിക്കായി ഈ നിമിഷം മുതൽ നമുക്ക് പ്രയത്നിച്ചുതുടങ്ങാം.

**അമിത എം**
**ഫിസിക്കൽ സയൻസ്**

# “ഭോ ഭേഡ്”

## (ഒരു കൊടൈക്കനാൽ യാത്ര)

രാത്രി ഏറെ ഇരുൾ മങ്ങിയിരിക്കുന്നു. ഉറക്കത്തിൻ മധ്യത്തിൽ, എവിടെയോ വെച്ചൊന്ന് ഞെട്ടി ഉണർന്നു. ഭീമാകാരമായ ഒരു സ്വപ്നം... അത് എന്നിൽ ഭയം മുള പൊട്ടിച്ചിട്ടുണ്ട്. എനിക്ക് എന്തോ നഷ്ടപ്പെടാൻ പോകുന്നുവെന്ന തോന്നൽ. അത് നേടിയെടുക്കണം എന്ന ജിജ്ഞാസ. അതു നേടിയെടുക്കാനായി നീ ഓടണം എന്ന കൽപ്പന. നഷ്ടം വളരെ അടുത്താണെന്നും നിനക്ക് നേടാൻ ഉള്ളതുടനെ കൈപ്പറ്റണമെന്നുമുള്ളൊരു മന്ത്രണം ഞാൻ കേട്ടുകൊണ്ടിരിക്കുന്നു.

അതിനുവേണ്ടിയുള്ള യാത്ര ആരംഭിക്കുകയായി. യാത്ര ദീർഘമാണെന്ന ബോധ്യം എനിക്കുണ്ട്.

പുലരാൻ കാക്കുന്നില്ല. പ്രയാണം ആരംഭിച്ചു.

അലക്ഷ്യമാണ് എങ്കിലും കണ്മുന്നിൽ ഒരു വെളിച്ചം വഴി കാണിക്കുന്നുണ്ട്.

സഹയാത്രികർ അധികവും ആനന്ദത്തിൽ അഭിരമിക്കുന്ന തിരക്കിലാണ്. മുന്നിൽ തിളങ്ങികൊണ്ട് വഴി കാണിക്കുന്ന ആ വെളിച്ചം അണയാതിരിക്കാൻ വേണ്ടിയെന്നോണം മറ്റൊന്നിലേക്കും ശ്രദ്ധ തിരിക്കാതെതന്നെ കാത്തു. അപ്രതീക്ഷിതമായാണ് പോകുന്ന വഴിയിൽ ഒരു തടസ്സം നേരിട്ടത്.

പൂരം... അർദ്ധരാത്രിയിൽ ആളുകൾ  പോകുന്ന വഴി ആകെ തടസ്സമായി നിൽക്കുന്നു. ഞാൻ സഞ്ചരിക്കുന്ന വാഹനവും മറ്റുള്ള വാഹനങ്ങളുമെല്ലാം ഈ തടസ്സത്തിന്റെ കുരുക്കിൽ പെട്ട് ദുഃഖത്തിലാഴ്ന്നു. പുറത്ത് ആഘോഷത്തിന്റെ കാഴ്ചകൾ. പൂരത്തിന്റെ ഘോഷയാത്രകൾ.. ഒന്നിലേക്കും എന്റെ ശ്രദ്ധ നൽകാൻ സാധിക്കുന്നില്ല.

വൈകിയാണേലും വണ്ടി ഞെങ്ങി ഞെരുങ്ങി ആ കുരുക്കിൽ നിന്നും പുറത്ത് വന്നു.

കഴിഞ്ഞദിവസം അനുഭവിച്ച ക്ഷീണത്തിന്റെ ആലസ്യത്തിലെന്നോളം ഞാൻ കുറച്ചു സമയം ഉറങ്ങിപ്പോയി. ഞെട്ടി ഉണർന്നപ്പോൾ ഒരുപാട് ദൂരം സഞ്ചരിച്ചിട്ടുണ്ട്. ഏകദേശം എത്താറായി എന്ന് എന്റെ കൂട്ടത്തിൽ ഉള്ള ഒരാൾ പറയുന്നത് കേട്ടു. ആനന്ദം!!"

ഞാനെന്റെ നിധിയിലേക്ക് കടക്കുകയാണ്. അത് ലഭിച്ചു കഴിഞ്ഞാൽ. തീർച്ചയായും ഞാൻ ആയിരിക്കും വിജയിക്കുന്നത്. പ്രയാണത്തിൽ ആദ്യത്തെ കടമ്പ കുറച്ചു ദുഷ്കരമാണെന്ന് തന്നെ പറയേണ്ടിവരും. ഒരു വലിയ പർവ്വതം കയറേണ്ടിയിരിക്കുന്നു.

ഞങ്ങളുടെ വാഹനത്തിന് ആ പർവ്വതം കയറാൻ സാധിക്കില്ല. അതുകൊണ്ടുതന്നെ പ്രത്യേകം തയ്യാറാക്കിയ ജീപ്പുകൾ.. നിധിയിലേക്ക് അടുക്കാനുള്ള ആവേശത്തിൽ ജീപ്പിന്റെ മുന്നിൽ തന്നെ സീറ്റ് ഉറപ്പിച്ചു.. കൂടെയുണ്ടായിരുന്നവർ എന്തൊക്കെയോ സംസാരിക്കുന്നുണ്ട്. അതിലേക്കൊന്നും ശ്രദ്ധ തിരിക്കാൻ എനിക്ക് സാധിച്ചില്ല എന്ന് തന്നെ പറയാം. എന്റെ കണ്ണുകൾ മുന്നിലേക്ക് തന്നെ പാഞ്ഞു കൊണ്ടേയിരുന്നു.. ചുറ്റിവളയുന്ന വഴികൾ.. രാത്രിയുടെ ഇരുട്ട് പതിയെ മാഞ്ഞു തുടങ്ങിയിരിക്കുന്നു.. നിരപ്പായ വഴിക്ക് ശേഷം കൂർത്ത കല്ലുകൾ കൊണ്ട് നിറഞ്ഞ പാത. ജീപ്പ് പരമാവതി അതിന്റെ നിയന്ത്രണം നഷ്ടപ്പെടാതെ മുന്നോട്ട് കുതിച്ചു. ഡ്രൈവർ വിജയ് എന്റെ വ്യഗ്രത കണ്ടിട്ടെന്നോണം ജീപ്പിന്റെ വേഗത കൂട്ടി. ആടിയുലഞ്ഞു പലഭാഗത്തായി ദേഹം ഇടിച്ചു. ഒടുവിൽ ആ പർവതത്തിന്റെ വളരെ ഉയരത്തിൽ ഒരിടത്ത് ആ വാഹനം നിന്നു.

ഇനി മുന്നോട്ട് പോകില്ല.. നടക്കേണ്ടി വരും.. വിജയ് മുന്നിൽ കണ്ട ഇടവഴി ലക്ഷ്യമാക്കി വിരൽ ചൂണ്ടി. അയാളുടെ കണ്ണുകൾ എന്നോട് എന്തോ സംസാരിക്കുന്നത് പോലെ തോന്നി. ഇനി ഒരല്പം പോലും ആലോചിക്കാനില്ല. സർവ്വ ശക്തിയുമെടുത്ത് ഓടി. അത്ര ഉയരത്തിൽ, എന്റെ ശ്വാസ നില തെറ്റുന്നുണ്ട്. അനിയന്ത്രിതമായി കിതക്കുന്നുമുണ്ട്.. വകവെച്ചില്ല. ആ മൺപാതയിലൂടെ ഓടി.. എന്തോ നേടിയെന്ന ആവേശത്തിൽ, ഓട്ടത്തിനിടയിൽ ഞാൻ ഉച്ചത്തിൽ അലറുകയും കൂവി വിളിക്കുകയുമുണ്ടായി.. ഓടിയെത്തിയത് ആ പർവതത്തിന്റെ ഏറ്റവും അഗ്രഭാഗത്ത് ആണ്. സൂര്യൻ വളരെയകലെ നിന്ന് അതിന്റെ യാത്ര ആരംഭിച്ചു കഴിഞ്ഞു. പക്ഷെ, ഉദിക്കുന്ന സൂര്യനെ സാക്ഷിയാക്കി ഞാൻ ദുഖിതനായി തല താഴ്ത്തി. ഞാൻ പ്രതീക്ഷിച്ചു വന്ന നിധി ആ പർവതത്തിൽ എവിടെയുമില്ല. ഗർജിച്ചു നിൽക്കുന്ന സിംഹപ്പാറയെ കൈ ചൂണ്ടി അലറി. ആ നിധിയെവിടെ..!

മനസ്സിൽ നിരാശ പടർന്നില്ല.. ഞാനാ പർവ്വതം ഇറങ്ങി..

പുതിയ വഴി ഉള്ളിൽ തെളിഞ്ഞു കണ്ടു.. അതൊരു ചന്ദനക്കാടാണ്.. അതേ... അറിയാം.. ചന്ദനക്കാടുകളിൽ കൂടിയാണ് ഞാൻ ഇവിടെ വരെ എത്തിയത്. വന്ന വഴി തിരിച്ചു. ശേഷം ഇരുൾ നിറഞ്ഞ ചന്ദനകാടുകളുള്ള ഒരിടമെത്തി. അന്വേഷിച്ചു. ചില ശർക്കര ഫാക്റ്ററികളവിടെയുണ്ടെന്ന ധാരണക്കപ്പുറം അവിടുത്തുകാർക്കൊന്നും അധികം അറിയില്ല.. എന്റെ ഉള്ളിലെ നിധി അവിടെയൊന്നുമില്ല എന്ന് തിരിച്ചറിഞ്ഞു. ഇരുന്നാലോചിച്ചു... തലപ്പുകഞ്ഞു... നീണ്ട പനമരങ്ങൾ... കരിമ്പു തോട്ടങ്ങൾ... കരിമ്പു ഭക്ഷണമാക്കുന്നവർ... ശർക്കര ആസ്വദിക്കുന്നവർ... അല്ല, ഈ ഗ്രാമത്തിൽ തേടി നടന്ന സ്ഥലമില്ല. ആലോചനയിൽ നേരത്തെ തെളിഞ്ഞ കാടുകൾ വീണ്ടും വന്നു. തെറ്റ് പറ്റിയിരിക്കുന്നു.!! അത് ചന്ദന കാടുകളല്ല. അത് വ്യത്യസ്തമാണ്. മറ്റെന്തോ.. അതെ, അവ പൈൻ മരങ്ങളാണ്. വളരെ ഭംഗിയിൽ, കൃത്യ ഇടവേളകളോടെ പൈൻ കാടുകൾ അന്വേഷിച്ചു, പൈൻ കാടുകളിൽ എത്തി ചേരണം. അറിഞ്ഞത് ഇനിയും കൂടുതൽ യാത്ര ചെയ്യണം എന്നാണ്. സാരമില്ല. ഇറങ്ങി തിരിച്ചതാണ്. കണ്ടെത്തണം... കൂടുതൽ ആവേശത്തോട് കൂടി യാത്ര തുടർന്നു . യാത്രയിൽ ഒരുപാട് പരീക്ഷണങ്ങളും അവയുടെ പാർശ്വഫലങ്ങളും അറിയാനായി. പലരും ചിരിച്ചു... ചിലർ കരഞ്ഞു... ഞാൻ അതിലേക്കൊന്നും പോയില്ല. ഒരു വരണ്ട യാത്ര. നിരപ്പായ പ്രദേശങ്ങളിൽ കൂടി... വൈവിദ്ധ്യമാർന്ന സംസാരത്തിൽ കൂടി... വേഷങ്ങളിൽ കൂടി...



മതത്തിന്റെയും ജാതിയുടെയും പേരിലുള്ള സംവരണം ഒഴിവാക്കുക. പഠിച്ച് ജയിച്ചവർ ഉയർന്നുരട്ടെ.

Theertha Das A
Physical science

വളരെ ഇരുട്ടി, രാത്രി. തണുപ്പ് പടർന്നിരിക്കുന്നു. വസ്ത്രം മാറ്റാൻ മനസ്സ് വന്നില്ല. മനസ്സ് വേറേതോ ലോകത്താണ്. ലക്ഷ്യം ഒരു വെളിച്ചമായി മുന്നിൽ കത്തി നിൽക്കുന്നു. ഞങ്ങൾക്ക് തങ്ങാനായി വാഹനം  ഒരിടത്ത് കൊണ്ടെത്തിച്ചു . ആനന്ദപരമായ ചുറ്റുപാടിൽ ഞാൻ മൂകനായി. പലഭാഗത്തായി ചുറ്റി നടന്ന്. തണുപ്പ് കൊണ്ടു. ചിന്തകൾക്ക് കൂട്ട് നിന്ന് എപ്പഴോ ഉറക്കത്തിലേക്ക് ആഴ്ന്നു.

ഞാൻ ആ നിധി കണ്ടെത്തിയിരിക്കുന്നു.!!! നിധി എന്റെ കൈകളിൽ... ആനന്ദത്താൽ  നിധി എന്റെ ഹൃദയത്തിൽ ചേർത്ത് പിടിച്ചു. ആ തണുപ്പിൽ ചൂട് പറ്റി.

പെട്ടെന്ന് സ്വപ്നം അവസാനിച്ചു, കണ്ണുകൾ തുറന്നു. തിരിച്ചറിഞ്ഞു. ഇനിയും നിധിയിലേക്കെത്തിയിട്ടില്ല. ഇനിയും യാത്ര ചെയ്യാനുണ്ട്.ഇപ്പോൾ പൈൻ കാടുകളിലാണ് . സമയം വൈകിച്ചില്ല. എഴുന്നേറ്റ് പ്രത്യേകമായി തയ്യാറാക്കിയ ചൂട് വെള്ളത്തിൽ കുളിച്ചു. യാത്ര ആരംഭിച്ചു.

.

ഇന്നെന്ത് വില കൊടുത്തും നിധി കണ്ടെത്തണം എന്ന ആവേശത്തിലായിരുന്നു. വാഹനം നിയന്ത്രിക്കുന്നവരോട് സമയത്തെ കുറിച്ച് ആരാഞ്ഞു. ആവശ്യമില്ലാതെ വ്യഗ്രതപ്പെട്ടു. അവരെയും ആവേശത്തിലേറ്റി.

.



നിധി തപ്പി എത്തിയ പച്ച വിധാനിച്ച പാർക്കിന്റെ വിസ്തൃതി കണ്ട് ഞാൻ തളർന്ന് ഇരുന്നു. സ്വയം പിറുപിറുത്തു 'അവസാനിപ്പിക്കാം'.... കൂടെ ഇല്ലെന്നും' എവിടെനിന്നൊക്കെയോ ഒരുൾവിളിയുമുണ്ട് താനും. ചുറ്റും കൂടിയവരിലേക്ക് നോക്കി. ഒരു വെളിച്ചം കടന്ന് വന്ന പോൽ എന്നിൽ ഒരു സന്തോഷം കടന്ന് വന്നു. എന്റെ ഉള്ളിൽ ഒരു ആശയം ഉദിച്ചു. കൂടെ വന്നവരെയും നിധി തപ്പാൻ ഉപയോഗപ്പെടുത്താം. പക്ഷേ അവരോട് എങ്ങനെ പറയും..? എന്റെ മുമ്പിൽ കാണുന്ന വെളിച്ചമല്ലാതെ നിധിയെക്കുറിച്ച് എനിക്ക് എന്തറിയാം? ഒന്നുമറിയില്ല. എങ്കിലും ആശയം ഞാൻ ഉപേക്ഷിച്ചില്ല. നിധിയിലേക്ക് എത്താവുന്ന സൂചനകൾ സഹയാത്രികർക്ക് വീതിച്ചു നൽകി. ആദ്യം കണ്ടെത്തി വരുന്നവർക്ക് സമ്മാനവും പ്രഖ്യാപിച്ചു. പക്ഷേ ആർക്കും അവിടെ നിധി കണ്ടെത്താനായി സാധിച്ചില്ല. പലരും കുറുക്ക് വഴികൾ ഉപയോഗിച്ചു. പലരും നൽകിയ സൂചനകൾക്കപ്പുറത്ത് മറ്റെന്തെല്ലാമോ തപ്പി നടന്നു. നിധിയുമായി ബന്ധമുള്ള ഒന്നും ആരും കൊണ്ടുവന്നില്ല. ചിലർ നിധിയാണെന്ന് വാദിക്കാൻ ശ്രമിച്ചു. പക്ഷേ വിഫലം.

പരിശ്രമങ്ങൾ കൊണ്ട് നിറഞ്ഞ ദിവസം. പൈൻ കാടുകളിലൂടെ അലഞ്ഞുതിരിഞ്ഞു നടന്നതും, കിലോമീറ്ററുകൾ ആഴമുള്ള ഗർത്തങ്ങൾക്ക് ചുറ്റും അരിച്ചു പെറുക്കിയതും, തിരക്കേറിയ കച്ചവടതെരുവുകളിൽ അലഞ്ഞുനടന്ന് - ഒടുവിൽ ആത്മഹത്യ മുനമ്പ് വരെ എത്തിയതും, വിസ്തൃതമായ തടാകങ്ങൾക്ക് ചുറ്റും കിലോമീറ്ററുകൾ നടന്നതും, എന്റെ ശരീരത്തിനെയും മനസ്സിനെയും ഒരുപോലെ ക്ഷീണിപ്പിച്ചു.

പ്രതീക്ഷകളത്രയും അവസാനിപ്പിച്ച് തിരികെ നാട്ടിലേക്ക് പുറപ്പെടുന്ന വാഹനത്തിൽ തലകുനിച്ചിരിക്കുകയല്ലാതെ മറ്റൊന്നും ചെയ്യാൻ കഴിഞ്ഞില്ല. കൂടെ ഇരിക്കുന്നവർക്കുള്ള സന്തോഷമൊന്നും എന്റെ മുഖത്ത് വരുന്നില്ല. മൂകത! കണ്ണുകളിൽ ഇരുണ്ടു കയറുന്ന, മനസ്സിനെ തളർത്തുന്ന 'നിരാശ' അതെന്നെ പിടികൂടിയിരിക്കുന്നു. യാത്രയുടെ മഹത്വത്തെ കുറിച്ച് പലരും വാഴ്ത്തുന്നു . കൂട്ടത്തിൽ നിർബന്ധിതനായി ഞാനും സംസാരിച്ചു. ശേഷം എന്റെ സീറ്റ് ലക്ഷ്യമാക്കി തിരിഞ്ഞു നടക്കാനൊരുങ്ങവെ വാഹനത്തിന്റെ ഡ്രൈവർ വണ്ടിയുടെ വേഗത കുറച്ചു. വാഹനത്തിന്റെ ഇടത്ത് ഭാഗത്ത് നോക്കാനും അവിടം ഒരു വെള്ളചാട്ടം ഉണ്ടെന്നും നിർദേശം നൽകി. ഈ വെള്ളചാട്ടത്തിന്റെ പ്രത്യേകതകളിൽ ഒന്ന് ; പലരും ഇവിടം വരെ വന്നു മുന്നോട്ട് പോകാൻ സാധിക്കാതെ തിരിച്ചു പോയിട്ടുണ്ടത്രേ. എന്തോ ഒരു പ്രത്യേകത ആ വെള്ളചാട്ടത്തിനുണ്ടെന്ന്. അതിലൊന്നും ശ്രദ്ധിക്കാൻ പൂർണമായി നിരാശ ബാധിച്ച, പ്രതീക്ഷ വറ്റിയ എന്റെ മനസ്സിന് സാധിക്കുന്നില്ല.

എന്തോ ബലിഷ്ഠമായ ഒരു ശക്തി എന്നെ പിടിച്ചു കുലുക്കി. പുറത്ത് വരാൻ നിർദേശിച്ചു. വെള്ളച്ചാട്ടത്തെ കുറച്ച് ദൂരെ മാറി നിന്ന് വീക്ഷിക്കാൻ സാധിച്ചു. നിരാശ ബാധിച്ച മുഖത്തോട് കൂടി ഞാൻ ആ വെള്ള വെള്ളച്ചാട്ടത്തെ നോക്കിയ നിമിഷം എന്റെ കണ്ണുകളിൽ കുത്തിത്തുളക്കുമാറ് വെളിച്ചം വന്നു പതിക്കുന്നു.... അതേ!! നന്നായി തിളങ്ങുന്ന ഒരു സ്രോതസ്സിൽ നിന്നുള്ള പ്രകാശം!! ആ വെള്ള ചാട്ടത്തിൽ നിന്നും വരുന്നു. രാത്രിയിലെ കൂരിരുളിൽ ആ രശ്മികൾ എനിക്ക് വളരെ വ്യക്തമാണ്. കൂടെയുള്ളവരിലേക്ക് ഒരു നോട്ടം പായിച്ചു. ആരും അത് നോക്കുന്നില്ല. കണ്ടതായി ഭാവിക്കുന്നില്ല. ഒരു പക്ഷെ അവർക്കാർക്കും അത് കാണാൻ സാധിക്കുന്നില്ലായിരിക്കും. കാഴ്ച പരിമിതമാണ്. വെള്ളച്ചാട്ടത്തിലേക്ക് കൂടുതൽ അടുക്കാൻ സാധിക്കുമോ എന്നതായി എന്റെ ചിന്ത. ഒരു വഴി ഉണ്ട്. പക്ഷെ ആ വഴി പൂട്ടിയിട്ടിരിക്കുകയാണ്. അതിനാൽ ആ പ്രതീക്ഷ അസ്തമിച്ചു . പക്ഷെ അവിടെ നിന്നും വിളിച്ചു പറയുന്നു ; 'ഇതിലൂടെ അടുത്തെത്താം' മറ്റൊരു വഴി!!
ഞാൻ വ്യഗ്രത കൂട്ടി, അകത്ത് പ്രവേശിച്ചു. പ്രകാശത്തിന്റെ ശോഭ വർധിച്ചു കൊണ്ടിരുന്നു. ആ വെളിച്ചത്തിന്റെ ആധിക്യം എന്റെ കണ്ണുകളടപ്പിച്ചു. വീണ്ടും തുറന്ന് നോക്കി. കഴിയുന്നില്ല. സാവധാനം വെളിച്ചത്തിന്റെ തീവ്രത കുറഞ്ഞു വന്നു. അതേ.. ഇത് അത് തന്നെ.. കഴിഞ്ഞ എത്രയോ കാലങ്ങളായി ഞാൻ അന്വേഷിച്ച ആ ഒന്ന്! ഇതാ എന്നിൽ എത്തി ചേർന്നിരിക്കുന്നു...

**ആദിൽ ബിൻ ഷെരീഫ്. ടി**
**ഫിസിക്കൽ സയൻസ്**

സമത്വമെന്നൊരാശയം മരിക്കുകില്ല ഭൂമിയിൽ..! നമുക്കു
സ്വപ്നമൊന്നുതന്നെ അന്നുമിന്നും എന്നുമേ..

Shahana KV
Physical science



# കാലമേ... ഞാനൊന്ന് പറഞ്ഞിടട്ടെ...

കാലത്തിന്റെ ഘടികാര മുഴക്കം
കാതോർത്ത് നോക്കവെ
കാലത്തോട് ഞാനൊരു
കാര്യം ചോദിക്കട്ടെ...
കാലമേ, എന്തിനു നീയത് വീണ്ടുമോർമിപ്പിക്കുന്നു.
കോലാഹലമായെത്തിയ
കൊറോണ എന്ന കാലൻ,
കാര്യമൊന്നുമറിയാത്ത
എത്രപേരുടെ കാത്തിരിപ്പിനെയാണ്
കാത്തു നിൽക്കാതെ
വിരാമമിട്ടത്.

എത്ര നിറങ്ങളാണ് മങ്ങിയത്
എത്ര വർണ്ണങ്ങളാണ്
നിറയൊഴിഞ്ഞത്
ആടിയും പാടിയും പറന്ന
എത്ര കിനാവുകളാണ്
ഏറിയും പേറിയും തീർന്നത്.

മൂടിക്കെട്ടി ഒറ്റക്കായ
പലദിന രാത്രികൾ
ഒന്നു തൊടാനാവാതെ
മൂകമായി പൊഴിച്ച
കണ്ണീരിൻ കഥകൾ
കാലമേ നിനക്കോർമ്മയുണ്ടോ?
വാക്കുകൾക്കധീതമാണ്
നീ തന്നു പോയ ആ
കൊറോണാ കാലം.

കാലമേ....
പകരം തരാനാവുമോ
പിരിഞ്ഞു പോയവരെ
മനസ്സിൽ നിന്ന് മറച്ചിടാമോ
മൺമറഞ്ഞതൊക്കെയും
കാലമേ....
കാര്യമായ് ഞാനൊന്നു
പറഞ്ഞിടട്ടെ...
ഭീതിയാണെനിക്ക്
ഓർത്തിടാനിപ്പോഴും
അരങ്ങൊഴിഞ്ഞെങ്കിലും
ഭാവങ്ങൾ മിന്നി മറയുന്നു
ഇന്നിപ്പോഴും......

നഷാത്ത്
അറബിക്

# ഒടിയൻ

ദ്രവിച്ചടർന്ന ചുണ്ണാമ്പ് തേച്ച കല്ലുകളിൽ
ആരോ ഒടിയൻ എന്നെഴുതി.

കറുപ്പിന്റെ വശ്യതയെ പ്രണയിച്ചവൻ
എന്നായിരുന്നത്രേ.... അതിനർത്ഥം...


നവമി അരവിന്ദ്
സോഷ്യൽ സയൻസ്





ഒപ്പനക്ക് നിറം പോരാത്തതിന്റെ പേരിൽ മണവാട്ടിയുടെ
കസേരയിൽ നിന്നും മാറ്റിനിർത്തപ്പെട്ട കുഞ്ഞിന്റെ നെടുവീർപ്പിനു
മറുപടി പറയാതെ നമുക്കെങ്ങനെ വേർതിരിവുകളെ കുറിച്ച്,
വംശീയതയെ കുറിച്ച് സംസാരിക്കാനാകും?


Renna Zainab P
English

# ഓർമ്മകൾ

ഓർമകളാണ് ചുറ്റും
കത്തിജ്വലിക്കുന്ന ഓർമ്മകൾ
ഒറ്റക്കിരിക്കുമ്പോൾ ഓടിയെത്തുന്ന
ഒരായിരം ഓർമ്മകൾ
അന്ന് ആർത്തു പെയ്ത മഴയത്തു
തട്ടിത്തെറിപ്പിച്ച മഴത്തുള്ളികളും
ഇണങ്ങിയും പിണങ്ങിയും തല്ലുകൂടിയും
നടന്ന സൗഹൃദങ്ങളും
കണക്കില്ലാതെ ചെയ്തു കൂട്ടിയ
കുരുത്തക്കേടുകളും
നഷ്ട ബാല്യത്തിന്റെ മധുരിക്കും ഓർമ്മകൾ
തുറന്നു പറഞ്ഞതും പറയാത്തതും
ഉള്ളിലൊതുക്കിയതുമായ പ്രണയങ്ങൾ
കൗമാരത്തിന്റെ ചിതലരിക്കാത്ത ഓർമകൾ
ഇരുട്ടേറിയ രാത്രികളിൽ
ഉറക്കം കട്ടെടുത്ത ദുഃസ്വപ്നങ്ങൾ
മറവി പണയം വെച്ച ഹൃദയങ്ങളിലെ
കയ്പേറിയ ഓർമ്മകൾ
അതെ, ഇരുട്ടത്ത് ഏറ്റവും കൂടുതൽ വ്യക്തത
മരണമില്ലാത്ത ഓർമ്മകൾക്ക് തന്നെയാണ്.

നിഷിദ
ഫിസിക്കൽ സയൻസ്






Diversity is not a goal, it's our foundation. Discrimination is not an option, its an unacceptable

Thasleena N
Natural science

# ഏനിലെ ജാമിഅഃ "ലുക് ദാ ഏൻ ഉലകം"

ബി എഡിനായി ജാമിഅഃ തിരഞ്ഞെടുക്കുമ്പോൾ മനസ്സുനിറയെ അങ്കലാപ്പായിരുന്നു. കേട്ടറിഞ്ഞ ജാമിഅഃ ഇരുമ്പഴികൾ ചിന്നി ചിതറിയത് നേരനുഭവങ്ങളിലൂടെ തന്നെയാണ്.

കയറിപ്പറ്റിയ അന്നുമുതൽ കൂടെകൂടിയ 10-13 ആൺകുട്ടികളും ഒരുപാട് പെൺപിള്ളേരുമായി ക്ലാസുകൾ തുടങ്ങി. ആർട്സ് , സയൻസ് ബാച്ച് കളാക്കി തിരിക്കാനുള്ള പ്രിൻസിപ്പാളിന്റെ അനൗൺസ്മെന്റ് വരുന്നതുവരെ എല്ലാം സുഗമമായി തുടർന്നു. ബാച്ച് തിരിച്ചതിന്റെ ഗൗരവം അറിയാതെ ഉല്ലസിച്ചിരിക്കുമ്പോഴാണ് ബി ക്ലാസ്സിൽ 39 പെൺകുട്ടികൾക്ക് ഒരു ആൺകുട്ടി ആണെന്നും ആ 'ലവൻ' ഈ ഞാനാണെന്നും, ആകാശത്ത് ഇരുട്ടടി വീണപോലെ ഞാൻ തിരിച്ചറിഞ്ഞത് . ഒരുപാട് തവണ സ്റ്റാഫ് മുറികളും പ്രിൻസിപ്പൽ ക്യാബിനും കയറിയിറങ്ങി ഫലമുണ്ടായില്ല. ഒടുവിൽ വീട്ടിൽ പറഞ്ഞു ബി.എഡ് നിർത്തണമെന്ന് വാശിപിടിച്ചു നോക്കി. ഒടുവിൽ വീട്ടുകാരുടെ സമ്മർദ്ദം കൊണ്ടും മറ്റുമായി പെങ്ങമ്മാർക്ക് ആങ്ങളയായി തുടരാൻ നിർബന്ധിതനായി. അതിനിടയിൽ ഒരുവനെ വിളിച്ച് എന്റെ വിഷമം പറഞ്ഞു "ദിവസവും ഒരു ഹവർ പെൺകുട്ടികളുടെ കുടെ ഒറ്റയ്ക്കിരിക്കേണ്ട അവസ്ഥയാടാ, പെട്ടുപോയി". ബി എഡ് കാലഘട്ടം മുഴുവൻ പെൺകുട്ടികളുടെ കൂടെ ഒറ്റയ്ക്ക് ഇരിക്കേണ്ടേ എന്നോർത്തു ഞാൻ ഒന്ന് ചിരിച്ചു. വീണ്ടും ക്ലാസുകൾ തുടങ്ങിയപ്പോൾ ഞാൻ ബാക്ക് ബെഞ്ചിൽ സ്ഥാനം പിടിച്ചു. ഒരിക്കൽ ക്ലാസ്സിന് ഇടയിൽ ഇലക്ഷൻ സംബന്ധമായ വാർത്ത നോക്കുന്നതിനിടയിൽ കയ്യോടെ പൊക്കുന്നതുവരെ എന്തുകൊണ്ടും സുരക്ഷിതമായ ഒരു സ്ഥാനമുണ്ടായിരുന്നു.വളരെ ജാള്യയോടെയാണ് ഫസ്റ്റ് ബെഞ്ചിൽ പോയിരുന്നത്. ഏറ്റവും മുന്നിലായതിനാൽ എല്ലാവരുടെയും പരിഗണനയും ശ്രദ്ധയും എന്നിലേക്കായി. തിരിഞ്ഞു നോക്കുമ്പോൾ എല്ലാവരെയും ഒരു പോലെ പരിചയപ്പെടാനും ബിഎഡ് കാലഘട്ടത്തിലെ വിരസത നീക്കുവാനും കാരണമായ സാറിന്റെ തീരുമാനത്തോട് ഞാൻ ഒരുപാട് കടപ്പെട്ടിരിക്കുന്നു.

**ഫർഹാൻ**
**ഫിസിക്കൽ സയൻസ്**



Discrimination flowrish in silence. So speak against it.

Anaswara A
Natural science

# കറുപ്പ്

നിറമില്ലാത്തവനും നിറമേകിയ
നിഴലിനുമേഴഴക്.....

ജുമാന
ഇംഗ്ലീഷ്



# കാലമേ മാറിചിന്തിക്കുവിൻ !

പുതു ലോകം അതായത്, ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ ലോകം! അല്ല, കടന്നു കയറ്റം എന്നു വേണം പറയാൻ.കാരണം ഇപ്പോൾ എല്ലാത്തിനും വേണ്ടത് ഒറ്റ കാര്യമാണ്, AI. ഇന്നത്തെ സമൂഹം ഏറെ പ്രതീക്ഷയോടെ കാത്തിരുന്നതും പ്രശംസാതീതമായി വരവേറ്റതുമായ, അതേ സമയം ആശങ്കകളും നിറഞ്ഞ ഒന്നാണ് AI കാലത്തെ അധ്യാപനം. വിദ്യാർത്ഥികൾ, കൂടെ അധ്യാപകരും മറ്റും ഒരുപാട് ആശ്രയിച്ചിരിക്കുന്ന ഒരു പഠനാന്തരീക്ഷം എന്നു പറയുന്നത് AI ഉൾപ്പെടുത്തിക്കൊണ്ടുള്ളവയാണ്. എന്നിരുന്നാലും ഈ പുതുയുഗത്തിലേക്ക് ഇപ്പോഴും എത്തിപ്പെടാത്ത പലരുമുണ്ട്താനും.

AI കാലത്തെ അധ്യാപന സാഹചര്യങ്ങളിലേക്ക് ഒന്ന് എത്തി നോക്കിയാൽ നമുക്ക് കാണാൻ കഴിയുന്നത് അനേകം കുട്ടികളുടെ ആവേശവും താല്പര്യവുമാണ്. ഡിജിറ്റലൈസ്ഡ് അല്ലെങ്കിൽ കമ്പ്യൂട്ടറൈസ്ഡ് പഠനാന്തരീക്ഷമാണ് കുട്ടികൾക്ക് ആവശ്യം. ആധുനിക സ്കൂൾ കാലഘട്ടത്തിൽ കമ്പ്യൂട്ടറുകളുടെ ഉപയോഗം ഇല്ലാത്ത ഒരു ക്ലാസ്സോ മറ്റു പരിപാടികളോ സംഘടിപ്പിക്കുന്നില്ല. വിദ്യാർത്ഥികൾക്കും അതിലുപരി അധ്യാപകർക്കും ഇന്ന് കമ്പ്യൂട്ടർ ഇല്ലാത്ത ഒരു സാഹചര്യത്തെക്കുറിച്ച് ചിന്തിക്കാൻ പോലും പറ്റുന്നില്ല. ഇന്ന് വിദ്യാർത്ഥികളുടെ ഏറ്റവും വലിയ ആവശ്യം അധ്യാപകർ തന്നെ വേണ്ട എന്നുള്ളതാണ്. ഞങ്ങളെ പഠിപ്പിക്കാൻ ഇനി അധ്യാപകരുടെ ആവശ്യമില്ല പകരം ഒരു കമ്പ്യൂട്ടറും ഇന്റർനെറ്റും തന്നാൽ മതിയെന്നായിരുന്നു ഒരു സർവ്വേയിൽ കുട്ടികളുടെ ആവശ്യം. സത്യത്തിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ സ്വാധീനമാണ് നമുക്ക് ഇവിടെ കാണാൻ കഴിയുന്നത്. ഒന്നു ചിന്തിച്ചു നോക്കൂ ! അധ്യാപകരില്ലാത്ത ഒരു ക്ലാസ് റൂം. എന്തിനും ഏതിനും AI. പൂർണമായും AI എന്ന യുഗത്തെ ആശ്രയിച്ചിരിക്കുന്ന ഒരു സമൂഹം. ക്ലാസ് റൂം നിയന്ത്രിക്കാനും അധ്യാപനത്തിനും മറ്റു പൊതു പരിപാടികൾക്കും ഒരു റോബോട്ട്. ലോകം നമുക്ക് ചിന്തിക്കാവുന്നതിനും അപ്പുറത്താണ്. റോബോട്ടിനെ ഫ്രെയിം ചെയ്തിട്ടുള്ള ഒരുപാട് സിനിമകൾ ഇറങ്ങിയത് നമ്മൾ ഇടക്കെങ്കിലും കണ്ടിട്ടുണ്ടാവും. അതിലെല്ലാം കാണിക്കുന്നത് ഒരു വ്യക്തിയുടെ അല്ലെങ്കിൽ ഒരു സമൂഹത്തിന്റെ നിരവധി ആവശ്യങ്ങൾ നിറവേറ്റുന്ന ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ സ്വാധീനത്തിൽ പ്രവർത്തിക്കുന്ന റോബോട്ടിനെയാണ്. നമ്മളെല്ലാം ഒരിക്കൽ എങ്കിലും ആഗ്രഹിച്ചിട്ടുണ്ടാവും ഇത്തരം ഒരു AI സഹായം. കുട്ടികളുമായി നടത്തിയ അഭിമുഖത്തിൽ അവർ പറഞ്ഞത് അവർക്ക് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഇല്ലാത്തൊരു അധ്യാപനമോ ക്ലാസ് റൂമോ ചിന്തിക്കാൻ കഴിയില്ലെന്നായിരുന്നു. ഒരു സെമിനാർ അവതരിപ്പിക്കാനോ, പ്രോജക്ട് തയ്യാറാക്കാനോ നമുക്ക് വേണ്ടത് ഒന്നേയുള്ളൂ; AI-യുടെ സഹായം. പണ്ട് ട്രഡീഷണൽ സ്കൂൾ സമ്പ്രദായത്തിൽ പേപ്പറുകളിലും ചാർട്ടിലും കാർഡ്ബോർഡിലും ഷീറ്റുകളിലും ആശയങ്ങൾ എഴുതി ടെക്സ്റ്റ് പുസ്തകത്തിന്റെ സഹായത്തോടെ ഒരു ടീച്ചർ സെന്റേർഡ് ആയിട്ടുള്ള പഠനാന്തരീക്ഷമായിരുന്നു ഉണ്ടായിരുന്നത്. അതിനുവേണ്ടി ഒരുപാട് കഠിനാധ്വാനം ചെയ്യേണ്ടി വന്നിരുന്നു കൂടെ സമയ നഷ്ടവും . ഇത്തരത്തിൽ പഠിപ്പിക്കാൻ ആവശ്യമായ സാമഗ്രികൾ വാങ്ങാനും ഉണ്ടാക്കാനും ഒരു വലിയ തുകയും ചെലവഴിക്കേണ്ടി വന്നിരുന്നു . എന്നാൽ AI-യുടെ വരവ് ഈ തടസ്സങ്ങളെല്ലാം നീക്കി. ആർട്ടിഫിഷ്യൽ ഇന്റലിജൻസ് പഠനാന്തരീക്ഷം തന്നെ മാറ്റിമറിച്ചു. കാലം നമ്മളെ മാറ്റി ചിന്തിപ്പിച്ചു എന്ന് വേണം പറയാൻ. കാലമേ നീ മാറി ചിന്തിക്കേണ്ടിയിരിക്കുന്നു എന്നത് ഏറ്റവും ഉചിതമായത് AI-യുടെ വരവോടെയാണ്.

ഒരു മുസ്ലിം സ്ത്രീക്ക് എന്ത് സ്വാതന്ത്ര്യം എന്ന് ചോദിക്കുന്നവരോട്..
ഇതുതന്നെയാണ് എന്റെ സ്വാതന്ത്ര്യം

Aysha Hanna TV
English

AI യുടെ വരവോടെ കുട്ടികൾക്ക് ആവേശകരമായ രസകരമായ ഒരു പഠനാന്തരീക്ഷം സൃഷ്ടിക്കപ്പെടുകയുണ്ടായി. പഠനം ഏറെ സുഗമമായി, ഏതുസമയം എന്തു വേണമെങ്കിലും കിട്ടും എന്നുള്ളിടത്ത് എത്തിനിൽക്കുന്നു   ഇതിന്റെ സ്വാധീനം. സമയനഷ്ടവും കഠിനാധ്വാനവും ഇല്ലാതാക്കാൻ AI യ്ക്കു കഴിഞ്ഞു. പഠനച്ചെലവും ഇതുവഴി കുറഞ്ഞു കിട്ടി. അധ്യാപകർക്കും ഇത് ഏറെ സഹായകമായി. മാത്രമല്ല, നമുക്ക് എന്ത് പഠിക്കണമെങ്കിലും എപ്പോൾ പഠിക്കണമെങ്കിലും മറ്റു സഹായ സഹകരണങ്ങളില്ലാതെ പഠനാവശ്യങ്ങൾ നിറവേറ്റാൻ ഇതിലൂടെ സാധിക്കുന്നു. എന്തിന് ! ഇപ്പോൾ ഒരാൾക്ക് സ്പോക്കൺ ഇംഗ്ലീഷ് പഠിക്കണമെങ്കിൽ അതും ആരും കാണുകയോ അറിയുകയോ ചെയ്യാത്ത രീതിയിലാവണമെങ്കിലും അതിനും വഴിയുണ്ട്. AI വിദ്യയിൽ പേഴ്സണൽ ട്രെയിനറായി നമുക്കു മുന്നിൽ വരുന്നത് ഒരു റോബോട്ടാണ്. എന്ത് പറഞ്ഞാലും അത് തെറ്റാണെങ്കിൽ പോലും കുഴപ്പമില്ല. കേൾക്കുന്നത് ഒരു റോബോട്ടല്ലേ? ആര് അറിയാനാണ് ഇതെല്ലാം. നമ്മുടെയൊക്കെ ഒരു ഭാഗ്യം അല്ലേ? ഒന്നു ആലോചിച്ചു നോക്കു !

നാം ഒരു അപകടത്തിൽപ്പെട്ടിരിക്കുകയാണ്, നമ്മുടെ കൈയ്യിലെ എന്തെങ്കിലും ഉപകരണം വഴി AI-യ്ക്ക് സന്ദേശമെത്തിച്ച് രക്ഷിക്കുന്ന ഒരു സാഹചര്യം. എത്ര മനോഹരം! AI യുടെ സഹായത്തോടെ നമ്മൾ രക്ഷപ്പെട്ടു. മറ്റു ആളുകളുടെ സഹായം  വേണ്ട, AI  മാത്രം. ഇത്തരം ഒരു യുഗത്തിലേക്കാണ് നാം നീങ്ങിക്കൊണ്ടിരിക്കുന്നത്. എന്നാൽ ഇതിനു പിന്നിലെ അപകടങ്ങൾ നമ്മൾ തിരിച്ചറിയേണ്ടതുണ്ട്.



AI കാലഘട്ടം ഒരുപാട് ആശങ്ക നിറഞ്ഞതാണ്. ആദ്യത്തെ ആശങ്ക തൊഴിലില്ലായ്മ തന്നെയാണ്. AI സ്വാധീനം ഏറ്റവും കൂടുതൽ ബാധിക്കുന്നത് നമ്മൾ അധ്യാപകരെയാണ്. കാരണം അധ്യാപകരാണ് മറ്റെല്ലാ ജോലികളെയും വാർത്തെടുക്കുന്നത്. അധ്യാപകർക്ക് പകരം AI വന്നാൽ എന്തായിരിക്കും അവസ്ഥ. AI-യെ നിയന്ത്രിക്കാനായി രണ്ടോ മൂന്നോ പേരൊഴികെ മറ്റൊരു സ്റ്റാഫിന്റെയും ആവശ്യം ഒരു സ്കൂളിന് ഉണ്ടായിരിക്കില്ല. ഒരൊറ്റ അധ്യാപകർ ഇല്ല, ക്ലാസ്സെടുക്കാനും പരിപാടികൾ നടത്താനും എല്ലാം AI. വിദ്യാർത്ഥികൾക്ക് എന്തെങ്കിലും സംശയങ്ങളുണ്ടെങ്കിൽ പെട്ടെന്ന് തന്നെ തീർന്നു കിട്ടുമെന്നൊരു പ്രതീക്ഷയുണ്ട്. വിദ്യാർത്ഥികളുടെ മാനസിക പ്രശ്നങ്ങൾ എങ്ങനെയാണ് AI പരിഹരിക്കുന്നത് എന്നെല്ലാം നാം കണ്ട് അറിയേണ്ടിയിരിക്കുന്നു.

അധ്യാപനത്തിൽ AI-യുടെ ഇടപെടൽ എത്രത്തോളമുണ്ടെന്നുള്ളത് നാം അനുഭവിച്ചറിയുക തന്നെ ചെയ്യണം. വെറുതെ ഊഹിക്കേണ്ടതില്ലല്ലോ. അതിലോട്ടെത്തിപ്പെടാൻ ഇനി അധികസമയമൊന്നുമില്ല. നിമിഷങ്ങൾ മാത്രം, അല്ല.. എത്തിക്കഴിഞ്ഞിരിക്കുന്നു.

"പുതു കരകൾ തേടാം
പുലരൊളികൾ കാണാം
അറിഞ്ഞ് അനുഭവിച്ച് ജീവിക്കാം
AI യുഗത്തിലൂടെ...."

ഹിബ കബീർ
ഫിസിക്കൽ സയൻസ്




എല്ലാം വെളുപ്പായാൽ എങ്ങനെ എഴുതും,? എങ്ങനെ വായിക്കും?

Sharanya K
Natural science

# അവൾ



ഇന്നലെ രാവിലുമവൾ പെയ്തിറങ്ങി
സുഖ നിദ്രയിൽ തലച്ചായ്ച്ചുറങ്ങുന്ന
യെന്നെ സ്വപ്നങ്ങളുടെ സ്വർഗ
കവാടങ്ങളിലേക്കാനയിക്കുവാൻ

നിശബ്ദതയിറ്റുമാ അന്ധകാരത്തിൽ
ആരോ മധുരമായ് പാടിയ വരികളായി മാറിയവൾ

ജാലകപ്പഴുതിലൂടൊരു നേർത്ത
കുളിരായ് അവളെന്നെ തലോടി
മണ്ണിലാഴ്ന്നിറങ്ങിയ കണങ്ങളെന്നിൽ
ആദ്യ മഴ ഗന്ധത്തിന്റെ ലഹരി പടർത്തി

ഒടുവിൽ നിറയെ സ്വപ്നങ്ങളെന്റെ
മിഴികളിൽ നിറച്ചവൾ ഒരു പുലർ
വെളിച്ച കീറിലെങ്ങോ മാഞ്ഞുപ്പോയ്

ഇനിയും വരുമവൾ
എന്റെ മനം പോലെ പെയ്തിറങ്ങാൻ
തുള്ളികൾ കൊണ്ടെന്റെ
ഹൃദയത്തെയെന്നപ്പോൽ ഭൂമിയുടെ
ഊഷ്ണതയെ തണുപ്പിക്കുവാൻ
കാത്തിരിപ്പിന്റെ കടവിൽ
അവൾക്കായ് എന്റെ മിഴികളുണ്ട്.

**ഫഹീമ**
**അറബിക്**

# വിജയത്തിന്റെ വിസിൽ

## Annual Sports meet 2023-24

ബി.എഡി ന്റെ മടുപ്പിക്കുന്ന ലെസ്സൺ പ്ലാനുകൾക്കും ടാസ്ക്കുകൾക്കും ഇടയിൽ വളരെ കൗതുകത്തോടെ കാത്തിരുന്ന മാമാങ്കം തന്നെയായിരുന്നു ജാമിഅയിലെ സ്പോർട്സും ആർട്സും. ഞെരുക്കപ്പെട്ട സമയങ്ങൾക്കിടയിൽ ഓരോ പ്രവർത്തനങ്ങളുമായി തലങ്ങും വിലങ്ങും ഓടി നടക്കുമ്പോൾ മനസ്സിലിങ്ങനെ ഒരു നെഗറ്റീവ് വൈബ് "ഇവിടുത്തെ സ്പോർട്സും ആർട്സും ഒക്കെ കണക്കായിരിക്കും".

സീനിയേഴ്സിന്റെ അധികാരമോ ആർപ്പുവിളികളോ ഇല്ലാത്ത വരാന്തകളും ക്ലാസ് മുറികളും ഞങ്ങളാൽ തിങ്ങി നിറഞ്ഞിരുന്നു. അധ്യാപക പരിശീലനത്തിന് ശേഷം അവർ വന്നെത്തി. ആര്? 'നുമ്മടെ സീനിയേഴ്സ്'. സത്യം പറഞ്ഞാൽ അവർ വന്നതിനുശേഷമാണ് ഞങ്ങൾ "പഠനമുറികളിൽ നിന്ന് അരങ്ങത്തേക്ക്" മാറ്റപ്പെട്ടത്.

പെട്ടെന്ന് തന്നെ സ്പോർട്സിനും ആർട്സിനും തീയതികൾ കുറിക്കപ്പെട്ടു. എല്ലാവരിലും മടുപ്പ്.., ഇവിടെ എന്ത് സ്പോർട്സ്, എന്ത് ആർട്സ്. അതും ഇത്രയും നൂലാമാലകൾ(റെക്കോർഡ്, ലെസൺ പ്ലാൻ, സെമിനാർ)ക്കിടയിൽ എന്നിങ്ങനെ നാനാവിധം അശരീരികൾ. ഇടിവെട്ടിയവനെ പാമ്പ് കടിച്ചു എന്നപോലെ യെല്ലോ ഹൗസിന്റെ ക്യാപ്റ്റൻസി ദേ എന്റെ തലയിൽ. പരിചിതരല്ലാത്ത സീനിയേഴ്സ്... ഇന്നേവരെ ഏറ്റെടുക്കാത്ത ക്യാപ്റ്റൻസി എന്ന സ്ഥാനം... ആകെ ഒരു മന്ദത. 'ഇത് വല്ലതും നടക്കുമോ' പോരാത്തതിന് തോൽവികളിൽ പേരുകേട്ട യെല്ലോ ഹൗസ്...

പക്ഷേ കൂടെ നിൽക്കാൻ, ശക്തി പകരാൻ, ഏറെ പേരുണ്ടായിരുന്നു. സഹ ക്യാപ്റ്റൻ മാസിൻ, സുഹൃത്തുക്കളായ ആസിഫ്,മുർഷി റെന്ന,ഗായത്രി,ലുബാബ..... സീനിയേഴ്സായ ആദിൽ, മുഹമ്മദ് അലി ,ദിൽന ,പ്രവിശ....എല്ലാവരും ഒരേ സ്വരത്തിൽ പറഞ്ഞു കൂടെ ഞങ്ങളുണ്ട്. അങ്ങനെ ഞാനും എന്റെ മനസ്സിനെ ക്യാപ്റ്റൻസി സ്ഥാനത്തേക്ക് പൊരുത്തപ്പെടുത്തി. തുടർച്ചയായ യെല്ലോ ഹൗസിന്റെ പരാജയം എന്ന പേര് മാറ്റിയെടുക്കണമെന്ന് ഉള്ളിലിരുന്ന് ആരോ വാശി പിടിക്കും പോലെ.

അങ്ങനെ ആ ദിനം വന്നെത്തി. ഫെബ്രുവരി 2,3 എന്റെ സുഹൃത്തും സഹപാഠിയുമായ അഫ്നാനയുടെ ഉപ്പ അബ്ദുസ്സലാം കണ്ണിയൻ സ്പോർട്സ് മീറ്റിന് തിരി കൊളുത്തി. ആദ്യത്തെ മത്സരയിനം മാർച്ച് പാസ്റ്റ് ആയിരുന്നു. മാർച്ച് പാസ്റ്റിനായി തയ്യാറായപ്പോൾ ഞാൻ ഒന്നേ പറഞ്ഞുള്ളൂ,"ഇവിടെ മുതൽ ഈ വരി പോലെ നിര പോലെ ഒരുമിച്ച് നാം ഈ വർഷത്തെ കപ്പ് നേടിയെടുക്കും. ഓരോ മത്സരയിനങ്ങളും കടുത്തതായിരുന്നു.200 കുട്ടികൾ മാത്രമുള്ള ഈ സ്ഥാപനത്തിൽ ഒരു കുട്ടിക്ക് തന്നെ നാല് ഇനങ്ങളിൽ തുടർച്ചയായി മത്സരിക്കേണ്ടതായി വന്നു. എല്ലായിടങ്ങളിലും മത്സരിച്ച് വിജയം കൈവരിക്കുക എന്നത് എന്നെ സംബന്ധിച്ച് ഏറെ പ്രയാസകരമായിരുന്നു. എന്നാൽ എല്ലായിടത്തും ഞങ്ങളുടെ മത്സരാർത്ഥികൾക്ക് കരുത്ത് പകരാൻ എനിക്കും സഹ ക്യാപ്റ്റനും എന്റെ ടീം അംഗങ്ങൾക്കും കഴിഞ്ഞു എന്നത് തന്നെ ഏറെ സന്തോഷകരമാണ്.

നിറത്തിന്റെ അടിസ്ഥാനത്തിൽ ഒരു വ്യക്തിയുടെ കഴിവിനെയും വ്യക്തിത്വത്തിനെയും അളക്കുന്നതിനോട് എനിക്ക് യോജിപ്പില്ല.

Subani P
English



ഒരു സമയത്ത് പോയിന്റ് പട്ടികയുടെ മുൻപിൽ എത്തിയ ഞങ്ങൾക്ക് മറ്റു ഗ്രൂപ്പുകളുമായി ഇഞ്ചോടിഞ്ച് മത്സരമായിരുന്നു എങ്കിൽ പോലും ഒന്നാം സ്ഥാനം വിട്ടുകൊടുക്കാൻ ഞങ്ങൾ തയ്യാറായിരുന്നില്ല. ആദ്യ ദിനം സമാപിച്ചപ്പോൾ ഞങ്ങൾ തന്നെ ഒന്നാമത്. രണ്ടാം ദിനം ഏറെ കടമ്പകൾ നിറഞ്ഞതായിരുന്നു ആദ്യം നടന്ന മൂന്ന് നാലിനങ്ങളിൽ ഞങ്ങൾ പരാജയം നേരിട്ടു. എന്നിരുന്നാലും പ്രതീക്ഷകൾ കൈവിടാൻ ഞങ്ങൾ ഒരുക്കമായിരുന്നില്ല. അങ്ങനെ അഞ്ചാമത്തെ ഇനമായ പെൺകുട്ടികളുടെ ബാഡ്മിന്റൺ മത്സരത്തിൽ ഞങ്ങൾ പൊരുതി വിജയം നേടിയെടുത്തു. ബോയ്സിന്റെ മത്സരങ്ങളിലും ടീമിനായി ആൺകുട്ടികൾ നല്ല പോയിന്റുകൾ തന്നെ നേടിത്തന്നു.

ഉച്ചയ്ക്കത്തെ കോളേജ് യൂണിയൻ വക ബിരിയാണി ഏറെ രുചികരമായിരുന്നുവെങ്കിലും ക്ഷീണം കാരണം ഒന്നും ഇറങ്ങാത്ത അവസ്ഥ. ഉച്ചയ്ക്ക് ശേഷം ഏതാനും ചില നിർണായക മത്സരങ്ങൾ... അവ കൈവിട്ടാൽ കപ്പ് സ്വപ്നം മാത്രം എന്നുറപ്പിച്ചിരുന്നു ഞാൻ. അങ്ങനെ പെൺകുട്ടികളുടെ വടംവലി മത്സരം നടക്കുകയായി. എതിരാളികളും ശക്തർ തന്നെ. ആദ്യ റൗണ്ടിൽ ഞങ്ങൾ വിജയിച്ചു എന്നാൽ കുറെ പേർക്ക് പരിക്കുപറ്റി.പ്രിയ സുഹൃത്തുക്കളായ ആഷ്‌ലി , റീമ എന്നിവർക്ക് കൈകളിൽ പരിക്കുപറ്റി. അടുത്ത റൗണ്ട് മത്സരിക്കുവാൻ അവർക്ക് കഴിയില്ലെന്ന് എനിക്ക് തോന്നി. അവരോട് ഞാൻ പറഞ്ഞു, "വയ്യെങ്കിൽ വേണ്ട, ഇത്ര വരെ നമ്മൾ എത്തിയില്ലേ". പക്ഷേ എന്നെ അത്ഭുതപ്പെടുത്തിക്കൊണ്ട് അവർ അടുത്ത റൗണ്ടിൽ മത്സരിക്കുകയും വിജയം നേടിത്തരുകയും ചെയ്തു.

അവസാന അനൗൺസ്മെന്റ് " 87 പോയിന്റുമായി യെല്ലോ ഹൗസ് ഒന്നാം സ്ഥാനം നേടിയിരിക്കുന്നു". മധുരിതമായ വിജയം, കഠിനപ്രയത്നത്തിന്റെ, ഒത്തൊരുമയുടെ, വിജയം.

ജാമിഅഃ നദ്ഃവിയ്യയുടെ അഡ്മിനിസ്ട്രേറ്റർ അബൂബക്കർ സാഹിബിൽ നിന്നും ഞങ്ങൾ ടീം അംഗങ്ങൾ ട്രോഫി ഏറ്റുവാങ്ങി. രണ്ടു  ദിവസത്തെ കായിക മാമാങ്കങ്ങൾക്ക് വിരാമം കുറിച്ചു. രണ്ടു ദിവസത്തെ സ്പോർട്സ് മീറ്റിനായി അക്ഷീണം പ്രവർത്തിച്ച യൂണിയൻ ഭാരവാഹികൾ, അധ്യാപകർ, റിഫ്രെഷ്മെന്റിനായി ഓടിനടന്ന കൂട്ടുകാർ, പവലിയനുകളിൽ കൂട്ടിയിടക്കപ്പെട്ട സൗഹൃദങ്ങൾ, കമന്ററിയും മറ്റു പ്രവർത്തനങ്ങളുമായി സ്പോർട്സ് മീറ്റിന് മാറ്റുകൂട്ടിയവർ, വ്യക്തിഗത വിജയികളായവർ, എല്ലാത്തിലുമുപരി ഇതിനെല്ലാം മുന്നിൽ നിന്നു നയിച്ച ജനറൽ ക്യാപ്റ്റൻ ഷാമിൽ തുടങ്ങി എല്ലാവരിലും ഒരു പുഞ്ചിരി തങ്ങി നിന്നു. ഭംഗിയുള്ള ആശ്വാസത്തിന്റെ നിർവൃതിയുടെ പുഞ്ചിരി.

വരും വർഷങ്ങളിലും ഞെരുക്കങ്ങൾക്കിടയിൽ ആശ്വാസമേകുന്ന അത്രയേറെ ഭംഗിയുള്ള സ്പോർട്സ് മീറ്റിനായി കാത്തിരിക്കുന്നു.
ആശംസകളോടെ

**അർവ ഇസ്ഹാഖ്**
**സോഷ്യൽ സയൻസ്**



**O humanity! Indeed, We created you from a male and a female, and made you into peoples and tribes so that you may get to know one another. Surely the most noble of you in the sight of Allah is the most righteous among you. Allah is truly All-Knowing, All-Aware.**

**- 49:13**



I am against discriminating people on the basis of created judgements that leads to unnecessary hate

Fidha
English

# കൈപ്പേറിയ വഴികൾ



**ഹേ** മാനുഷ..............
കൈപ്പേറിയ കടലിലും അലയടിക്കുന്ന
തിരയിലും
കണ്ടില്ല ഞാനൊരു നുറുങ്ങുവെട്ടത്തെ.
പായുന്നിതാ... ഇന്നി... തീ... വണ്ടികൾ
എങ്ങോട്ടെന്നില്ലാത്ത ഭ്രാന്താലയങ്ങളിലേക്ക്.
നീ കണ്ടിട്ടും കാണാതെ പോയതെന്തോ
അത് നിന്നിൽ ഇന്ന് നിശബ്ദമായിരിക്കുന്നു.
പായുന്നു..... പായുന്നു.... പായുന്നു...
എങ്ങോട്ടെന്നില്ലാത്ത
പുതുപ്രാന്താലയങ്ങളിലേക്ക്.
എന്നിട്ടും നീ എന്ത് നേടി മനുഷ്യാ.....
പതിയെ നിനക്കിതാ..... ഇന്നീ നിമിഷം....
നഷ്ടമായിരിക്കുന്നു......
തലയ്ക്കുപിടിച്ച നവവിപ്ലവം ഇന്നിതാ.....
നിന്നെ ഒരു  ഭ്രാന്തനാക്കിയിരിക്കുന്നു.
നിന്നിൽ ഇന്നിതാ..... അവശേഷിക്കുന്നില്ല....
പുതു ലോകത്തിൻ നന്മകൾ.
നീ വെട്ടുകയാണ്.....   പുതു ലോകത്തിൻ
കൈപ്പേറിയ വഴികൾ......

**നവ്യ ബാബു. കെ**
**സോഷ്യൽ സയൻസ്**

# ഫലസ്തീൻ ഇസ്രായേൽ സംഘർഷം ചരിത്രങ്ങളിലൂടെ



Choose people for their personality and character. Not for the melanin content in their skins.

Aquib Mohammed PP
English

"ബ്രിട്ടൻ ബ്രിട്ടീഷുകാരുടേതും ഫ്രാൻസ് ഫ്രാൻസുകാരുടേതും പോലെ ഫലസ്തീൻ ഫലസ്തീനികളുടേതാണ്" എന്ന മഹാത്മാഗാന്ധിയുടെ വാക്കുകൾ വിശ്രുതമാണ്.

അതിനർഥം ഫലസ്തീൻ പ്രദേശത്ത് ഇപ്പോൾ ജീവിച്ചു കൊണ്ടിരിക്കുന്ന എല്ലാവരും (മുസ്ലിം / ക്രിസ്ത്യൻ, ജൂത ) വിഭാഗങ്ങളെല്ലാം തുടർന്നും ഏകോദര സഹോദരങ്ങളെപ്പോലെ ജീവിക്കണം എന്നത്രെ.

എന്നാൽ ഫലസ്തീൻ എന്ന സ്വതന്ത്ര അറബ് രാഷ്ട്രത്തിൽ കടന്നു കയറി യഹൂദർ മാത്രം അധിവസിക്കുന്ന ഒരു വംശീയ രാജ്യം നിർമിക്കാൻ സാമ്രാജ്യത്വ ശക്തികൾക്കുള്ള ചേതോവികാരം എന്തായിരുന്നു?
മുൻ അമേരിക്കൻ പ്രസിഡണ്ട് ഐസനോവറിന്റെ ഈ പ്രഖ്യാപനത്തിൽ നിന്ന് അത് മനസ്സിലാക്കാം: "ലോകത്തെ പെട്രോളിയം ഖനികളുടെ മൂന്നിൽ രണ്ടും മധ്യപൗരസ്ത്യ ദേശത്താണ്. യൂറോപ്പിന്റെയും ഏഷ്യയുടെയും ആഫ്രിക്കയുടെയും പെട്രോളിയം ആവശ്യങ്ങൾ അത് പൂർത്തീകരിക്കും"

ഇനി സിയോണിസ്റ്റ് താത്വികാചാര്യന്മാരിൽപ്പെട്ട നാഹം ഗോൾഡ്മാൻ പറയുന്നത് കേൾക്കുക: "യഹൂദർക്ക് രാഷ്ട്രം സ്ഥാപിക്കാൻ ഉഗാണ്ടയിലോ മറ്റോ സ്ഥലം കരസ്ഥമാക്കുക സാധ്യമായിരുന്നു. പക്ഷെ ഫലസ്തീനല്ലാതെ മറ്റൊരു നാടും അവർക്കാവശ്യമില്ലായിരുന്നു.  മത / ചരിത്ര / പരിഗണനകൾകൊണ്ടോ തോറയിൽ ഫലസ്തീനെക്കുറിച്ച പരാമർശമുള്ളതുകൊണ്ടോ ആയിരുന്നില്ല ഇത്. പ്രത്യുത യൂറോപിന്റെയും ഏഷ്യയുടെയും ആഫ്രിക്കയുടെയും ഇടക്കുള്ള പാതകളുടെ സംഗമസ്ഥാനവും ലോക രാഷ്ട്രീയത്തെ സ്വാധീനിക്കാനും ലോകാധിപത്യം നേടാനുമുതകുന്ന തന്ത്രപ്രധാനമായ പ്രദേശവുമാണ് ഫലസ്തീൻ എന്നതായിരുന്നു കാരണം "

